പതിനഞ്ചാം കേരള നിയമസഭ

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി

(2021-23)

ഒന്നാമത് റിപ്പോർട്ട്

(2022 മാർച്ച് മാസം 16 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2022

പതിനഞ്ചാം കേരള നിയമസഭ

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി

(2021-23)

ഒന്നാമത് റിപ്പോർട്ട്

കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ഇക്കണോമിക് സെക്ടർ) 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ കൃഷി, ജലസേചന വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്:

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	:	v
മുഖവുര	:	vii
റിപ്പോർട്ട്	:	1

അനുബന്ധം :

1. പ്രധാനപ്പെട്ട നിഗമനങ്ങളും/ ശിപാർശകളും 76.
2. ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി 85
3. എ. ജി. യുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നുള്ള അനുബന്ധം 116.

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി

(2021-23)

ഘടന

അദ്ധ്യക്ഷൻ:

ശ്രീ. സണ്ണി ജോസഫ്, ചെയർമാൻ

അംഗങ്ങൾ:

ശ്രീ. മഞ്ഞളാംകുഴി അലി

ഡോ. കെ. ടി. ജലീൽ

ശ്രീ. സി. എച്ച്. കുഞ്ഞമ്പു

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. എം. രാജഗോപാലൻ

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. പി. എസ്. സുപാൽ

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. എം. വിൻസെന്റ്

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

മുഖവുര

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ഇക്കണോമിക് സെക്ടർ) 2013 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ കൃഷി, ജലസേചന വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിന്മേൽ തയ്യാറാക്കിയ സമിതി (2021-23) യുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ഇക്കണോമിക് സെക്ടർ) 2013 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 08.07.2014-ാം തീയതി സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി.

2022 മാർച്ച് മാസം 11-ാം തീയതി ചേർന്ന സമിതിയോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)-നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

സണ്ണി ജോസഫ്,

അദ്ധ്യക്ഷൻ,

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി

തിരുവനന്തപുരം

2022 മാർച്ച് ..16

റിപ്പോർട്ട്
കൃഷി, ജലസേചനം വകുപ്പ്

കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2013 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ഇക്കണോമിക് സെക്ടർ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക (2.2.1- 2.2.7.1)

2.2. കുട്ടനാട് വികസന പാക്കേജിന്റെ നടപ്പാക്കൽ

2.2.1 ആമുഖം

കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ ഉൾപ്പെടുന്ന ഭൂമിശാസ്ത്ര മേഖലയായ കുട്ടനാട്, തെക്ക് കായംകുളം കായൽ മുതൽ വടക്ക് കൊച്ചി വരെ നീണ്ടു കിടക്കുന്ന വേമ്പനാട് ചതുപ്പ് പ്രദേശത്തിന്റെ നാല് നദികളായ പമ്പ, അച്ചൻകോവിൽ, മണിമല, മീനച്ചിൽ എന്നിവയുടെ വെള്ളപ്പൊക്ക പ്രദേശം ഫ്ലഡ് പ്ലെയിനുകൾ[1] കൂടി ചേരുന്നതാണ്. അതിന്റെ വെള്ളപ്പൊക്ക പ്രദേശം സമുദ്ര നിരപ്പിന് താഴെ വെള്ളം കെട്ടിക്കിടക്കുന്ന താഴ്ന്ന പ്രദേശം ഉൾക്കൊള്ളുന്നതാണ്. കുട്ടനാടിന്റെ ഭൂമിയിൽ ഒരു ഭാഗം നദികളുടെ എക്കലും മണ്ണും ചേർന്ന് കായലിൽ പ്രകൃതിദത്തമായി രൂപം കൊണ്ടതും മറ്റു ഭാഗങ്ങൾ വീണ്ടെടുക്കലിലൂടെ വികസിച്ചു വന്നതുമാണ് ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ കുട്ടനാടിന്റെ ഏകദേശം 57 ശതമാനം ആലപ്പുഴയിലും 30 ശതമാനം കോട്ടയത്തും 13 ശതമാനം പത്തനംതിട്ട ജില്ലയിലുമാണ്.



1 മുഖ്യമായും നദിയിലെ എക്കലുകൾ അടിഞ്ഞ് രൂപപ്പെട്ട നദിയോട് ചേർന്ന് വെള്ളപ്പൊക്കത്തിനു വിധേയമായ താഴ്ന്ന പ്രതലം.

കുട്ടനാട്. ഒരു കാലത്ത് 'കേരളത്തിന്റെ നെല്ലറ'യായാണ് കണക്കാക്കിയിരുന്നത്. സമുദ്രനിരപ്പിനു രണ്ട് മീറ്റർ താഴെ നെൽകൃഷി ചെയ്യുന്ന അതുല്യമായ കൃഷിരീതിയിലുള്ള സ്ഥലമാണ് കുട്ടനാട്. ഈ പ്രദേശത്തെ സമുദ്രനിരപ്പിനു താഴെയുള്ള കൃഷി ഒരു ഭാഗ്യപരീക്ഷണമാണ്. കാരണം ഒക്ടോബർ-നവംബർ മാസത്തെ വടക്കുകിഴക്കൻ കാലവർഷത്തെ വെള്ളപ്പൊക്കവും, വേനൽക്കാലത്തെ ലവണജലത്തിന്റെ വേലിയേറ്റം കാരണം ഉണ്ടാകുന്ന പ്രത്യാഘാതവും അവിടെ പുറത്തുള്ള ബണ്ടുകൾ പ്രകൃതിക്ഷോഭത്തിന്റെ ബുദ്ധിമുട്ടുകൾ കുറയ്ക്കാൻ പ്രധാന പങ്കുവഹിക്കുന്നുണ്ട്. നവംബർ 2002-ൽ ഈ പ്രദേശം രാംസർ[2] പ്രദേശമായി പ്രഖ്യാപിച്ചു.



പ്രകൃതി സമ്പത്ത് ഉണ്ടായിട്ടും ആലപ്പുഴ ജില്ലയിലെ ഉയർന്ന അനുപാതം ജനങ്ങളും ദാരിദ്ര്യത്തിലാണ് ജീവിക്കുന്നത്. അതുകാരണം ആന്ധ്രാപ്രദേശ്, കർണ്ണാടക, മഹാരാഷ്ട്ര, കേരളം എന്നീ സംസ്ഥാനങ്ങളിലെ 31 ജില്ലകളിലെ പ്രശ്നം ബാധിച്ച കർഷകർക്കായി'പ്രത്യേക പുനരധിവാസ 'പാക്കേജിനോ'-ടൊപ്പം കേരള സർക്കാരിന്റെയും ആ പ്രദേശത്തെ പാർലമെന്റംഗത്തിന്റെയും അപേക്ഷ അനുസരിച്ച് ആലപ്പുഴ, ഇടുക്കി ജില്ലകൾക്കായി ഒരു പ്രത്യേക പാക്കേജിന് ഇന്ത്യാ ഗവൺമെന്റ് (ജിഐഐ) അംഗീകാരം നൽകി (സെപ്റ്റംബർ 2006).

2 1971-ൽ ഇറാനിലെ റാംസറിൽ ഒപ്പുവച്ച കൺവെൻഷൻ ഓൺ വെറ്റ് ലാൻഡ് എന്ന അന്തർ സർക്കാർ കരാർ പ്രദാനം ചെയ്യുന്ന നീർപ്പാടങ്ങളുടേയും അതിലെ വിഭവങ്ങളുടേയും സംരക്ഷണത്തിനും ബുദ്ധിപരവുമായ വിനിയോഗത്തിനും വേണ്ടിയുള്ള ദേശീയ പ്രവർത്തനങ്ങൾക്കും അന്തർദേശീയ സഹകരണത്തിനുമുള്ള പ്രവർത്തന രൂപരേഖ.

ആലപ്പുഴ ജില്ലയിലെ സാമ്പത്തികവും പാരിസ്ഥിതികവുമായ പ്രശ്നങ്ങളും അതോടൊപ്പം കുട്ടനാട് തണ്ണീർത്തട ആവാസവ്യവസ്ഥയും (കെഡബ്ല്യൂഇ) മുഴുവനായും പഠിക്കുന്നതിന് ചെന്നൈയിലെ എംഎസ്സ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനെ[3] (എംഎസ്എസ്ആർഎഫ്) കൃഷി മന്ത്രാലയവും ഇന്ത്യൻ സർക്കാരും ഏർപ്പെടുത്തി (നവംബർ 2006). കെഡബ്ല്യൂഇയുടെ ശക്തിയായി നിലനിർത്താവുന്ന വികസനങ്ങൾ റിപ്പോർട്ട് ചെയ്യുവാനും, കെഡബ്ല്യൂഇയുടെ പാരിസ്ഥിതിക സുരക്ഷ ഊർജിതപ്പെടുത്തുന്നതിനു വേണ്ട നടപടികൾ പ്രത്യേക ശിപാർശകൾ നൽകുവാനും, ആ പ്രദേശത്തെ ഉപജീവന അവസരങ്ങൾ വർദ്ധിപ്പിക്കുവാനും നിലനിർത്തുന്നതിനും വേണ്ട കാര്യങ്ങൾ അറിയിക്കുവാനും എംഎസ്എസ്ആർഎഫിനോട് ആവശ്യപ്പെട്ടു. ₹1,840.75 കോടി മുടക്കുള്ള 15 ചെയ്തു തീർക്കേണ്ട ജോലികൾ[4] ശിപാർശ ചെയ്തുകൊണ്ട് ജിഐക്ക് എംഎസ്എസ്ആർഎഫ് റിപ്പോർട്ട് സമർപ്പിച്ചു. നിലവിലുള്ള പദ്ധതികൾ[5]ക്കുള്ളിലെ ഫണ്ടിംഗ് ക്രമത്തിൽ തന്നെ ബന്ധപ്പെട്ട മന്ത്രാലയം/വകുപ്പുകൾ വഴി എംഎസ്എസ്ആർഎഫ് നിർദ്ദേശിച്ച വിവിധ പരിപാടികൾ/ഇടപെടലുകൾ നടപ്പിലാക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി ജിഐ 'തത്വത്തിൽ' അംഗീകാരം നൽകി (ജൂലൈ 2008) ഒക്ടോബർ 2008 ൽ ജിഐ എംഎസ്എസ്ആർഎഫിന്റെ ശിപാർശകൾ നടപ്പിലാക്കുവാനുള്ള ഔപചാരികമായ ഉത്തരവ് പുറപ്പെടുവിച്ചു. സഹായധനം ലഭിക്കുന്നതിനായി കേരള സർക്കാർ വിവിധ പദ്ധതികൾ കണ്ടെത്തുകയും നിലവിലുള്ള കേന്ദ്ര പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ/നടപടി ക്രമങ്ങൾ അനുസരിച്ചുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ (ഡിപിആർ) രൂപീകരിക്കുകയും അത് ഇന്ത്യൻ സർക്കാരിന്റെ കീഴിലുള്ള ബന്ധപ്പെട്ട വകുപ്പുകൾ/മന്ത്രാലയങ്ങൾക്ക് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. കേരള സർക്കാരിന്റെ അംഗീകാരത്തോടെ തുക ലഭിക്കുന്നതിനായി നടപ്പിലാക്കുന്ന വകുപ്പുകൾ/ ഏജൻസികൾ തയ്യാറാക്കിയ ഡിപിആറുകൾ ജിഐയ്ക്ക് അയച്ചുകൊടുത്തു.

3 ഉചിതമായ പരിസ്ഥിതി-സാങ്കേതിക വിദ്യയിലൂടെയും വിജ്ഞാന ശാക്തീകരണത്തിലൂടെയും കാർഷിക-കാർഷികേതര ഉപജീവനമാർഗ്ഗങ്ങളെക്കുറിച്ച് ഗവേഷണത്തിനും വികസനത്തിനുമായി 1988-ൽ സ്ഥാപിച്ച ഒരു ലഭേച്ഛയില്ലാത്ത ഒരു ഗവേഷണ സംഘടനയാണ് എംഎസ്സ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ (എംഎസ്സ്എസ്സ്ആർഎഫ്).

4 പഠനത്തിന്റെ പ്രസ്താവിത ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടുക എന്ന കാര്യം മുന്നിൽ കണ്ട് പഠന വിധേയമായ സ്ഥലങ്ങളിൽ നടപ്പിലാക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ള നിശ്ചിത പദ്ധതികൾ/ഇടപെടലുകളാണ് ചെയ്തു തീർക്കേണ്ട ജോലികൾ.

5 രാഷ്ട്രീയ കൃഷി വികാസ് യോജന (ആർകെവിവൈ), ഫ്ലഡ് മാനേജ്മെന്റ് പ്രോഗ്രാം (എഫ്എംപി), സീഡ് വില്ലേജ് പ്രോഗ്രാം (എസ്.വി.പി.), അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് (ആത്മ) സ്കീം, നാളികേര വികസന ബോർഡ് (സിഡിബി), നാഷണൽ പ്രോജക്ട് ഫോർ കാറ്റിൽ ആന്റ് ബഫല്ലോ ബ്രീഡിങ്ങ് (എൻപിസിബി) സ്കീം, ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് സ്മോൾ റൂമിനന്റ് ആന്റ് റാബിറ്റ്സ് (ഐഡിഎസ്ആർആർ) സ്കീം, നാഷണൽ വെറ്റ് ലാൻഡ് കൺസർവേഷൻ പ്രോഗ്രാം (എൻഡബ്ല്യൂസിഎ), പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്സ് (റ്റിഎച്ച്എഫ്സി) ഡെവലപ്മെന്റ് ഓഫ് ഇൻലാൻഡ് അക്വാകൾച്ചർ ആന്റ് ഫിഷറീസ് (ഡിഐഎഫ്).

പാരിസ്ഥിതിക സംരക്ഷണം ഊർജ്ജിതപ്പെടുത്തുകയും, സുസ്ഥിര ഉപജീവന അവസരങ്ങൾ വർദ്ധിപ്പിക്കുക എന്നീ രണ്ട് വിഭാഗങ്ങളിലായി 15 ചെയ്തു തീർക്കേണ്ട ജോലികളെ തിരിക്കുകയും, അതിനായി യഥാക്രമം ₹335.50 കോടിയും ₹1,505.25 കോടിയും ചെലവ് എംഎസ്എസ്ആർഎഫ് നിർദ്ദേശിച്ചു. കൃഷിയുടെ സഹമന്ത്രി രാജ്യസഭയിൽ ഡിസംബർ 2008-ൽ അറിയിച്ചതനുസരിച്ച് ഈ പദ്ധതി അഞ്ച് വർഷം കൊണ്ട് നടപ്പിലാക്കേണ്ടതായിരുന്നു.



എഴുപത്തി അഞ്ച് ജോലികൾ (ഉപജോലികൾ ഉൾപ്പെടെ) 10 വകുപ്പുകളും[6] 11 ബന്ധപ്പെട്ട ഏജൻസികളും[7] നടപ്പിലാക്കിവരുന്നു. ഫെബ്രുവരി 2014-ൽ അനുവദിച്ച മൊത്തം തുകയും യഥാർത്ഥ ചെലവും യഥാക്രമം ₹1,261.31 കോടിയും ₹314.43 കോടിയും ആണ്.

2.2.2 ഓഡിറ്റിന്റെ വ്യാപ്തി

2009-10 മുതൽ 2012-13 വരെയുള്ള കാലയളവ് ഉൾക്കൊള്ളുന്ന കാര്യക്ഷമതാ ഓഡിറ്റ് ഫെബ്രുവരി 2013 മുതൽ സെപ്റ്റംബർ 2013 വരെ നടത്തി. വിവിധ വകുപ്പുകളും ഏജൻസികളും 2013 മാർച്ച് 31 വരെ നടപ്പിലാക്കിയ കുട്ടനാട് വികസന പാക്കേജിനായി (കെഡിപി) വഹിച്ച മുഴുവൻ ചെലവുകളുടെ 80 ശതമാനം ഉൾപ്പെടുന്ന 17 പദ്ധതികളുടെ രേഖകളുടെ സൂക്ഷ്മ പരിശോധന കാര്യക്ഷമതാ ഓഡിറ്റിൽപ്പെടുന്നു. സാമ്പ്ലിങ്ങിന് ഉപയോഗിച്ച മാനദണ്ഡം വിശദമായി അനുബന്ധം III ൽ വിശദീകരിച്ചിരിക്കുന്നു. കെഡിപിയുടെ വകയിരുത്തലുകളുടെ പ്രധാന പങ്ക് (82 ശതമാനം) ജലസേചന വകുപ്പിന് ആയതിനാൽ അതിന് കൂടുതൽ ഊന്നൽ കൊടുത്തു.

2.2.3 ഓഡിറ്റിന്റെ ഉദ്ദേശ്യങ്ങൾ

കാര്യക്ഷമതാ ഓഡിറ്റിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ താഴെ കൊടുത്തിരിക്കുന്നവയായിരുന്നു:

i. പദ്ധതിയുടെ ആസൂത്രണം ഫലപ്രദവും കാര്യക്ഷമവുമായിരുന്നോ;
ii. സാമ്പത്തിക നിയന്ത്രണം തൽസ്ഥാനത്തുണ്ടായിരുന്നുവോ എന്നും അത് മതിയായതും ഫലപ്രദവുമായിരുന്നോ ;
iii. കൃത്യനിർവ്വഹണത്തിന്റെ എല്ലാ ഘട്ടത്തിലും ചെലവും സമയവും അധികമാവാത്ത രീതിയിൽ പദ്ധതി നടത്തിപ്പ് മിതവ്യയവും ഫലപ്രദവുമായിരുന്നോ;
iv. കുട്ടനാടിലെ പാരിസ്ഥിതിക സുരക്ഷ ശക്തിപ്പെടുത്തുക, സുസ്ഥിര ഉപജീവന അവസരങ്ങൾ വികസിപ്പിക്കുക എന്നീ പ്രധാന ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിൽ ഉദ്ദേശിച്ച നേട്ടം കൈവരിച്ചുവോ എന്ന് പരിശോധിച്ചറിയുകയായിരുന്നു.

6 ജലസേചനം, കൃഷി, മത്സ്യബന്ധനം, മണ്ണ് സംരക്ഷണവും സർവ്വേയും, മൃഗസംരക്ഷണം, വനം, തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യം, വിനോദസഞ്ചാരവും സാമൂഹികക്ഷേമവും.

7 കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെഐസിഒ), ഓണാട്ടുകര വികസന ഏജൻസി (ഓവിഎ),കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (കെഎസ്എസ്ഡിഎ), കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് (കെൽഡിബി), ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള (എഡിഎകെ), ഫിഷറീസ് റിസോർസസ് മാനേജ്മെന്റ് ഏജൻസി (ഫിർമ), കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് ലിമിറ്റഡ് (മത്സ്യഫെഡ്), കേരള കാർഷിക സർവ്വകലാശാല (കെഎയു), സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ മിഷൻ (എസ്എച്ച്എം), ശുചിത്വമിഷൻ, അശോക ട്രസ്റ്റ് ഫോർ റിസർച്ച് ഇൻ ഇക്കോളജി ആന്റ് ഇൻവൈറൻമെന്റ് (എറ്റിആർഇഇ).

2.2.4 ഓഡിറ്റ് മാനദണ്ഡം

താഴെ കൊടുത്തിരിക്കുന്ന രേഖകളിൽ നിന്നും ഉണ്ടാക്കിയ മാനദണ്ഡങ്ങൾ അനുസരിച്ചാണ് തെരഞ്ഞെടുത്ത പദ്ധതികളുടെ വിവിധ ഘടകങ്ങൾ നടപ്പാക്കിയതിനെ സംബന്ധിച്ച ഓഡിറ്റ് നടത്തിയത്.

i. എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ റിപ്പോർട്ട് ;
ii. പദ്ധതി ഫണ്ടിങ്ങിനായി ജിഐഐ പുറപ്പെടുവിച്ച മാർഗ്ഗരേഖകൾ/ നിർദ്ദേശങ്ങൾ;
iii. കെഡിപിയുമായി ബന്ധപ്പെട്ട് കേരള സർക്കാർ ഇറക്കിയ ഉത്തരവുകൾ;
iv. കേരള പബ്ലിക് വർക്ക്സ് അക്കൗണ്ട് കോഡ്, കേരള പബ്ലിക്ക് വർക്സ് ഡിപ്പാർട്ട്മെന്റൽ കോഡ്, പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിന്റെ മാന്വൽ;
v. അനുവദിച്ച ഡിപിആറുകൾ, അനുവദിച്ച അസ്സൽ/പുതുക്കിയ എസ്റ്റിമേറ്റുകൾ, പദ്ധതിയുടെ പ്രവർത്തനത്തിനുള്ള നിർദ്ദേശങ്ങളും;
vi. നടപ്പിലാക്കുന്ന വകുപ്പുകളും, കോൺട്രാക്ടർമാർ/ ഗുണഭോക്താക്കളും തമ്മിലുള്ള കരാറുകളും, രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും കേരള കാർഷിക സർവ്വകലാശാലയും തയ്യാറാക്കിയ ഗുണനിലവാര നിയന്ത്രണ റിപ്പോർട്ടും.

2.2.5 ഓഡിറ്റിന്റെ രീതി.

ഏപ്രിൽ 2013 ൽ ഓഡിറ്റ് ഉദ്ദേശങ്ങൾ വിശദീകരിച്ചു കൊണ്ട് ഉന്നതാധികാരികളുമായി ഒരു പ്രാരംഭ കൂടിക്കാഴ്ച, പദ്ധതികളുമായി ചേർന്ന നിരയിലുള്ള ഡിപ്പാർട്ട്മെന്റുകളും തെരഞ്ഞെടുത്ത യൂണിറ്റുകളുടെയും നിയന്ത്രണ ഓഫീസുകളിലെ രേഖകളുടെ സൂക്ഷ്മ പരിശോധന, ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനത്തിലെ ജീവനക്കാരുമായുള്ള പരസ്പര പ്രവർത്തനങ്ങൾ, ഓഡിറ്റ് മാനദണ്ഡങ്ങൾ അനുസരിച്ച് ഡാറ്റായുടെ വിശകലനം, ഓഡിറ്റിൽ ഉന്നയിക്കുന്ന ചോദ്യങ്ങൾ വകുപ്പ് അദ്ധ്യക്ഷൻമാരുമായി ഓഡിറ്റ് കണ്ടെത്തലുകൾ ചർച്ച ചെയ്തത് സർക്കാരിന് ഡ്രാഫ്റ്റ് കാര്യക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് നൽകുക എന്നിവയാണ് ഓഡിറ്റ് മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഓഡിറ്റ് ഉദ്ദേശങ്ങൾ കൈവരിക്കുവാനായി തെരഞ്ഞെടുത്ത രീതികൾ.

ജലവിഭവ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിവിധ അധികാരികളുമായും 29 ഏപ്രിൽ 2014-ൽ അവലോകനത്തെ സംബന്ധിച്ച അന്തിമ കൂടിക്കാഴ്ച നടത്തുകയും ഓഡിറ്റിന്റെ നിരീക്ഷണം ചർച്ച ചെയ്യുകയും ചെയ്തു. വകുപ്പധികാരികളുടെ അഭിപ്രായങ്ങൾ കണക്കിലെടുക്കുകയും റിപ്പോർട്ടിൽ ഉചിതമായ രീതിയിൽ ഉൾക്കൊള്ളിക്കുകയും ചെയ്തു.

2.2.6 കെഡിപി നടപ്പിലാക്കുന്നതിനുള്ള ഭരണനിർവ്വഹണ ഘടന



ജലസേചന വകുപ്പിനു മാത്രമായി കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയർ (സിഇ) തലവനായുള്ള ഒരു പ്രത്യേക വിഭാഗം രൂപീകരിച്ചു. സിഇയെ സഹായിക്കാൻ 371 ഉദ്യോഗസ്ഥരുമുണ്ടായിരുന്നു.

2.2.7 ഓഡിറ്റിന്റെ കണ്ടെത്തലുകൾ

ശിപാർശകളുടെ വിജയകരവും എളുപ്പവുമുള്ള നടത്തിപ്പിനു വേണ്ടി, എംഎസ്എസ്ആർഎഫ് വിവിധ പ്രവർത്തനങ്ങളെ പരസ്പരാശ്രിതമായ 15 ജോലികളായി തിരിച്ചു. എങ്കിലും ഇതിലെ ചില പ്രധാന ജോലികൾ നടപ്പിലാക്കുന്നതിൽ ജിഒകെ പരാജയപ്പെട്ടു. കെഡിപിയുടെ നടത്തിപ്പിലും ആസൂത്രണത്തിലും കണ്ടെത്തിയ പോരായ്മകൾ താഴെ തന്നിരിക്കുന്ന ഖണ്ഡികകളിൽ ചർച്ച ചെയ്യുന്നു:-

2.2.7.1 മുൻഗണന നിശ്ചയിച്ച/ശിപാർശ ചെയ്ത ജോലികളിൽ കാണിച്ച നിഷ്ക്രിയത്വം

പാരിസ്ഥിതിക സുരക്ഷ ശക്തിപ്പെടുത്തൽ

- ജൂലൈ 2013 വരെ ജോലി 1 ഉം 6 ഉം നടപ്പിലാക്കുന്നതിനുള്ള ഏജൻസികളെ കണ്ടെത്താത്തതിനാൽ ജിഐയുടെ അംഗീകാരം/അനുവാദം ലഭിക്കുന്നതിനുള്ള ആദ്യ നടപടികൾ പോലും പരാജയപ്പെട്ടു.
- ജോലി 2 അനുസരിച്ച് തണ്ണീർമുക്കം ബണ്ട് (ടിഎംബി), തോട്ടപ്പിള്ളി സ്പിൽവേ (ടിഎസ്ഡബ്ല്യൂ) എന്നിവയുടെ രണ്ട് ഡിപിആറുകൾ തയ്യാറാക്കി അയച്ചുകൊടുക്കുന്നതിൽ ജിഒകെ കാലതാമസം വരുത്തി. തൽഫലമായി പാരിസ്ഥിതികമായ പ്രാധാന്യമുള്ള ജോലിയായിട്ടും ജിഐയുടെ ജലവിഭവ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കാൻ കാത്തിരിക്കേണ്ടിവന്നു (ജൂലൈ 2013).
- ആലപ്പുഴ-ചങ്ങനാശ്ശേരി (എസി) കനാലിന്റെ പൂർണ്ണമായ നിർമ്മാണത്തിന്റെ ഫേസ് I ന് ഉള്ള ടെന്റർ നടപടികൾ തീർപ്പാക്കിയില്ല. ബാക്കിയുള്ള ഫേസുകളിലെ ഡിപിആറുകൾക്ക് ഇനിയും അംഗീകാരം ലഭിക്കേണ്ടതുണ്ട് (ജൂലൈ 2013).
- ജോലി 2 ന്റെ ഭാഗമായ കായലിലെ[8] സിയും ഡിയും[9] ബ്ലോക്കുകൾ തമ്മിലും റാണിയും ചിത്തിരയും തമ്മിലുമുള്ള വീതി കൂടിയ നീർച്ചാൽ നിർമ്മിക്കുന്നതിനായി വശം സംരക്ഷിക്കുന്ന ചുമരുകളുടെ രൂപകല്പന പൂർത്തിയാകാത്തതിനാൽ പ്രധാന വെള്ളപ്പൊക്ക നിയന്ത്രണ നടപടികളുടെ പൂർത്തിയാക്കലിൽ കാലതാമസം ഉണ്ടായി.
- മലിനീകരണ നിയന്ത്രണ നടപടികളുടെ നടത്തിപ്പിനായിട്ടുള്ള ജോലി 3 ന്റെ ഡിപിആറുകൾ തയ്യാറാക്കാത്തതിനാൽ സസ്യങ്ങളുടെ പോഷകദ്രവ്യത്തിന്റെ അത്യധികമായ അളവ്, വലിയ തോതിലുള്ള ബാക്ടീരിയൻ കോളിഫോമുകൾ, കീടനാശിനികളുടെ അളവ്, പല സ്ഥലങ്ങളിലും ദുരിതപൂർണമായ വിധത്തിൽ സാന്ദ്രത കൂടിയ ലോഹങ്ങളുടെ മലിനീകരണം എന്നീ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായി.

---

8 തടാകം

9 സി, ഡി, റാണി, ചിത്തിര എന്നീ നാമങ്ങൾ കായലിൽ നിന്നും വീണ്ടെടുത്ത പാടശേഖരങ്ങൾ തിരിച്ചറിയാനുള്ളവയാണ്.

സുസ്ഥിരമായ ഉപജീവന അവസരങ്ങൾ വർദ്ധിപ്പിക്കൽ (കൃഷി അടിസ്ഥാനപ്പെടുത്തിയുള്ളത്)

- പരിസ്ഥിതിയുമായി ഇണങ്ങുന്ന കൃഷിപ്പണി, മറ്റ സാമ്പത്തിക പ്രവർത്തനങ്ങൾ ഉണ്ടാക്കുക, നിക്ഷേപം വർദ്ധിപ്പിക്കൽ, ജോലി അവസരങ്ങൾ നിർമ്മിക്കുക, കൃഷിയുടെ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക എന്നിവ പ്രോത്സാഹിപ്പിക്കുവാനുള്ള എംഎസ്എസ്ആർഎഫിന്റെ ശിപാർശകളിൽ പ്രധാന ജോലിയായിട്ടും കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയായി (മാർച്ച് 2014) ആയിട്ടും പ്രഖ്യാപിച്ചില്ല.
- കൃഷി വകുപ്പ് 2012 മേയ് മാസത്തിൽ ഒരു വിളവെട്ടപ്പ് കലണ്ടർ തയ്യാറാക്കിയെങ്കിലും എംഎസ്സ്എസ്സ്ആർഎഫ് റിപ്പോർട്ടിന്റെ ജോലി 9-ൽ ശിപാർശ ചെയ്ത രീതിയിൽ നവംബറിൽ പുഞ്ചവിള[10] വിതയ്ക്കുന്നതിനും ഫെബ്രുവരിയിൽ വിളവെട്ടപ്പ സുഗമമാക്കത്തക്കവണ്ണവും ടിഎംബി ഏറ്റവും വൈകി ഫെബ്രുവരിയിൽ ഉറക്കുവാൻ സഹായകമാകുന്ന രീതിയിലും 2013 ഒക്ടോബർ വരെ നടപ്പിലാക്കുവാൻ സാധിച്ചില്ല. ഇത്തരമൊരു കലണ്ടർ ടിഎംബിയെ കൂടുതൽ നാൾ തുറന്നിടാൻ സഹായിക്കുകയും അത് കുട്ടനാടിന്റെ പൊതുവായ പരിസ്ഥിതിയെ ശക്തിപ്പെടുത്തുകയും ചെയ്യും.

  തടാകത്തിലെ ജലത്തിന്റെ വ്യാപ്തി പുനരുദ്ധരിക്കുകയും ലവണത്വം, വെള്ളപ്പൊക്കം എന്നീ പ്രശ്നങ്ങളുടെ പരിഹാരവും മലിനീകരണ നിയന്ത്രണവും, മണ്ണൊലിക്കൽ തടയുക എന്നിവയെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു ഏകീകൃത പ്രവർത്തന പദ്ധതി തയ്യാറാക്കാൻ ഡയറക്ടർ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (സിഇഎസ്എസ്) നെ ഏൽപിച്ചു എന്ന് രണ്ട് വിഭാഗങ്ങളിലും ഏറ്റെടുക്കാത്ത ജോലികളെ കുറിച്ച് സെക്രട്ടറി (കൃഷി വകുപ്പ്) പ്രസ്താവിച്ചു (ഒക്ടോബർ 2013). പുറമേയുള്ള ബണ്ടുകൾ ശക്തിപ്പെടുത്തിയതിനു ശേഷം മാത്രമേ ഒരു പരിപൂർണ വിളവു കലണ്ടർ ആവശ്യപ്പെടുവാൻ സാധിക്കുകയുള്ളൂ എന്നും കൂടി പ്രസ്താവിച്ചു.

മേൽപ്പറഞ്ഞ പ്രധാന ജോലികൾ നടപ്പാക്കുന്നതിൽ കാര്യക്ഷമമായ നടപടികൾ എടുക്കുന്നതിൽ പരാജയപ്പെട്ടതിനാൽ പരിസ്ഥിതി സംരക്ഷണം ശക്തിപ്പെടുത്തുക സുസ്ഥിരമായ ഉപജീവന അവസരങ്ങൾ വർദ്ധിപ്പിക്കുക എന്നീ ഉദ്ദേശ്യങ്ങൾ നേടുന്നതിൽ കാലതാമസം വന്നു.

---

10 കുട്ടനാട്ടിൽ നവംബർ മുതൽ ഫെബ്രുവരി വരെ ഏറ്റവും വിശാലമായ പ്രദേശത്ത് വളരുന്ന നെൽകൃഷിയാണ് പുഞ്ചവിള.

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

15.05.2019, 24.07.2019 എന്നീ യോഗങ്ങളിൽ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള സംസ്ഥാന രൂപീകരണത്തിനുശേഷമുള്ള ഏറ്റവും ബൃഹത്തായ പദ്ധതിയാണ് കുട്ടനാട് വികസന പാക്കേജെന്നും കേന്ദ്ര സർക്കാരിൽ നിന്നും നല്ലൊരു തുക അനുവദിച്ചെങ്കിലും സാങ്കേതികവും അല്ലാത്തതുമായ വിവിധ കാരണങ്ങളാൽ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനോ ഗുണഫലം അനുഭവവേദ്യമാക്കാനോ കഴിഞ്ഞിട്ടില്ലെന്നും സമീപകാലത്തൊന്നും ഇത്രയും ബൃഹത്തായ ഒരു പ്രോജക്ട് സംസ്ഥാനത്തിന് ലഭിച്ചിട്ടില്ലെന്നും സമിതി ചെയർമാൻ ആമുഖമായി ചൂണ്ടിക്കാട്ടി. കുട്ടനാട് പാക്കേജിൽ ശിപാർശ ചെയ്യപ്പെട്ട ജോലികളിൽ ജൂലൈ 2013 വരെ, ജോലി 1ഉം 6ഉം നടപ്പിലാക്കുന്നതിനുള്ള ഏജൻസികളെ കണ്ടെത്തിയില്ലെന്നും, ജോലി 2-ലുൾപ്പെട്ട തണ്ണീർമുക്കം ബണ്ടിന്റെയും, തോട്ടപ്പള്ളി സ്പിൽവേയുടെയും ഡിപിആർ തയ്യാറാക്കാത്തതിനാൽ, കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കാൻ കാലതാമസമുണ്ടായതായും, ആലപ്പുഴ-ചങ്ങനാശ്ശേരി (എസി) കനാലിന്റെ പൂർണ്ണമായ നിർമ്മാണത്തിന്റെ ഒന്നാംഘട്ടത്തിലെ ടെണ്ടർ നടപടികൾ തീർപ്പാക്കിയില്ലെന്നും, ബാക്കിയുള്ള ഘട്ടങ്ങളിലെ ഡിപിആറുകൾക്ക് ഇനിയും അംഗീകാരം ലഭിക്കേണ്ടതുണ്ടെന്നും, ജോലി 2ന്റെ ഭാഗമായ കായലിലെ സിയും ഡിയും ബ്ലോക്കുകൾ തമ്മിലും റാണിയും ചിത്തിരയും തമ്മിലും വീതി കൂടിയ നീർച്ചാൽ നിർമ്മിക്കുന്നതിനായി വശം സംരക്ഷിക്കുന്ന ചുമരുകളുടെ രൂപകല്പന പൂർത്തിയാകാത്തതിനാൽ പ്രധാന വെള്ളപ്പൊക്ക നിയന്ത്രണ നടപടികളുടെ പൂർത്തിയാക്കലിൽ കാലതാമസം ഉണ്ടായതായും, മലിനീകരണ നിയന്ത്രണ നടപടികളുടെ നടത്തിപ്പിനായുള്ള ജോലി 3ന്റെ ഡിപിആറുകൾ യഥാസമയം തയ്യാറാക്കാത്തതിനാൽ സസ്യങ്ങളുടെ പോഷകദ്രവ്യത്തിന്റെ അത്യധികമായ അളവ്, വലിയതോതിലുള്ള ബാക്ടീരിയൻ കോളിഫോമുകൾ, കീടനാശിനികളുടെ അളവിലുള്ള വർദ്ധനവ്, സാന്ദ്രത കൂടിയ ലോഹങ്ങൾ മൂലമുള്ള മലിനീകരണം എന്നീ പാരിസ്ഥിതിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം തുടങ്ങിയവയുമായി ബന്ധപ്പെട്ട് ആഡിറ്റ് പരാമർശങ്ങൾ ഉള്ളതായി സമിതി ചൂണ്ടിക്കാട്ടി.

2. പ്രോജക്ടിന്റെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞതിന് മറുപടിയായി നെടുമുടി പഞ്ചായത്തിൽ പാടശേഖരങ്ങൾക്കായി കെൽ-I, കായൽ പാടശേഖരങ്ങൾക്കായി കെൽ-II, അപ്പർകുട്ടനാട്ടിലെ പാടശേഖരങ്ങൾക്കായി കെൽ-III, ഓണാട്ടുകര പാടശേഖരങ്ങൾക്കായി കെൽ-IV എന്നീ നാല് പ്രോജക്ടുകൾക്കാണ് കേന്ദ്രസർക്കാരിൽ നിന്നും ജലവിഭവവകുപ്പിന് അംഗീകാരം ലഭിച്ചിട്ടുള്ളതെന്നും കെൽ ഒന്നും രണ്ടും പദ്ധതികൾ 2016-ൽ പൂർത്തീകരിച്ചതായും കെൽ-III ന്റെയും IV ന്റെയും അംഗീകാരം ലഭിച്ച ഘടകങ്ങളെല്ലാം അടുത്ത രണ്ട് മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്നും, പ്രസ്തുത പദ്ധതികൾ 2013-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു എന്നും, കെൽ ഒന്നും രണ്ടും പദ്ധതികൾ 2016-ൽ പൂർത്തീകരിച്ചതായും ചീഫ് എഞ്ചിനീയർ കുട്ടനാട് പാക്കേജ് സമിതിയെ അറിയിച്ചു. കെൽ-III ന്റെയും കെൽ IV ന്റെയും നിലവിലെ സ്ഥിതിയെന്തെന്ന് സമിതി ആരാഞ്ഞു. 2013-ൽ പാക്കേജ് ലാപ്സായെങ്കിലും ജലസേചനവകുപ്പിന്റെ ഫണ്ടുപയോഗിച്ച് പ്രോജക്ട് തുടരുന്നുണ്ടെന്നും, പാക്കേജ് 2013-ൽ അവസാനിപ്പിച്ചതായി രേഖകളിലുണ്ടെങ്കിലും കേന്ദ്രഗവൺമെന്റിൽ നിന്നും അംഗീകാരം ലഭിക്കുന്നതനുസരിച്ച് പദ്ധതി ചെയ്യുന്നുണ്ടെന്നും, ജലവിഭവവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. 2013-ൽ പ്രോജക്ട് അവസാനിപ്പിച്ചതിനുശേഷവും അനുവദിച്ച തുക ജലവിഭവവകുപ്പിന്റെ അക്കൗണ്ടിൽ ഉണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് നിലവിൽ റീ-ഇംബേഴ്സ്മെന്റ് രീതിയാണ് ഉള്ളതെന്ന് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. നിലവിൽ പ്രോജക്ട് കോ-ഓർഡിനേറ്റർ ഇല്ലെന്നും നേരത്തെ ചുമതലപ്പെടുത്തിയ ജോലികൾ അതത് വകുപ്പുകൾ ചെയ്യുന്നുണ്ടെന്നും സമിതി വിലയിരുത്തി.

3. നിലവിൽ കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, പ്രോജക്ട് പൂർത്തീകരിച്ചാൽ റീ-ഇംബേഴ്സ് ചെയ്തു കിട്ടുമെന്നും, 2017 മാർച്ച് വരെയുള്ള തുക ലഭിച്ചതായും കെൽ-I ന് 24.70 കോടി രൂപ ചെലവായതായും അതിൽ 11.20 കോടി രൂപ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചതാണെന്നും, 118.91 കോടി രൂപ പദ്ധതി തുകയ്ക്ക് അംഗീകാരം ലഭിച്ച കെ.ഇ.എൽ II ന് 65.76 കോടി രൂപയും, കെ.ഇ.എൽ III ന് 49.64 കോടി രൂപയും, കെ.ഇ.എൽ IV ന് 11.25 കോടി രൂപയും നാളിതുവരെ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചതായും ചീഫ് എഞ്ചിനീയർ കുട്ടനാട് പാക്കേജ് സമിതിയെ അറിയിച്ചു.

4. 253 കോടിയുടെ തണ്ണീർമുക്കം പ്രോജക്ടിന് കേന്ദ്ര ജലകമ്മീഷന്റെയും, ജലവിഭവമന്ത്രാലയത്തിന്റെയും അനുമതി ലഭിച്ചുവെങ്കിലും, ഇന്റർ മിനിസ്റ്റീരിയൽ കമ്മിറ്റി

ഇതുവരെ അംഗീകാരം തന്നിട്ടില്ലെന്നും, 1120 കോടി രൂപയുടെ കുട്ടനാട് താലൂക്കിലെ പാടശേഖരങ്ങളുടെ പദ്ധതിയുണ്ടായിരുന്നെന്നും അത്രയും തുകയ്ക്കുള്ള പുതുക്കിയ ഭരണാനുമതി ഉത്തരവ് സംസ്ഥാന സർക്കാർ കൊടുക്കണമെന്ന വ്യവസ്ഥ, ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതുകൊണ്ട് അംഗീകരിക്കാത്തതിനാൽ, ടി പദ്ധതി കേന്ദ്ര ജലകമ്മീഷൻ അംഗീകരിച്ചില്ലെന്നും ചീഫ് എഞ്ചിനീയർ സമിതിയിൽ ബോധിപ്പിച്ചു. കേന്ദ്രസർക്കാരിൽ നിന്നും ആകെ ലഭിക്കുമായിരുന്ന 1518 കോടി രൂപയിൽ 1173 കോടി രൂപ അനുമതി കിട്ടാതെ ലാപ്സായതായി സമിതി മനസ്സിലാക്കി. കെ.ഇ.ഇൽ I ന് 24.70 കോടി രൂപയും കെ.ഇ.ഇൽ II ന് 118.91 കോടി രൂപയും, കെ.ഇ.ഇൽ III-ന് 116.18 കോടി രൂപയും, കെ.ഇ.ഇൽ IV ന് 30 കോടി രൂപയുമാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയതെന്ന് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

5. പദ്ധതി അവസാനിപ്പിക്കാൻ പ്രോസ്പിരിറ്റി കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, പ്രോസ്പിരിറ്റി കൗൺസിൽ യോഗം ചേരുകയോ പ്രോജക്ട് അവസാനിപ്പിക്കാൻ തീരുമാനമെടുകയോ ചെയ്തിട്ടില്ലെന്നും എ.സി. കനാലിനും തണ്ണീർമുക്കം ബണ്ടിനും കേന്ദ്രസർക്കാർ അനുമതി ലഭിക്കുന്നില്ലെങ്കിൽപോലും സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കണമെന്നതാണ് പത്താമത്തെ പ്രോസ്പിരിറ്റി കൗൺസിലിന്റെ തീരുമാനം എന്നും ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ് വ്യക്തമാക്കി. എ.സി കനാലിന്റെയും തണ്ണീർമുക്കം ബണ്ടിന്റെയും പ്രവൃത്തികൾ അനന്തമായി നീട്ടി കൊണ്ടുപോകാതെ എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. കേന്ദ്രസർക്കാരിന്റെ അംഗീകാരം കിട്ടാതെ തന്നെ തണ്ണീർമുക്കം ബണ്ടിന്റെ പണി തുടങ്ങിയിരുന്നെന്നും, ആയത് ഉടൻ തന്നെ പൂർത്തിയാക്കുമെന്നും, കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളുടെ ഡി.പി.ആർ. കൊടുത്തെങ്കിലും ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ അതിന്റെ പുതുക്കിയ ഭരണാനുമതി ഉത്തരവ് സംസ്ഥാന സർക്കാർ കൊടുത്താൽ മാത്രമേ അംഗീകരിക്കുവെന്ന നിലപാട് സ്വീകരിച്ചതിനാൽ അത് മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ലായെന്ന് ചീഫ് എഞ്ചിനീയർ സമിതിയെ ബോധിപ്പിച്ചു. 2013 ൽ ഡി.പി.ആർ. തയ്യാറാക്കുമ്പോൾ 712 കോടി രൂപയായിരുന്നു പദ്ധതി ചെലവെന്നും 2016-ൽ പുതുക്കിയതിന് ശേഷം പദ്ധതി ചെലവ് 1120 കോടി രൂപയായിയെന്നും ചീഫ് എഞ്ചിനീയർ തുടർന്നറിയിച്ചു. കൃത്യ സമയത്ത് പ്രോജക്ട് പൂർത്തിയാക്കാത്തതുകൊണ്ട്

400 കോടി രൂപയിലധികം തുകയുടെ നഷ്ടം സംസ്ഥാനസർക്കാരിനുണ്ടായതായി സമിതി വിലയിരുത്തി. ഡി.പി.ആർ. തയ്യാറാക്കുന്നതിലുണ്ടായ കാലതാമസം, പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസികളെ നിർണ്ണയിക്കുന്നതിനുള്ള കാലതാമസം, എന്നിവയാണ് ആഡിറ്റ് നിരീക്ഷണമെന്നും 2011 ആയപ്പോഴേയ്ക്കും ആകെ പദ്ധതി ചെലവിന്റെ 60% റിവൈസ്ഡ് തുക കൂടിയെന്നും, ഒന്നോ രണ്ടോ വർഷമാകുമ്പോൾ ഉണ്ടാകുന്ന റിവിഷൻ തുകയും, എട്ടും പത്തും വർഷമാകുമ്പോഴുള്ള റിവിഷൻ തുകയും തമ്മിൽ വളരെ അന്തരമുണ്ടാകുമെന്നും സമിതി നിരീക്ഷിച്ചു.

6. 2008 ൽ പദ്ധതിയ്ക്ക് അനുമതി നൽകുമ്പോൾ തത്വത്തിൽ കരാർ മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും പ്രവൃത്തിപഥത്തിൽ എത്തിയശേഷം പദ്ധതി നടത്തിപ്പിൽ 2010 നും 2013 നും ഇടയിൽ ഉണ്ടായിട്ടുള്ള കാലതാമസം വളരെ വലുതാണെന്നും, ഇതു സംബന്ധിച്ച് അന്ന് ചുമതലയുണ്ടായിരുന്ന ജലവിഭവവകുപ്പ് സെക്രട്ടറി റിവ്യൂ മീറ്റിംഗ് വിളിച്ചിട്ടുണ്ടോയെന്നും, ഇതു സംബന്ധിച്ച് എന്തെങ്കിലും രേഖകൾ കൈവശമുണ്ടോ എന്നും സമിതി ആരാഞ്ഞു.

7. 2010 മുതൽ 2013 വരെയുള്ള വർഷങ്ങളിൽ പദ്ധതിയുടെ നിരീക്ഷണം നടന്നതായി കാണുന്നില്ലെന്നും, എ.ജി.യും അക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നും, ഓരോ വകുപ്പുകൾക്കും അനുവദിച്ചിരിക്കുന്ന ജോലികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പുകൾക്കുണ്ടെന്നും, പദ്ധതി ഫലപ്രാപ്തിയിലെത്തിക്കാൻ ചുമതലപ്പെട്ട ജലവിഭവ വകുപ്പിന്റെ ഭാഗത്ത് നിന്നും കൃത്യമായ മേൽനോട്ടമോ തുടർനടപടികളോ ഉണ്ടായിട്ടുള്ളതായി കാണുന്നില്ലെന്നും സമിതി നിരീക്ഷിച്ചു. വകുപ്പുതല യോഗങ്ങൾ നടത്തിയിട്ടുള്ളതായും, റിവ്യൂ മീറ്റിംഗിൽ എടുത്ത തീരുമാനങ്ങൾ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചതായും ജലവിഭവവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

8. ഒരു റിവ്യൂ മീറ്റിംഗിൽ എടുക്കുന്ന തീരുമാനം നടപ്പിലാക്കാതെ അതേ വിഷയം അടുത്ത മീറ്റിംഗിലെ അജണ്ടയിലും ഉൾപ്പെടുത്തിയിരിക്കുകയാണെന്നും, കാര്യക്ഷമമായ യോഗങ്ങൾ കൂടിയിട്ടില്ലെന്നും, യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് വകുപ്പിന്റെ ഭാഗത്തുനിന്നും ശ്രമമുണ്ടായില്ലെന്നും, ജലവിഭവവകുപ്പ് സെക്രട്ടറിയും കേന്ദ്രഗവൺമെന്റ് സെക്രട്ടറിയും സംയുക്ത യോഗം ചേരുകയോ ആശയവിനിമയം നടത്തുകയോ ചെയ്തതായി കാണുന്നില്ലെന്നും സമിതി വിലയിരുത്തി. കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചല്ല പദ്ധതി തയ്യാറാക്കിയിരിക്കുന്നതെന്ന് എ.ജിയും

ചൂണ്ടിക്കാട്ടിയിട്ടുണ്ടെന്നും, ഗൈഡ് ലൈൻസിൽ പറഞ്ഞിരിക്കുന്നതിൽ നിന്നും ഔട്ടർ ബണ്ടിന്റെ ഹൈറ്റ് അധികരിച്ചതിന്റെ പ്രശ്നമുണ്ടെന്നും സമിതി നിരീക്ഷിച്ചു.

9. കേന്ദ്രഗവൺമെന്റ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായാണ് ഓരോ പ്രോജക്ടും ചെയ്യേണ്ടിയിരുന്നതെന്ന് സീനിയർ ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. വിളകളെ തുടർച്ചയായി ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിൽ നിന്നും ലവണത്വത്തിൽ നിന്നും സംരക്ഷിക്കുന്നതിനും, എല്ലാ വിള സീസണിലും പുറംബണ്ട് ശക്തിപ്പെടുത്തേണ്ടത് പ്രധാനമാണെന്നും, പുറംബണ്ട് ശക്തിപ്പെടുത്തുന്നതു സംബന്ധിച്ച പദ്ധതിയുള്ള തുക വെള്ളപ്പൊക്ക പരിപാലന പരിപാടികളിൽ (എഫ്.എം.പി.) നിന്നുമാണ് അനുവദിക്കുന്നതെന്നും ഇത് സംബന്ധിച്ച വിശദമായ മറുപടി സമർപ്പിക്കുന്നതാണെന്നും ജലവിഭവവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

10. വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കേണ്ട സ്വാമിനാഥൻ കമ്മീഷന്റെ ചില നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള വകുപ്പുകളുടെ ഏകോപന ചുമതല നിലവിൽ ആർക്കും നൽകിയിട്ടില്ലാത്തതിനാൽ, ശരിയായ മേൽനോട്ടത്തിന്റെ അഭാവത്തിൽ അതിന് കാലതാമസമുണ്ടായതായും, തോട്ടപ്പള്ളി സ്പിൽവേയുടെയും തണ്ണീർമുക്കം ബണ്ടിന്റെയും ഡിസൈൻ തയ്യാറാക്കാൻ നിയോഗിച്ചത് മദ്രാസ് ഐ.ഐ.ടി യെയാണെന്നും അതിനു ശേഷമാണ് തണ്ണീർമുക്കം ബണ്ട് നിർമ്മാണത്തിനുള്ള ഫണ്ട് സംസ്ഥാന സർക്കാർ തന്നെ വഹിക്കാൻ തീരുമാനിച്ചതെന്നും, ചങ്ങനാശ്ശേരി-ആലപ്പുഴ കനാലിന്റെ കാര്യത്തിലും കയ്യേറ്റം പൂർണ്ണമായും ഒഴിപ്പിക്കാൻ ഇതുവരെയും സാധിക്കാത്തതിനാൽ, അതിനായി ആലപ്പുഴ, കോട്ടയം ജില്ലാകളക്ടർമാരെ സംയുക്തമായി ചുമതലപ്പെടുത്താനുള്ള തീരുമാനമെടുത്തിട്ടുണ്ടെന്ന് മനസ്സിലാകുന്നതായും സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിൽ ഏകോപനത്തിന്റെ അഭാവമുണ്ടെന്നാണ് ഇതിൽ നിന്നെല്ലാം മനസ്സിലാക്കാൻ കഴിയുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

11. കേന്ദ്രഗവൺമെന്റ് അനുവദിച്ച 1840 കോടി രൂപയിൽ 1515 കോടി രൂപയും ജലവിഭവവകുപ്പിനാണ് ലഭിച്ചതെന്നും, 200 കോടി രൂപയുടെ പ്രോജക്ടിന് 1120 കോടി രൂപ ചെലവായതായും സമിതി വിലയിരുത്തി. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കുട്ടനാട് പ്രൊസ്പിരിറ്റി കൗൺസിലിന്റെ റിവ്യൂമീറ്റിംഗിൽ ചർച്ച ചെയ്യുന്ന വിഷയങ്ങൾക്ക് ഒരു പരിധിയുണ്ടെന്നും സമിതി നിരീക്ഷിച്ചു.

12. ജലവിഭവവകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വകുപ്പുകൾക്ക് വിഭജിച്ച് നൽകിയിരിക്കുന്ന ജോലി സംബന്ധിച്ച് എത്ര അവലോകന യോഗങ്ങൾ നടന്നിട്ടുണ്ടെന്നും അതിന്റെ തുടർനടപടികൾ നടന്നിട്ടുണ്ടോ എന്നും പ്രോജക്ടിൽ ഏത് രീതിയിലുള്ള പരിഷ്കരണങ്ങൾ നടന്നിട്ടുണ്ടെന്നും സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ജലവിഭവ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. 2010 മുതൽ 2013 വരെയുള്ള കാലയളവിൽ അധിക ചെലവുണ്ടായതിന്റെ കാരണം സംബന്ധിച്ച റിപ്പോർട്ട് സമിതി മുൻപാകെ ലഭ്യമാക്കുവാൻ ജലവിഭവ വകുപ്പ് സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു. പ്രസ്തുത റിപ്പോർട്ടുകൾ സമയബന്ധിതമായി സമിതി മുൻപാകെ തെളിവെടുപ്പ് യോഗത്തിനു മുൻപ് ലഭ്യമാക്കേണ്ടതായിരുന്നുവെന്നും റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിൽ ജലവിഭവ വകുപ്പ് വീഴ്ചവരുത്തിയതായും സമിതി ചൂണ്ടിക്കാട്ടി.

13. 2008 മുതൽ 2013 വരെയുള്ള 5 വർഷ കാലയളവിൽ നടപ്പിലാക്കേണ്ട കുട്ടനാട് വികസന പാക്കേജിൽ (KDP) ശിപാർശ ചെയ്യപ്പെട്ട 15 ജോലികളിൽ ജോലി ഒന്നും ആറും നടപ്പിലാക്കുന്നതിനുള്ള ഏജൻസികളെ 2013 ജൂലൈ വരെ കണ്ടെത്താത്തതിനാൽ ഗവൺമെന്റ് ഓഫ് ഇന്ത്യ (ജി.ഒ.ഐ)യുടെ അംഗീകാരം ലഭിക്കുന്നതിനുള്ള ആദ്യ നടപടികൾ പോലും പരാജയപ്പെട്ടതു സംബന്ധിച്ച് സമിതി, KDP യുടെ വകയിരുത്തലുകളുടെ പ്രധാന പങ്ക് ലഭിച്ച ജലസേചന വകുപ്പിനോട് വിശദീകരണം ആരായുകയും വകുപ്പ് ലഭ്യമാക്കിയ മറുപടി വിലയിരുത്തുകയും ചെയ്തു. 2006-ൽ ഇന്ത്യാഗവൺമെന്റിന്റെ അംഗീകാരവും 2008-ൽ സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയതുമായ പദ്ധതിയുടെ എസ്റ്റിമേറ്റ് പല പ്രാവശ്യം റിവൈസ് ചെയ്തതിന്റെ ഫലമായി പദ്ധതി തുകയിൽ 151% വർദ്ധനവ് ഉണ്ടായതായും പല പദ്ധതികളും പ്രായോഗികമല്ലായിരുന്നെന്നും വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ പറയുന്നതായി സമിതി ചൂണ്ടിക്കാട്ടി. മുൻധാരണ ഇല്ലാതെ പല പദ്ധതികളും ഏറ്റെടുത്തതിലൂടെ സർക്കാരിന്റെ ഫണ്ട് പാഴായിപ്പോയതായി വ്യക്തമാകുന്നതായി സമിതി വിലയിരുത്തി. പദ്ധതികൾ തയ്യാറാക്കുന്ന സമയത്ത് പ്രായോഗികം ആണോ അല്ലയോ എന്നതു സംബന്ധിച്ച് തീരുമാനമെടുക്കണമെന്നും പ്രായോഗികം അല്ലാത്ത പദ്ധതികൾ ഏറ്റെടുക്കാൻ കഴിയില്ലെന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കുകയുമാണ് ചെയ്യേണ്ടിയിരുന്നതെന്നും പദ്ധതികൾ ഏറ്റെടുത്ത് ഡി.പി.ആർ തയ്യാറാക്കിയതിനുശേഷം പ്രായോഗികം അല്ലെന്ന് പറയുന്നതിൽ അർത്ഥമില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

14. കുട്ടനാട് വികസന പാക്കേജിൽ ഉൾപ്പെട്ട ജോലി രണ്ട് അനുസരിച്ച് തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ എന്നിവയുടെ ഡി.പി.ആറുകൾ തയ്യാറാക്കി അയച്ചുകൊടുക്കുന്നതിൽ കാലതാമസം വരുത്തിയതു സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. പദ്ധതി തുക 40 കോടി രൂപയിൽ കൂടുതലാണെങ്കിൽ മാത്രമേ ഫ്ലഡ് മാനേജ്മെന്റ് പ്രോഗാമിന് കേന്ദ്രസഹായം ലഭിക്കുകയുള്ളൂ എന്നും, എന്നാൽ തോട്ടപ്പള്ളി സ്പിൽവേയുടെ എസ്റ്റിമേറ്റ് തുക അത്രയും വരാത്തതിനാൽ കേന്ദ്രസഹായത്തിന് അയയ്ക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി സ്പിൽവേയുടെ 40 ഷട്ടറുകൾ സ്റ്റെയിൻലെസ് സ്റ്റീൽ ഉപയോഗിച്ച് പൂർത്തിയാക്കിയെന്നും 2014-ൽ പ്രസ്തുത പണി പൂർത്തിയായതായും ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ് സമിതിയെ അറിയിച്ചു. ജോലി രണ്ടിൽ തണ്ണീർമുക്കം ബണ്ടും, തോട്ടപ്പള്ളി സ്പിൽവേയും ചേർന്ന് ആദ്യം ഒരു പ്രോജക്ടായിട്ടാണ് തയ്യാറാക്കിയതെന്നും ഒരു പ്രോജക്ടായിരുന്നെങ്കിൽ എസ്റ്റിമേറ്റ് 40 കോടി രൂപയിൽ കൂടുതൽ ആകുമായിരുന്നെന്നും, സി.ഡബ്ല്യൂ.സി (സെൻട്രൽ വാട്ടർ കമ്മീഷൻ) പ്രോജക്ട് വിഭജിച്ച് ചെയ്യണമെന്ന് നിർദ്ദേശം നൽകിയതുകൊണ്ടാണ് രണ്ട് പ്രോജക്ടുകൾ ആക്കിയതെന്നും, പ്രോജക്ട് സ്പ്ലിറ്റ് ചെയ്തതിനുശേഷം തണ്ണീർമുക്കം ബണ്ട് പ്രോജക്ടിന് കേന്ദ്രസഹായം ലഭിക്കുന്നതിനായി ഫ്ലഡ് മാനേജ്മെന്റ് പ്രോഗ്രാമിന്റെ മോണിറ്ററിംഗ് ഏജൻസിയായ സി.ഡബ്ല്യൂ.സി യുടെ ശിപാർശയ്ക്കായി അയച്ചെങ്കിലും, ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിക്കാത്തതിനാൽ കേന്ദ്രസഹായം ലഭിച്ചില്ലെന്നും, ചീഫ് എഞ്ചിനീയർ കുട്ടനാട് പാക്കേജ് സമിതി മുൻപാകെ ബോധിപ്പിച്ചു.

15. എം.എസ്.സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ (എം.എസ്.എസ്.ആർ.എഫിന്റെ) ശിപാർശയോടുകൂടി കേന്ദ്രഗവൺമെന്റ് അംഗീകരിച്ച് ജോലി രണ്ട് ആയി നിശ്ചയിച്ച് ഒരുമിച്ച് ചെയ്യാൻ തീരുമാനിച്ച തോട്ടപ്പള്ളി സ്പിൽവേ, തണ്ണീർമുക്കം ബണ്ട് എന്നിവയുടെ പ്രോജക്ട് വിഭജിക്കാതെ കേന്ദ്രസഹായം നേടിയെടുക്കാൻ ശ്രമിക്കാമായിരുന്നില്ലേയെന്നും എസ്റ്റിമേറ്റ് തുക 40 കോടി രൂപയിൽ താഴെയാണ് എങ്കിൽ കേന്ദ്രസഹായം ലഭിക്കില്ലായെന്ന ഗൈഡ്‌ലൈനുള്ളപ്പോൾ പദ്ധതികൾ വിഭജിച്ചത് എന്തടിസ്ഥാനത്തിലാണെന്നും, സി.ഡബ്ല്യൂ.സിക്ക് പദ്ധതി മോണിറ്റർ ചെയ്യാനുള്ള അധികാരം നൽകിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു. കൂടാതെ സംസ്ഥാനത്തെ മോണിറ്ററിംഗ് കമ്മിറ്റികളുമായി പദ്ധതി വിഭജിക്കണമെന്നുള്ള കാര്യം ചർച്ച ചെയ്തിരുന്നോ എന്നും, പദ്ധതി വിഭജിക്കാനുള്ള

തീരുമാനം ഏത് കമ്മിറ്റിയാണെടുത്തതെന്നും സമിതി ആരാഞ്ഞു.

16. എം.എസ്.എസ്.ആർ.എഫിന്റേത് ശുപാർശ മാത്രമാണെന്നും, മാനദണ്ഡങ്ങളും ഗുണനിലവാരവും കേന്ദ്രസർക്കാർ ഏജൻസികൾ തീരുമാനിക്കുന്ന പ്രകാരമായിരിക്കണമെന്നാണ് നിർദ്ദേശമെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി അറിയിച്ചു. കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ ആണ് പ്രോജക്ട് വിഭജിക്കാൻ തീരുമാനമെടുത്തതെന്നും ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ് സമിതിയെ അറിയിച്ചു. സെൻട്രൽ വാട്ടർ കമ്മിഷൻ ടെക്നിക്കൽ ഏജൻസി മാത്രമാണെന്നും പ്രവൃത്തിയുടെ ഗുണനിലവാരവും മറ്റ് കാര്യങ്ങളിലും മേൽനോട്ടം വഹിക്കാൻ മാത്രമേ അവർക്ക് അധികാരമുള്ളൂവെന്നും പ്രോജക്ട് അപ്രൂവലുമായി ബന്ധപ്പെട്ട കാര്യങ്ങളിലും സാമ്പത്തിക കാര്യങ്ങളിലും തീരുമാനമെടുക്കാൻ അവർക്ക് അധികാരമില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. കേന്ദ്രസഹായം ലഭ്യമാകുമായിരുന്ന പദ്ധതി വിഭജിച്ചതിലൂടെ സ്റ്റേറ്റ് ഫണ്ടിംഗ് നടത്തേണ്ടി വന്നതിനാൽ സംസ്ഥാന ഗവൺമെന്റിന് വലിയ സാമ്പത്തിക ബാദ്ധ്യത വന്നിട്ടുണ്ടെന്നും സമിതി നിരീക്ഷിച്ചു.

17. തണ്ണീർമുക്കം ബണ്ടിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ചും നിലവിലെ അവസ്ഥ സംബന്ധിച്ചും സമിതി വിശദീകരണം ആരാഞ്ഞു. തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ എന്നിവയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് പ്രത്യേക പഠനം നടത്തേണ്ടത് ആവശ്യമായിരുന്നെന്നും, അതിന് കുറച്ചധികം സമയം വേണ്ടിവന്നുവെന്നും ഡോ.എം.എസ്.സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിൽ നിർദ്ദേശിച്ചതിൻ പ്രകാരം, ചെന്നൈ ഐ.ഐ.റ്റിയുമായി സഹകരിച്ച് സാങ്കേതിക വശം പരിശോധിച്ചതിന് ശേഷമാണ് തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ എന്നിവയുടെ പ്രോജക്ട് തയ്യാറാക്കിയതെന്നും, 2011ൽ പഠന റിപ്പോർട്ട് ലഭിച്ചെന്നും ചീഫ് എഞ്ചിനീയർ കുട്ടനാട് പാക്കേജ് സമിതിയെ അറിയിച്ചു തണ്ണീർമുക്കം ബണ്ട് പ്രോജക്ടിന് സി.ഡബ്ല്യൂ.സിയുടെയും കേന്ദ്രജലവിഭവ വകുപ്പിന്റെയും അംഗീകാരം ലഭിച്ചിരുന്നെങ്കിലും ഇന്റർ മിനിസ്റ്റീരിയൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ സാമ്പത്തിക സഹായം ലഭിക്കുകയുള്ളൂ എന്നും പ്രോജക്ട് 2014 മുതൽ കമ്മിറ്റിയിൽ പെൻഡിംഗിലാണെന്നും, ചീഫ് എഞ്ചിനീയർ തുടർന്നറിയിച്ചു. തണ്ണീർമുക്കം ബണ്ടിന്റെ മാത്രം ഡി.പി.ആർ തയ്യാറാക്കി നൽകാനാണ് പ്രോസ്പിരിറ്റി കൗൺസിൽ തീരുമാനിച്ചതെന്നും, സി.ഡബ്ല്യൂ.സി.ക്ക് ഡി.പി.ആർ സമർപ്പിക്കുമ്പോൾ കാലതാമസം

നേരിട്ടുമെന്നുള്ളതുകൊണ്ടാണ് പ്രസ്തുത പദ്ധതി സ്റ്റേറ്റ് ഫണ്ടുപയോഗിച്ച് ചെയ്യാൻ തീരുമാനിച്ചതെന്നും, പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടെന്നും, പദ്ധതി ചെലവ് 100 കോടി രൂപയിലധികമായതായും ചീഫ് എഞ്ചിനീയർ വ്യക്തമാക്കി.

18. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചാൽ അതിന് സ്വാഭാവികമായും കേന്ദ്രഗവൺമെന്റ് അംഗീകാരം നൽകേണ്ടതല്ലേ എന്ന് സമിതി ആരാഞ്ഞു. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ ശിപാർശകൾ മാത്രമാണ് പറഞ്ഞിരിക്കുന്നതെന്നും, ആയതിനാൽ അംഗീകാരം നൽകണമെന്നില്ലെന്നും, അംഗീകാരമുള്ള ഏജൻസിയുടെ മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും ഇല്ലാതെ തയ്യാറാക്കുന്ന ഡി.പി.ആർ അംഗീകരിക്കുകയില്ലെന്നും, കേന്ദ്രസഹായത്തിനു വേണ്ടി അയയ്ക്കുന്ന എല്ലാ പ്രോജക്ടുകളുടെയും ഫണ്ട് റിലീസ് ചെയ്ത് തരുന്നത് സി.ഡബ്ല്യു.സി യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണെന്നും, സി.ഡബ്ല്യു.സിയാണ് പദ്ധതി വിഭജിക്കാൻ നിർദ്ദേശം നൽകിയതെന്നും, ജലവിഭവ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

19. തണ്ണീർമുക്കം ബണ്ട് മുതൽ തോട്ടപ്പള്ളി സ്പിൽവേ വരെ വേമ്പനാട് കായലിന്റെ ഒരു പ്രത്യേകഭാഗമായതുകൊണ്ട് ഉപ്പുവെള്ളവും ശുദ്ധജലവും നദിയിൽനിന്നുള്ള വെള്ളവും ക്രമീകരിക്കുന്നതിന് രണ്ട് പദ്ധതികളും ഒരുമിച്ചാക്കി ചെയ്യണമെന്നായിരുന്നു സ്വാമിനാഥൻ കമ്മീഷൻ നിർദ്ദേശിച്ചിരുന്നതെന്നും, എന്നിട്ടും പദ്ധതി വിഭജിക്കാനുള്ള ശാസ്ത്രീയമായ കാരണമെന്താണെന്നും സമിതി ആരാഞ്ഞു. രണ്ട് പ്രദേശത്തുള്ള പ്രോജക്ടുകൾ രണ്ട് എസ്റ്റിമേറ്റാക്കി തന്നാൽ മതിയെന്ന സി.ഡബ്ല്യൂ.സി നിർദ്ദേശ പ്രകാരമാണ് പദ്ധതി വിഭജിക്കേണ്ടി വന്നതെന്ന് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

20. കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭിക്കേണ്ടിയിരുന്ന പദ്ധതിയായിട്ടും പദ്ധതി വിഭജിച്ചാൽ കേന്ദ്രഫണ്ട് ലഭിക്കാതെ വരുകയും സംസ്ഥാനഗവൺമെന്റിന് തന്നെ ചെലവ് വഹിക്കേണ്ടി വരുമെന്ന സാമ്പത്തികവശം ഒരു കമ്മിറ്റിയിലും ഉയർന്നു വന്നിരുന്നില്ലായെന്ന് സമിതി ചൂണ്ടിക്കാട്ടി. കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന പ്രയോറിറ്റിയാണ് ഇതിലെ പ്രധാന വിഷയം എന്നും, ഈ സ്കീമിൽ കാശ്മീരിനും ഉത്തരാഞ്ചലിനും ഫണ്ട് നൽകിയിരുന്നെന്നും, അതുകൊണ്ടാണ് കേരളത്തിന്റെ

പ്രോജക്ട് മാറ്റിവെച്ചതെന്നും, ചീഫ് എഞ്ചിനീയർ കുട്ടനാട് പാക്കേജ് സമിതിയെ അറിയിച്ചു.

21. സമീപകാലത്തൊന്നും ഇത്തരം ബൃഹത്തായ ഒരു പ്രോജക്ട് സംസ്ഥാനത്തിന് ലഭിച്ചിട്ടില്ലെന്നും സാങ്കേതികവും അല്ലാത്തതുമായ വിവിധ കാരണങ്ങളാൽ പദ്ധതി പ്രവർത്തനം നടത്താനാകാത്തത് ദു:ഖകരമായ കാര്യമാണെന്നു സമിതി ചൂണ്ടിക്കാട്ടി.

താഴെചേർക്കുന്ന വിശദവിവരങ്ങൾ അടങ്ങിയ റിപ്പോർട്ടുകളും ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

(1) തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ എന്നിവയുടെ ഡി.പി.ആർ. വിഭജിച്ച് നൽകണമെന്ന് സ്റ്റേറ്റ് ടി.എ.സി. നിർദ്ദേശിച്ചതിനുള്ള കാരണം വിശദമായി വ്യക്തമാക്കുന്ന റിപ്പോർട്ട്.

(2) തണ്ണീർമുക്കം ബണ്ടിന്റെ പണി പൂർത്തിയായോ, പൂർണ്ണമായും പ്രവർത്തനക്ഷമമാണോ, ബണ്ടിൽ വിള്ളൽ ഉണ്ടോ എന്നീ വിവരങ്ങൾ

(3) തണ്ണീർമുക്കം ബണ്ടിന്റെ ഡി.പി.ആർ. ഇന്റർമിനിസ്റ്റീരിയൽ അപ്രൂവലിന് അയക്കാനുള്ള സാഹചര്യം, കാരണം, അംഗീകാരം ലഭ്യമായോ, നിലവിലെ അവസ്ഥ.

(4) തോട്ടപ്പള്ളി സ്പിൽവേയുടെ നിലവിലെ അവസ്ഥ.

22. ആലപ്പുഴ-ചങ്ങനാശ്ശേരി (എസി) കനാലിന്റെ പൂർണ്ണമായ നിർമ്മാണത്തിന്റെ ഘട്ടം ഒന്നിന്റെ ടെന്റർ നടപടികൾ തീർപ്പാക്കിയില്ലെന്നും, ബാക്കിയുള്ള ഘട്ടങ്ങളിലെ ഡിപിആറുകൾക്ക് ഇനിയും അംഗീകാരം ലഭിക്കേണ്ടതുണ്ടെന്നുമുള്ള ആഡിറ്റ് നിരീക്ഷണം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. എ.സി.കനാലിന്റെ നിർമ്മാണം മൂന്നാമത്തെ റീച്ചാണെന്നും, ആദ്യത്തെ റീച്ചിന്റെ വർക്ക് 13-ാം ധനകാര്യ കമ്മീഷന്റെ തുക ഉപയോഗിച്ച് ചെയ്തിട്ടുണ്ടെന്നും, നടപ്പിലാക്കിയ വർക്കിന്റെ മുഴുവൻ ഫണ്ടും ലഭിച്ചിട്ടുണ്ടെന്നും സ്ഥലമെടുപ്പിക്കലിന്റെയും ഒഴിപ്പിക്കലിന്റെയും വിഷയം വന്നതുകൊണ്ട് രണ്ടും മൂന്നും റീച്ചുകൾ ചെയ്യാൻ കാലതാമസമുണ്ടാകുമെന്നതിനാൽ 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ചെയ്യുവാൻ സാധിച്ചില്ലായെന്നും ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

23. ആദ്യത്തെ റീച്ച് 40 മീറ്റർ വീതിയിലാണ് ചെയ്തിരിക്കുന്നതെന്നും, അതേ വീതിയിൽ മറ്റുള്ള റീച്ചുകൾ ചെയ്യണമെങ്കിൽ 18 ഏക്കർ ഭൂമി ഏറ്റെടുക്കണമെന്നും ചീഫ്

എഞ്ചിനീയർ സമിതിയെ ബോധിപ്പിച്ചു. ആലപ്പുഴ, ചങ്ങനാശ്ശേരി കനാൽ പദ്ധതി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനമായിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ കൂട്ടിച്ചേർത്തു. ആലപ്പുഴ, കോട്ടയം ജില്ലാ കളക്ടർമാർ സംയുക്തമായി കൈയ്യേറ്റവും അനുബന്ധ പ്രശ്നങ്ങളും പരിഹരിച്ച് മുന്നോട്ട് പോകുകയാണെങ്കിൽ കനാലിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

24. ജോലി രണ്ടിന്റെ ഭാഗമായ കായലിലെ സിയും ഡിയും ബ്ലോക്കുകൾ തമ്മിലും റാണിയും ചിത്തിരയും തമ്മിലുമുള്ള വീതി കൂടിയ നീർച്ചാൽ നിർമ്മിക്കുന്നതിനായി വശം സംരക്ഷിക്കുന്ന ചുമരുകളുടെ രൂപകല്പന പൂർത്തിയാകാത്തതിനാൽ പ്രധാന വെള്ളപ്പൊക്ക നിയന്ത്രണ നടപടികളുടെ പൂർത്തിയാക്കലിൽ കാലതാമസം ഉണ്ടായതു സംബന്ധിച്ച ആഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. സിയും ഡിയും ബ്ലോക്കും, റാണി, ചിത്തിര കായലുകളുടെ പ്രവൃത്തികളും കെൽ രണ്ടിൽ വരുന്നതാണെന്നും, കെൽ രണ്ട് എഫ്.എം.പി ൽ അംഗീകാരം ലഭിച്ചിട്ടുള്ള ഘടകമാണെന്നും വേമ്പനാട് കായലിലേക്ക് നേരിട്ട് വെള്ളം പോകത്തക്കരീതിയിൽ കൊച്ചാർ തുറക്കുവാൻ കഴിഞ്ഞുവെന്നുള്ളതാണ് ഇതിലെ പ്രധാന നേട്ടം എന്നും, 2016 ൽ എല്ലാ ജോലികളും പൂർത്തികരിച്ചെന്നും, കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

25. മലിനീകരണ നിയന്ത്രണ നടപടികളുടെ നടത്തിപ്പിനായിട്ടുള്ള ജോലി മൂന്നിന്റെ ഡിപിആറുകൾ തയ്യാറാക്കാത്തതിനാൽ സസ്യങ്ങളുടെ പോഷകദ്രവ്യത്തിന്റെ അത്യധികമായ അളവ്, വലിയ തോതിലുള്ള ബാക്ടീരിയൽ കോളിഫോമുകൾ, കീടനാശിനികളുടെ അളവ്, പല സ്ഥലങ്ങളിലും ദുരിതപൂർണമായ വിധത്തിൽ സാന്ദ്രത കൂടിയ ലോഹങ്ങളുടെ മലിനീകരണം എന്നീ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായി എന്ന ആഡിറ്റ് നിരീക്ഷണം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട വിഷയമാണെന്നതിനാൽ പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്നതിനുള്ള പ്രോജക്ട് അതോറിറ്റിയായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് പരിശോധിച്ച് അറിയിക്കാമെന്ന് ജലവിഭവ വകുപ്പ് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

26. കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിക്കാതിരുന്ന ആഡിറ്റ് നിരീക്ഷണം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. കേന്ദ്രഗവൺമെന്റുമായി ഇതുസംബന്ധിച്ച് വിശദമായ ചർച്ച നടന്നിരുന്നതായും, അതിൽ നിന്നും ഇങ്ങനെയൊരു പ്രഖ്യാപനം നടത്തുന്നതുകൊണ്ട് പ്രത്യേക നേട്ടമൊന്നുമില്ലാത്തതിനാൽ അവസാനിപ്പിച്ച വിഷയമാണെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. കൃഷി വകുപ്പിനുള്ള പദ്ധതി വിഹിതം എത്രയായിരുന്നു എന്ന് സമിതി ആരാഞ്ഞതിന് പദ്ധതി വിഹിതമായി അനുവദിച്ചത് 133.267 കോടി രൂപയായിരുന്നു എന്നും 04.06.2016-ലെ കണക്കു പ്രകാരം 93.2299 കോടി രൂപയുടെ ഫണ്ട് അനുവദിക്കുകയും 90.19626 കോടി രൂപ ചെലവഴിക്കുകയും അക്കൗണ്ടിൽ ബാക്കിയുണ്ടായിരുന്ന മൂന്ന് കോടി രൂപയിൽ 2.42 കോടി രൂപ ധനകാര്യവകുപ്പ് തിരിച്ചെടുത്തിരുന്നെന്നും, ഇപ്പോൾ ആവശ്യപ്പെട്ടതനുസരിച്ച് ഒരു കോടി രൂപ തന്നെങ്കിലും കുറച്ച് തുക മാത്രമേ വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂവെന്നും റാണി ചിത്തിര കായലുകളിൽ കുറച്ച് സിവിൽ ജോലികൾ കൂടി ചെയ്യാൻ ബാക്കിയുണ്ടെന്നും കൃഷി വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി സമിതിയെ അറിയിച്ചു. ഇവയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

27. കൃഷിവകുപ്പിന്റെ പദ്ധതി പ്രവർത്തനം സംബന്ധിച്ച നിലവിലെ സ്ഥിതി സമിതി ആരാഞ്ഞു. 2018 ഫെബ്രുവരിയിൽ 3 ജോലികൾ ആരംഭിച്ചെന്നും, 2018 മാർച്ച് 31ന് മുൻപ് റെസ്യൂം ചെയ്ത തുക തിരിച്ച് ലഭിക്കാനുണ്ടായ കാലതാമസം മൂലമാണ് ജോലികൾ ആരംഭിക്കാൻ താമസിച്ചതെന്നും, ഡിസംബറിൽ പണം തിരികെ ലഭിച്ചതിനുശേഷം വീണ്ടും ടെണ്ടർ ചെയ്തതായും ഫെബ്രുവരിയിലാണ് എഗ്രിമെന്റ് വച്ചതെന്നും റാണി-ചിത്തിര കായലുകളിലെ 5 റാമ്പുകൾ, ഒരു പറക്കുഴി, റാണി, ചിത്തിര കായലുകളിൽ 10 കടവ് വീതം നിർമ്മിക്കൽ, റാണി കായലിൽ സൈഡ് വാൾ എന്നീ പ്രവൃത്തികൾക്കായി 53.51425 ലക്ഷം രൂപയുടെ സാങ്കേതികാനുമതി കൊടുത്ത് എഗ്രിമെന്റ് വച്ച് ജോലി തുടങ്ങിയിരുന്നുവെന്നും, അഞ്ച് റാമ്പിൽ രണ്ടെണ്ണം മാർച്ചിൽ പൂർത്തിയായതായും, ബാക്കിയുള്ളതിന് എഗ്രിമെന്റ് വച്ചെങ്കിലും കൊയ്ത്ത് സമയത്ത് തൊഴിലാളികളെ കിട്ടാൻ പ്രയാസം വന്നതുകൊണ്ട് ജോലി തുടരാൻ സാധിച്ചില്ലെന്നും, റെസ്യൂം ചെയ്ത പണം തിരികെ കിട്ടിയെങ്കിലും ടി തുക കണക്കിലെടുത്ത്, മാർച്ചിൽ കൊടുത്ത ബിൽ ക്യൂ ബിൽ ആയിപ്പോയതുകൊണ്ട് മാറാൻ സാധിച്ചില്ലെന്നും, അതിനാൽ ജോലി തുടർന്നാൽ കോൺട്രാക്ടർക്ക് പണം കൊടുക്കുന്ന കാര്യത്തിൽ ഉറപ്പില്ലാത്തതിനാൽ ജോലികൾ

ഇപ്പോഴും പെൻഡിംഗിലാണെന്നും ചീഫ് എഞ്ചിനീയർ കുട്ടനാട് പാക്കേജ് സമിതിയിൽ ബോധിപ്പിച്ചു. വകുപ്പിന്റെ കൈവശമുള്ള ഫണ്ടിനെക്കുറിച്ച് സമിതി ആരാഞ്ഞതിന്, 2.42 കോടി രൂപ റെസ്യൂം ചെയ്തതിൽ ഒരു കോടി രൂപ അഡീഷണൽ ഓതറൈസേഷൻ ആയിട്ടാണ് തിരികെ തന്നതെന്നും അതിൽ 14 ലക്ഷം രൂപയുടെ ബില്ല് മാറിയെന്നും, 28 ലക്ഷം രൂപ ക്യൂ ബിൽ ആയെന്നും, ബാക്കി തുക തിരിച്ചുകിട്ടിയാലേ ചെലവഴിക്കാൻ കഴിയുകയുള്ളു എന്നും, ക്യൂ ബിൽ മാറണമെങ്കിൽ ഇനി സർക്കാരിന്റെ അനുമതി വേണമെന്നും ചീഫ് എഞ്ചിനീയർ സമിതിയിൽ അറിയിച്ചു. ധനകാര്യ വകുപ്പ് പ്രസ്തുത തുക തിരിച്ച് കൊടുക്കില്ലേ എന്ന് സമിതി ആരാഞ്ഞതിന് ഫിനാൻസ് കമ്മീഷൻ അവാർഡ് തുകയാണെന്നും, ഈ ഹെഡ്ഡൊന്നും ഇപ്പോഴില്ലെന്നും, അതിന് ഇനിയും അഡീഷണൽ ഓതറൈസേഷൻ വേണ്ടി വരുമെന്നും, ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു.

28. ധനകാര്യ വകുപ്പ് മാർച്ച് 31-ന് റെസ്യൂം ചെയ്ത തുക ഡിസംബറിലാണ് തിരിച്ചു കൊടുക്കുന്നതെന്നും നടപടിക്രമങ്ങൾ പാലിച്ചു വരുമ്പോൾ അടുത്ത വർഷം ഫെബ്രുവരിയിലെ പ്രോജക്ട് തയ്യാറാകുകയുള്ളുവെന്നും മാർച്ച് 31 ന് വീണ്ടും തുക റെസ്യൂം ചെയ്യേണ്ടതിനാൽ പ്രോജക്ട് പ്രവൃത്തിപഥത്തിലേക്ക് എത്തിച്ച് നടപ്പിലാക്കുവാൻ ആകെ ശേഷിക്കുന്ന രണ്ട് മാസം എന്ന കാലയളവ് തീർത്തും അപര്യാപ്തമാണ് എന്ന് സമിതി ചൂണ്ടിക്കാട്ടി.

29. ധനകാര്യ വകുപ്പ് റെസ്യൂം ചെയ്യുന്ന പണം തിരിച്ച്കൊടുക്കുന്നതിന് കാലതാമസം എടുക്കുന്നതിനാൽ ടെണ്ടർനടപടികൾ മാർച്ച് 31-ന് മുൻപ് പൂർത്തിയാക്കാൻ കഴിയുന്നില്ലെന്നും, സാമ്പത്തിക വർഷാവസാനം തിരിച്ച് പിടിക്കുന്ന തുക തൊട്ടടുത്ത സാമ്പത്തിക വർഷം ആരംഭിക്കുമ്പോൾ തന്നെ ധനകാര്യ വകുപ്പ് തിരിച്ച് കൊടുത്തിരുന്നെങ്കിൽ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയുമായിരുന്നെന്നും, സമിതി വിലയിരുത്തി. എല്ലാ വകുപ്പുകളുടെയും ടി.എസ്.ബി.-യിൽ കിടന്ന പണം റെസ്യൂം ചെയ്തതാണെന്നും, എഫ്.ആർ.ബി.എം. ആക്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് തുക റെസ്യൂം ചെയ്യാനുള്ള കാരണമെന്നും, എന്നാലും പദ്ധതികൾ പൂർത്തീകരിക്കുന്നതിന് റെസ്യൂം ചെയ്ത തുക തിരികെ കൊടുക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. ആറുമാസം കൊണ്ട് പൂർത്തിയാക്കുമെന്ന് ഉറപ്പില്ലാത്ത പദ്ധതികളുടെ പണമാണ്

റെസ്യൂം ചെയ്യത്തെന്നും, മുൻഗണന അനുസരിച്ച് തിരിച്ച് കൊടുക്കുന്നുണ്ടെന്നും, പ്രൊപ്പോസൽ കൃത്യമായി തന്നാൽ അതനുസരിച്ച് തിരിച്ച് കൊടുക്കുമെന്നും, ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

30. കുട്ടനാട് പോലുള്ള സ്ഥലങ്ങളിൽ രണ്ടോ മൂന്നോ മാസം മാത്രമേ ജോലി ചെയ്യാൻ സാധിക്കു എന്നും മഴ, കൊയ്ത്ത് തുടങ്ങിയ പലവിധ കാരണങ്ങളാൽ ജോലി പൂർത്തിയാക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളതെന്നും, ധനകാര്യവകുപ്പ് തുക നേരത്തെ തിരിച്ച് കൊടുത്താൽ മാത്രമേ പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ എന്ന് സമിതി നിരീക്ഷിച്ചു.

31. 2017-18-ൽ പ്രഖ്യാപിച്ച കുട്ടനാട് ഉൾപ്പെടെയുള്ള 14 സ്പെഷ്യൽ അഗ്രികൾച്ചറൽ സോണുകൾക്കായി 2018-19 സ്റ്റേറ്റ് പ്ലാനിൽ 10 കോടി രൂപ വകകൊള്ളിച്ചിരുന്നതായി ചീഫ് എഞ്ചിനീയർ കൂട്ടിച്ചേർത്തു. കെ.ഡി.പി.യിൽ ഉൾപ്പെട്ട മറ്റ് സാമ്പത്തിക പ്രവർത്തനങ്ങൾ മാറ്റിവച്ചു കഴിഞ്ഞാൽ പദ്ധതിയുടെ ഭാഗമായി കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിക്കാമായിരുന്നിട്ടും അപ്രകാരം പ്രഖ്യാപിച്ചില്ല എന്ന ആഡിറ്റ് നിരീക്ഷണം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. പ്രത്യേക കാർഷികമേഖല എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ക്രോപ്കലണ്ടർ, ഇറിഗേഷൻ കലണ്ടർ എന്നിങ്ങനെയുള്ള ഭൗതികഘടകങ്ങൾ ആണെന്നും, സപ്പോർട്ട് പ്രൈസ്, പ്രിഫറൻഷ്യൽ പ്രൈസ്, സബ്സിഡീസ് എന്നിവയൊന്നും സ്പെഷ്യൽ അഗ്രികൾച്ചറൽ സോണിൽ കൊടുക്കുവാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടില്ലാത്തതിനാൽ അത് നടപ്പാക്കിയിട്ടില്ലെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

32. പ്രത്യേക കാർഷിക മേഖല സോൺ എന്ന ആശയം വരുന്നത് കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ടാണെന്നും, ഇടുക്കി പാക്കേജിൽ 250 കോടി രൂപ വിലസ്ഥിരതാ ഫണ്ടിന് വേണ്ടിവന്നുയെന്നും, അത് കേന്ദ്രസർക്കാർ നിരാകരിച്ചതിനാൽ വില സ്ഥിരതാഫണ്ട് ഇല്ലാതെയാണ് ഇടുക്കി പാക്കേജ് അംഗീകരിച്ച് തന്നതെന്നും, കുട്ടനാട് പാക്കേജിൽ സ്പെഷ്യൽ അഗ്രികൾച്ചറൽ ഡെവലപ്മെന്റ് സോൺ കൂടി തത്വത്തിൽ അംഗീകരിച്ചാണ് കേന്ദ്രഗവൺമെന്റ് ആ പ്രോജക്ട് തരുന്നതെന്നും ഇന്ത്യയിൽ ഇതു സംബന്ധിച്ച് മാതൃനിയമമില്ല എന്നതാണ് പ്രശ്നമെന്നും, ആയതിനാൽ നിയമനിർമ്മാണം നടത്തി കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം വാങ്ങേണ്ട ഉത്തരവാദിത്വം സംസ്ഥാന

ഗവൺമെന്റിനാണെന്നും പ്രത്യേക കാർഷിക മേഖല നിലനിർത്താൻ വേണ്ടി കർഷകർക്കും, കൃഷിയ്ക്കും പ്രത്യേക സഹായങ്ങൾ നൽകേണ്ട ഉത്തരവാദിത്വം സംസ്ഥാനത്തിനാണെന്നും സമിതി അഭിപ്രായപ്പെട്ടു.

33. സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ട് കേന്ദ്രസംസ്ഥാനസർക്കാരുകൾ തത്വത്തിൽ അംഗീകരിച്ചതിനു ശേഷം സംസ്ഥാനസർക്കാരിന്റെ നിർദ്ദേശപ്രകാരം ശുപാർശകൾ നടപ്പിലാക്കുന്നതിനായുള്ള വിവിധ പദ്ധതികൾ രൂപീകരിക്കുകയും ഡി.പി.ആർ. സമർപ്പിക്കുകയും ചെയ്തുവെങ്കിലും ഇതിനായി പുതിയ ശീർഷകമോ, വകയിരുത്തലോ അനുവദിക്കാത്തതിനാൽ സംസ്ഥാന സർക്കാർ ഒന്നര വർഷത്തോളം ഇതിനായി ശ്രമം നടത്തിയിരുന്നുവെന്നും അധികധനസഹായം ലഭിച്ചിട്ടില്ലെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. സി.ഡബ്ല്യു.സി, കേന്ദ്ര കൃഷിവകുപ്പ് എന്നിവയുടെ നിയന്ത്രണത്തിലുള്ള ഫണ്ട്, സംസ്ഥാന വകയിരുത്തലുകളുള്ള കേന്ദ്ര പദ്ധതികളിൽ നിന്നുള്ള ഫണ്ട് എന്നിവയെല്ലാം കൂടി ചേർത്താണ് 700 കോടി രൂപയുടെ പദ്ധതി ചെലവ് എന്നു പറയുന്നതെന്നും, പദ്ധതി റിപ്പോർട്ട് തയ്യാറാക്കേണ്ടത് അതാത് വകുപ്പുകളാണെന്നും പദ്ധതികൾക്കുവേണ്ടി പഠനവും സർവ്വേയും വിവരസമാഹരണവും നടത്തേണ്ടിവന്നതിനാൽ ഡിപിആർ തയ്യാറാക്കുന്നതിൽ കാലതാമസം വന്നതായും സമർപ്പിച്ച എല്ലാ ഡി.പി.ആർകളും അംഗീകരിച്ചില്ലെന്നും അംഗീകാരം ലഭിക്കാത്ത ഡി.പി.ആറുകൾ സാമ്പത്തിക നഷ്ടമായി കാണുന്നതിനോട് യോജിക്കാൻ കഴിയില്ലെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

34. സമഗ്രമായ പഠനത്തിന്റേയും വിവരസമാഹരണത്തിന്റേയും അടിസ്ഥാനത്തിലായിരിക്കണം പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതെന്നും നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കനുസൃതമായ വ്യക്തമായ രൂപരേഖയാണ് പദ്ധതി അനുമതിക്കായി സമർപ്പിക്കേണ്ടതെന്നും സമിതി ചൂണ്ടിക്കാട്ടി. കുട്ടനാട് പാക്കേജിനായി സമർപ്പിക്കപ്പെട്ട ഡി.പി.ആറുകൾ വേണ്ടത്ര അവധാനതയോടുകൂടിയല്ല തയ്യാറാക്കപ്പെട്ടത് എന്നാണ് മനസ്സിലാക്കുവാൻ സാധിക്കുന്നതെന്നും ഗുരുതരമായ വീഴ്ചയാണ് ഇക്കാര്യത്തിൽ ഉണ്ടായതെന്നും സമിതി അഭിപ്രായപ്പെട്ടു. പദ്ധതിയുടെ കാലാവധി കഴിഞ്ഞതിന് ശേഷം അംഗീകാരത്തിനായി കൊടുത്തതുകൊണ്ട് വളരെ വലിയ നഷ്ടം ഉണ്ടായതായും, പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഒരു ആസൂത്രണവും ഉണ്ടായില്ലെന്നും, കാര്യമായ മേൽനോട്ടം പോലും നടന്നിരുന്നില്ലെന്നും, 2013 ആയപ്പോഴേക്കും, ഇതുമായി ബന്ധപ്പെട്ട യോഗങ്ങൾ കൂടി നിർത്തിയതായാണ് കാണുവാൻ സാധിക്കുന്നതെന്നും സമിതി ചൂണ്ടിക്കാട്ടി.

35. തടാകത്തിലെ ജലത്തിന്റെ വ്യാപ്തി പുനരുദ്ധരിക്കുകയും ലവണത്വം, വെള്ളപ്പൊക്കം എന്നീ പ്രശ്നങ്ങളുടെ പരിഹാരവും മലിനീകരണ നിയന്ത്രണവും,

മണ്ണൊലിക്കൽ തടയുക എന്നിവയെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു ഏകീകൃത പ്രവർത്തന പദ്ധതി തയ്യാറാക്കാൻ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിനെ ചുമതലപ്പെടുത്തിയതിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി കൃഷിവകുപ്പിനോട് നിർദ്ദേശിച്ചു

36. അഗ്രികൾച്ചർ ക്രോപ്പ് കലണ്ടർ സംബന്ധിച്ച സ്ഥിതി ആരാഞ്ഞതിന് ക്രോപ്പ് കലണ്ടർ ഇപ്പോൾ തയ്യാറാക്കുന്നുണ്ടെന്നും കുട്ടനാട്ടിൽ രണ്ട് കൃഷി ചെയ്യുന്നുണ്ടെന്നും, സെപ്റ്റംബർ മാസം മുതലാണ് പുഞ്ചകൃഷി ചെയ്യുന്നതെന്നും, മെയ് മുതൽ സെപ്റ്റംബർ വരെയുള്ളത് അഡീഷണൽ ക്രോപ്പ് ആണെന്നും, ഒക്ടോബർ-നവംബർ മാസങ്ങളിൽ വിത്ത് വിതച്ചാൽ ഫെബ്രുവരിയിൽ കൊയ്യാൻ സാധിക്കുമെന്നും, എന്നാൽ രണ്ട് ക്രോപ്പും കൃഷി ചെയ്യുന്ന പാടശേഖരങ്ങളിലാണെങ്കിൽ ഒക്ടോബർ നവംബറിലുള്ള കൃഷി ചെയ്യാൻ സാധിക്കില്ലെന്നും, കഴിഞ്ഞ പ്രളയത്തിൽ അഡീഷണൽ ക്രോപ്പ് മുഴുവൻ നഷ്ടപ്പെട്ടതുകൊണ്ട് എല്ലാവരും നേരത്തേ വിതച്ചതിനാൽ ഇത്തവണ പ്രതീക്ഷിച്ചതിലും നല്ല വിളവ് കിട്ടിയെന്നും, ഒക്ടോബർ നവംബറിൽ തന്നെ എല്ലാ പാടങ്ങളിലും വിത്ത് വിതയ്ക്കണമെന്ന തീരുമാനം എടുത്തിട്ടുണ്ടെന്നും യഥാസമയം വിതച്ചാൽ വിളവെടുപ്പും കൃത്യമായി നടക്കുമെന്നും ക്രോപ്പ് കലണ്ടർ ആദ്യമായിട്ടാണ് തയ്യാറാക്കുന്നതെന്നും ഫലപ്രദമാകുകയാണെങ്കിൽ ആയത് തുടർന്നുള്ള വർഷങ്ങളിലും തയ്യാറാക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും കൃഷി വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

സമിതി നിർദ്ദേശിച്ച പ്രകാരം ലഭ്യമാക്കിയ അധികവിവരങ്ങൾ അടങ്ങിയ സർക്കാർ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

37. കുട്ടനാട് പ്രദേശത്തെ സമഗ്ര വികസനം ലക്ഷ്യമാക്കി രൂപീകരിച്ച സംസ്ഥാനത്തിന്റെ ബൃഹത്തായ പദ്ധതികളിലൊന്നായ കുട്ടനാട് പാക്കേജിന് കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമായിട്ടും ആയത് ഫലപ്രദമായി ഉപയോഗപ്പെടുത്തുവാനോ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനോ സാധിക്കാത്തത് വകുപ്പുകളുടെ അനാസ്ഥയും ഏകോപനമില്ലായ്മയും മൂലമാണെന്ന് സമിതി നിരീക്ഷിക്കുന്നു. തൽഫലമായി കോടികണക്കിന് രൂപയുടെ കേന്ദ്ര സഹായം ലാപ്സാവുകയും പ്രസ്തുത ചെലവ് സംസ്ഥാന സർക്കാർ വഹിക്കേണ്ടി വരികയും ചെയ്തുവെന്നത് സമിതി അതീവ ഗൗരവത്തോടെ കാണുന്നു. ഡി.പി.ആറുകൾ

തയ്യാറാക്കുന്നതിലെ കാലതാമസം, പദ്ധതി നടത്തിപ്പിനുള്ള ഏജൻസികളെ കണ്ടെത്തുന്നതിനുള്ള കാലതാമസം, വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ മേൽനോട്ടക്കുറവ് എന്നിവയെല്ലാം കുട്ടനാട് പാക്കേജ് ലക്ഷ്യപ്രാപ്തിയിലെത്തുന്നതിന് തടസ്സമായി എന്ന് സമിതി നിരീക്ഷിക്കുന്നു. പദ്ധതികൾ തയ്യാറാക്കുന്ന വേളയിൽ അവ പ്രായോഗികമാണോ എന്ന് പരിശോധിക്കാതെ തയ്യാറാക്കിയതിന്റെ ഫലമായി അനുവദിക്കപ്പെട്ട തുക വിനിയോഗിക്കാൻ കഴിയാതിരുന്നുവെന്നും പദ്ധതി നടപ്പിലാക്കുന്നതിന് അവലംബിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പലതും ലംഘിക്കപ്പെട്ടുവെന്നും സമിതി മനസ്സിലാക്കുന്നു. 2006-ൽ ഇന്ത്യ ഗവൺമെന്റും 2008-ൽ സംസ്ഥാന ഗവൺമെന്റും അംഗീകാരം നൽകിയ പദ്ധതിയുടെ എസ്റ്റിമേറ്റ് പല തവണ റിവൈസ് ചെയ്തതിന്റെ ഫലമായി പദ്ധതി അടങ്കൽ തുകയിൽ 151 % വർദ്ധനവ് ഉണ്ടായതായും 2010 മുതൽ 2013 വരെയുള്ള വർഷങ്ങളിൽ പദ്ധതിയുടെ നിരീക്ഷണം നടന്നതായി കാണുന്നില്ലെന്നും സമിതി മനസിലാക്കുന്നു. ആയതിനാൽ 2010 മുതൽ 2013 വരെയുള്ള കാലയളവിൽ കുട്ടനാട് വികസന പാക്കേജിൽ ശുപാർശ ചെയ്യപ്പെട്ട ജോലികളിൽ പദ്ധതി അടങ്കൽ തുകയിൽ അധിക ചെലവുണ്ടായതിന്റെ കാരണം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

38. കുട്ടനാട് പാക്കേജിന്റെ പ്രധാനപ്പെട്ട പ്രവൃത്തികളായ തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവെ എന്നിവയുടെ ഡി പി ആറുകൾ രണ്ടായി വിഭജിക്കണമെന്ന് CWC നിർദ്ദേശിച്ചത് സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ അവ രണ്ടും പ്രത്യേക പ്രവൃത്തിയായി ഉൾപ്പെടുത്തിയത് കൊണ്ടാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നിരുന്നാലും, കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കേണ്ട ഒരു പദ്ധതി വിഭജിക്കപ്പെട്ടതിനാൽ കേന്ദ്ര സർക്കാർ ഫണ്ട് ലഭിക്കാതെ വന്നതിനെ തുടർന്ന് സംസ്ഥാന സർക്കാരിന് അധിക ബാധ്യത വഹിക്കേണ്ടിവന്നുവെന്ന് സമിതി നിരീക്ഷിക്കുന്നു. തണ്ണീർമുക്കം ബണ്ട് പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിനായി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ സമീപത്തുള്ള തടസ്സങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

39. തണ്ണീർമുക്കം ബണ്ടിന്റെ ഡിപിആർ ഇന്റർമിനിസ്റ്റീരിയൽ അപ്രൂവൽ നേടുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചുവെങ്കിലും ആയതിന് നാളിതുവരെ അംഗീകാരം ലഭിക്കാത്തതിൽ സമിതി ഖേദം രേഖപ്പെടുത്തുന്നു. എഫ്.എം.പി.

പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തിക്ക് കേന്ദ്ര സഹായം ലഭിക്കുന്നതിന് IMC ക്ലിയറൻസ് ആവശ്യമാണെന്നിരിക്കേ ആശയവിനിമയത്തിലൂടെ കേന്ദ്ര സർക്കാരിൽ നിന്ന് ടി അംഗീകാരം നേടിയെടുക്കാൻ കഴിയാതിരിക്കുന്നത് വകുപ്പിന്റെ അനാസ്ഥയാണെന്ന് സമിതി കരുതുന്നു. തോട്ടപ്പള്ളി സ്പിൽവേയുടെ ജലനിർഗ്ഗമന ശേഷി വർദ്ധിക്കുന്നതിന് 2019-20-ൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

40. ധനകാര്യ വകുപ്പ് റെസ്യൂം ചെയ്യുന്ന തുക യഥാസമയം വകുപ്പുകൾക്ക് തിരിച്ചു നൽകാത്തതിന്റെ ഫലമായി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ സാമ്പത്തിക വർഷാവസാനമായ മാർച്ച് 31-ന് മുൻപ് പൂർത്തീകരിക്കുവാൻ സാധിക്കുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ധനകാര്യ വകുപ്പ് റെസ്യൂം ചെയ്യുന്ന തുക സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ വകുപ്പുകൾക്ക് തിരികെ നൽകാൻ നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

41. മലിനീകരണ നിയന്ത്രണ നടപടികൾക്കുള്ള ജോലി മൂന്നിന്റെ ഭാഗമായി സസ്യങ്ങളുടെ പോഷകദ്രവ്യത്തിന്റെ അത്യധികമായ അളവ്, വലിയ തോതിലുള്ള ബാക്ടീരിയൽ കോളിഫോമുകൾ, കീടനാശിനികളുടെ അളവ്, പല സ്ഥലങ്ങളിലും ദുരിതപൂർണമായ വിധത്തിൽ സാന്ദ്രത കൂടിയ ലോഹങ്ങളുടെ മലിനീകരണം എന്നീ പ്രശ്നങ്ങൾ വൈദഗ്ധ്യത്തോടെ കൈകാര്യം ചെയ്യേണ്ടതുണ്ടെന്നും അതിനാൽ മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട് ചുമതലപ്പെട്ട പ്രോജക്ട് അതോറിറ്റി സസ്യപോഷണങ്ങളുടെയും ബാക്ടീരിയൽ കോളിഫോമിന്റെയും ഉയർന്ന തീവ്രത മൂലം ഉണ്ടാകുന്ന ജലമലിനീകരണം തടയുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

42. തടാകത്തിലെ ജലത്തിന്റെ വ്യാപ്തി പുനരുദ്ധരിക്കുക, ലവണത്വം, വെള്ളപ്പൊക്കം എന്നീ പ്രശ്നങ്ങളുടെ പരിഹാരം, മലിനീകരണ നിയന്ത്രണം, മണ്ണൊലിപ്പ് തടയുക എന്നിവയ്ക്കായി ഒരു ഏകീകൃത പ്രവർത്തന പദ്ധതി തയ്യാറാക്കാൻ സെന്റർ ഫോർ

എർത്ത് സയൻസ് സ്റ്റഡീസിനെ ചുമതലപ്പെടുത്തിയത് സംബന്ധിച്ചും ആയതിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ചും റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി കൃഷി വകുപ്പിനോട് നിർദ്ദേശിക്കുന്നു.

43. ആലപ്പുഴ ചങ്ങനാശ്ശേരി കനാൽ പദ്ധതി 'റിബിൾഡ് കേരള' പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിച്ചിട്ടുള്ള പക്ഷം ആയതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

44. കുട്ടനാട്ടിൽ പുഞ്ചകൃഷിയ്ക്കായി അഗ്രികൾച്ചറൽ ക്രോപ് കലണ്ടർ നടപ്പിലാക്കിയിട്ടുള്ളത് ഫലപ്രദമാണെന്ന് കണ്ടെത്തുന്ന പക്ഷം ആയത് തുടർന്നുള്ള വർഷങ്ങളിലും കൃത്യമായി അവലംബിക്കുന്നതിന് വേണ്ട സംവിധാനം ഒരുക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2013 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ഇക്കണോമിക് സെക്ടർ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.2.7.2.)

2.2.7.2 ഭൗതികവും സാമ്പത്തികവുമായ പുരോഗതി

സാമ്പത്തികവും ഭൗതികവുമായ പുരോഗതി നേടിയത് വിവിധ ലൈൻ ഡിപ്പാർട്ട്മെന്റുകളും/ഏജൻസികളും വഴിയാണ്. അതിന്റെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടത് താഴെ ചർച്ച ചെയ്യുന്നു.

i) ഭൗതിക പുരോഗതി

കെഡിപിയുടെ കീഴിൽ വരുന്ന പദ്ധതി/പ്രവർത്തനം 2013 ജൂലൈ/ ആഗസ്റ്റിലെ സ്ഥിതി അനുബന്ധം III ൽ കൊടുത്തിരിക്കുന്നു. പാക്കേജിന് അംഗീകാരം ലഭിച്ച് അഞ്ച് വർഷം ആയിട്ടും പറഞ്ഞിരിക്കുന്ന ലക്ഷ്യങ്ങളിൽ കൈവരിച്ച നേട്ടം പര്യാപ്തമല്ല എന്ന് ജലസേചനത്തിന്റെയും കൃഷി വകുപ്പിന്റെയും ഭൗതികാവസ്ഥ കാണിക്കുന്നു. അതിനാൽ കെഡിപിയുടെ ഉദ്ദേശിച്ച ലക്ഷ്യങ്ങൾ നേടാനായില്ല. റിപ്പോർട്ട് ചെയ്ത ഭൗതിക അവസ്ഥയും ശരിയായ അവസ്ഥയും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതിനുള്ള ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു:-

ക്രമ നം.	വകുപ്പ്/ ഏജൻസി	പദ്ധതി/ പ്രവർത്തനം	ജൂലൈ/ ആഗസ്റ്റ് (2013) മാസങ്ങളിൽ റിപ്പോർട്ട് ചെയ്ത നടത്തിപ്പിന്റെ പുരോഗതി	ഓഡിറ്റിന്റെ കണ്ടെത്തലുകൾ
1.	കേരള കാർഷിക സർവ്വകലാശാല	ഒആർഎആർഎസ്[11] ലാബ് കോംപ്ലക്സിന്റെ ശക്തിപ്പെടുത്തൽ	ലബോറട്ടറി സമുച്ചയത്തിന്റെ ശക്തിപ്പെടുത്തൽ, നിലവിലുള്ള ലബോറട്ടറിയും ട്രയിനിംഗ് ഹാൾ നവീകരണം, വിത്ത് ഉല്പാദന യൂണിറ്റ് ഉൾപ്പെടെ, മൊബൈൽ അഗ്രോ ക്ലിനിക് കം മൊബൈൽ ലാബ് സ്ഥാപിച്ചു.	ലബോറട്ടറിയുടെ കെട്ടിട നിർമ്മാണം പൂർത്തിയായി. എന്നാൽ ട്രെയിനിംഗ് സെന്റർ ഇനിയും പൂർത്തിയായിട്ടില്ല (മാർച്ച് 2014).
2.	കൃഷി	കൃഷിയുടെ യന്ത്രവൽക്കരണം- 328 മോട്ടറും 121 പെട്ടിപ്പറയുടെ വിതരണം	328 മോട്ടറും 121 പെട്ടിയും പ്പറയും[12] വിതരണം ചെയ്തു.	ഭാഗികമായി പൂർത്തിയാക്കി.
3.	ജസലേചനം	കരിയാറിനു കുറുകെ 33 സ്ഥിരമായ കോട്ടച്ചിറയുടെ ഓരുമുട്ട് നിർമ്മാണം	13-ാം ധനകാര്യ കമ്മീഷൻ അവാർഡിൻ കീഴിൽ ജോലി നടപ്പിലാക്കി.	കരിയാറിനു കുറുകെയുള്ള റഗുലേറ്റർ പൂർത്തിയായിട്ടില്ല. 33 എണ്ണത്തിൽ ഒരു ഓരുമുട്ട് മാത്രമേ പൂർത്തിയായിട്ടുള്ളു.

ii) സാമ്പത്തിക പുരോഗതി

എംഎസ്എസ്ആർഎഫ് ശിപാർശ ചെയ്ത ₹1,840.75 കോടി വരുന്ന ജോലികൾ മുഴുവനായും ജിഐെ അംഗീകരിച്ചുവെങ്കിലും, കുട്ടനാടിനെ 'പ്രത്യേക കാർഷിക മേഖലയായി' പ്രഖ്യാപിക്കുന്ന ₹15 കോടി ബജറ്റ് തുക വരുന്ന ഏഴാമത്തെ ജോലി ഉൾപ്പെടുത്താതെ ₹1,825.75 കോടിക്ക് പദ്ധതി നടപ്പിലാക്കാൻ ജിഒകെ തീരുമാനിച്ചു (ഒക്ടോബർ 2008). ജൂലൈ 2013 ൽ തുക അനുവദിച്ചതും, വിട്ടുകൊടുത്തതും, ഉപയോഗിച്ചതും താഴെ തന്നിരിക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു.

(₹ കോടിയിൽ)

വകുപ്പ്/സ്ഥാപനം	അനുവദിച്ച തുക	വിട്ടുകൊടുത്ത തുക	ജൂലൈ 2013-ൽ ഉപയോഗിച്ച തുക
ജലസേചനം	821.99	144.80	112.79
കൃഷി	131.59	71.64	68.61
സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ	15.23	9.40	9.29
കേരള കാർഷിക സർവ്വകലാശാല	42.06	31.28	10.15

11 ഓണാട്ടുകര പ്രാദേശിക കൃഷി ഗവേഷണ കേന്ദ്രം.

12 നെൽപാടങ്ങളിൽ നിന്ന് വെള്ളം കളയുവാനും അതുവഴി കൃഷിയോഗ്യമാക്കുവാനും തദ്ദേശജന്യമായി നിർമ്മിച്ച പമ്പ്സെറ്റ് ആണ് പെട്ടിയും പറയും.

മൃഗ സംരക്ഷണം	46.81	25.55	13.43
കേരള കന്നുകാലി വികസന ബോർഡ്	5.26	3.18	2.87
ഫിഷറീസ്	24.43	10.84	5.77
വനം	4.95	2.75	2.72
ഫിഷറീസ് റിസോഴ്സസ് മാനേജ്മെന്റ് ഏജൻസി	21.29	8.68	8.68
വിനോദസഞ്ചാരം	0.50	0.50	0.12
ശുചിത്വമിഷൻ	5.93	3	0.02
തദ്ദേശസ്വയംഭരണം	9.54	4.45	0.11
ആരോഗ്യം	0.22	0.22	0.50
അക്വാകൾച്ചർ വികസനത്തിനുള്ള ഏജൻസി, കേരളം	20.71	13.20	9.69
മണ്ണ് സംരക്ഷണം	15.25	7.28	6.76
ആകെ	**1,165.76**	**336.77**	**251.01**

ഉറവിടം : പ്രോജക്റ്റ് ഓഫീസുകൾ സമാഹരിച്ച സ്റ്റാറ്റസ് റിപ്പോർട്ട്, കുട്ടനാട് പാക്കേജിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ളത്.

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

08.05.2019, 15.05.2019, 24.07.2019 എന്നീ യോഗങ്ങളിൽ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

45.(i) ഭൗതിക പുരോഗതി :- കൃഷിയുടെ യന്ത്രവൽക്കരണം - 328 മോട്ടോറും 121 പെട്ടിയും പറയുടെയും വിതരണം ഭാഗികമായി മാത്രമേ പൂർത്തിയാക്കിയുള്ളൂ എന്ന ആഡിറ്റ് നിരീക്ഷണത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. മോട്ടോറും പെട്ടിയും പറയും വിതരണം ചെയ്തതായും, 2014-15 ൽ പണി പൂർത്തിയായതായും സ്പെഷ്യൽ സെക്രട്ടറി, കൃഷി വകുപ്പ് സമിതിയെ അറിയിച്ചു. തുടർന്ന് സമിതി, 13-ാം ധനകാര്യ കമ്മിഷന്റെ അവാർഡിന്റെ കീഴിൽ നടപ്പിലാക്കിയ ഓരുമുട്ടിന്റെ നിർമ്മാണം സംബന്ധിച്ച് വിശദീകരണം ആരാഞ്ഞു. കരിയാർ റെഗുലേറ്റർ കം ബ്രിഡ്ജ് പൂർത്തിയായതായും, ആറ് സ്ഥലത്ത് സ്ഥിരമായ സ്ട്രക്ചേഴ്സ് ഉണ്ടായിരുന്നതായും ഷട്ടർ മാത്രം സ്ഥാപിച്ചാൽ മതിയായിരുന്നതായും, 33 ഓരുമുട്ടുകളിൽ പൂർത്തിയായവ ഒഴികെ ബാക്കിയെല്ലാം ചെറിയ തോടുകളായതുകൊണ്ട് ചെയ്യേണ്ടെന്നും തീരുമാനിച്ചതായും ചീഫ് എഞ്ചിനീയർ കുട്ടനാട് പാക്കേജ് സമിതിയെ അറിയിച്ചു. സാങ്കേതിക പഠനം നടത്തിയതിന്റെ അഭിപ്രായത്തിൽ 33 ഓരുമുട്ട് വേണമെന്ന് ആദ്യം തീരുമാനിക്കുകയും

പിന്നീട് വേണ്ടെന്ന് വയ്ക്കുകയും ചെയ്ത വകുപ്പിന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

46. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, അനിമൽ ഹസ്ബൻഡറി, ഫിഷറീസ്, ലോക്കൽ സെൽഫ് ഗവൺമെന്റ്, അഡാക് (ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള), സോയിൽ കൺസർവേഷൻ തുടങ്ങിയ വകുപ്പുകൾക്കു അനുവദിച്ച ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

47.(ii). സാമ്പത്തിക പുരോഗതി :- കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി വനം വകുപ്പിന് അനുവദിച്ച ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച റിപ്പോർട്ട് സമിതി അംഗീകരിച്ചു.

48. റീ-ഇംമ്പേഴ്സ്മെന്റ് സ്കീം ആയിട്ടാണ് എഫ്.എം.പി.ഫണ്ട് റിലീസ് ചെയ്യുന്നതെന്നും ഓരോ പ്രവൃത്തി പൂർത്തീകരിക്കുമ്പോഴാണ് തുക റീ-ഇംമ്പേഴ്സ് ചെയ്ത് ലഭിക്കുന്നതെന്നും ചീഫ് എഞ്ചിനീയർ കുട്ടനാട് പാക്കേജ് സമിതിയെ അറിയിച്ചു. 2013 ജൂലൈ അടിസ്ഥാനത്തിൽ വിവിധ പ്രവൃത്തികൾക്കായി ജലവിഭവ വകുപ്പിന് 821 കോടി രൂപയ്ക്ക് അനുമതി ലഭിച്ചുവെങ്കിലും റിലീസ് ചെയ്തു ലഭിച്ചത് 144.80 കോടിയും അതിൽ തന്നെ വിനിയോഗിച്ചത് 112.79 കോടിയും മാത്രമാണെന്ന് സമിതി ചൂണ്ടിക്കാട്ടുകയും അനുമതി ലഭിച്ച തുകയും വിനിയോഗിച്ച തുകയും തമ്മിൽ ഇത്രയും അന്തരം വന്നതിലുള്ള കാരണവും 2013-നു ശേഷമുള്ള സാമ്പത്തിക പുരോഗതി എത്രയാണെന്നും സമിതി ആരാഞ്ഞു.

49. സാങ്ഷൻ ചെയ്ത തുക എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് അംഗീകാരം ലഭിച്ച പ്രോജക്ടിന്റെ തുകയാണ്, അതായത് അപ്രൂവ്ഡ് ഡി.പി.ആർ.-ൽ രേഖപ്പെടുത്തിയ തുകയാണ് 821 കോടി എന്നും ടി തുക സാങ്ഷൻ ചെയ്യാതെയും ഇരിക്കാമെന്നും നാളിതുവരെ 694 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞതായും ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. സാങ്ഷൻ ചെയ്ത തുക നൽകാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു. സാങ്ഷൻ ചെയ്ത തുക നൽകാതെയും ഇരിക്കാമെന്നും, കെൽ നാല് സ്കീമിന് 350 കോടി രൂപയുടെ ഇനിഷ്യൽ അപ്രൂവലാണ് ലഭിച്ചിരുന്നതെന്നും എന്നാൽ ഇന്റർ മിനിസ്റ്റിരിയൽ കമ്മിറ്റിയുടെ അപ്രൂവലിന് പോയപ്പോൾ 70 കോടി രൂപ മാത്രമാണ് ആദ്യ ഘട്ടത്തിൽ അനുവദിച്ചതെന്നും, പിന്നീടാണ് ബാക്കിയുള്ളതിന് അംഗീകാരം ലഭിച്ചതെന്നും, അംഗീകാരം ലഭിക്കുന്നതിന് മുമ്പ് തന്നെ പ്രോജക്ട്

തുടങ്ങിയതായും, സെക്കന്റ് ഫേസിനുള്ള ഫണ്ട് ഇന്റർ മിനിസ്റ്റീരിയൽ കമ്മിറ്റി അനുവദിച്ചു നൽകിയെങ്കിലും കേന്ദ്ര ബഡ്ജറ്റിൽ തുക കുറവായതിനാൽ ഫണ്ട് അനുവദിച്ചു കിട്ടിയില്ലെന്നും, ചീഫ് എഞ്ചിനീയർ കുട്ടനാട് പാക്കേജ് സമിതിയെ അറിയിച്ചു.

50. 2019 ജൂലൈ 31 അടിസ്ഥാനപ്പെടുത്തി ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, വിട്ടുകൊടുത്ത തുക, വിനിയോഗിച്ച തുക എന്നിവ കേന്ദ്ര സംസ്ഥാന ഫണ്ട് എന്നിങ്ങനെ തരംതിരിച്ചുള്ള പട്ടിക ഉൾപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

51. മത്സ്യബന്ധന-തുറമുഖ വകുപ്പിന് അനുവദിച്ച ഫണ്ടിന്റെ വിനിയോഗത്തെക്കുറിച്ച് സമിതി ആരാഞ്ഞു. അഡാക്കിന് അനുവദിച്ച 20 കോടി രൂപയിൽ 19.82 കോടി രൂപയാണ് നൽകിയതെന്നും ലഭിച്ച മുഴവൻ തുകയും വിനിയോഗിച്ചതായും പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

52. സമിതി തദ്ദേശസ്വയംഭരണ വകുപ്പിന് അനുവദിച്ച ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് ചർച്ച ചെയ്തു. കുടിവെള്ളം എത്തിക്കുന്നതിനുള്ള ആർ.ഒ.പ്ലാന്റുകൾ (റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ്) സ്ഥാപിക്കുന്നതിനുവേണ്ടിയാണ് തുക അനുവദിച്ചതെന്നും, ഒരു പഞ്ചായത്തിന് അനുവദിച്ച തുക മാത്രമേ തിരിച്ചടയ്ക്കാനുള്ളൂ എന്നും, പ്ലാന്റുകൾ നല്ല രീതിയിലാണ് പ്രവർത്തിച്ചിരുന്നതെന്നും, ആയതിനാൽ കുടിവെള്ളക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ സാധിച്ചതായും കഴിഞ്ഞ പ്രളയത്തിൽ ചില സ്ഥലങ്ങളിലെ പ്ലാന്റുകൾക്ക് നാശനഷ്ടം സംഭവിച്ചതായും അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് സമിതിയെ അറിയിച്ചു. കുട്ടനാട് പാക്കേജിൽ ആർ.ഒ. പ്ലാന്റുകൾ എത്ര പഞ്ചായത്തുകളിൽ സ്ഥാപിച്ചു എന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞു. അഞ്ച് പഞ്ചായത്തുകളിലായി 56 പ്ലാന്റുകൾ സ്ഥാപിച്ചതായും, അതിൽ 28 എണ്ണം പൂർണ്ണമായും പ്രവർത്തനക്ഷമമാണെന്നും കേടായ പ്ലാന്റുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്നും, അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി. ആർ.ഒ. പ്ലാന്റിന്റെ കപ്പാസിറ്റി സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഓരോ പ്ലാന്റും വ്യത്യസ്ത കപ്പാസിറ്റിയിലുള്ളവയാണെന്നും ആവർത്തന ചെലവ് കൂടുതലാണെന്നും പ്ലാന്റുകളുടെ അറ്റകുറ്റപ്പണികൾക്കായി ഫണ്ട് വകയിരുത്തിയിരുന്നില്ലെന്നും, രാമങ്കരി പോലുള്ള

പഞ്ചായത്തുകൾക്ക് തനത് ഫണ്ട് കുറവാണെന്നതിനാൽ പ്ലാൻ ഫണ്ടിൽ നിന്നും അറ്റകുറ്റപ്പണികൾക്കായി തുക ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായതായും, പ്രളയം ഉണ്ടായതിനു ശേഷം കൂടുതൽ ആർ.ഒ.പ്ലാന്റുകൾ സ്ഥാപിക്കാൻ ദുരിതാശ്വാസനിധിയിൽ നിന്നും ഫണ്ട് നൽകിയിട്ടുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

53. സമിതി ശുചിത്വമിഷന് അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച ആഡിറ്റ് പരാമർശത്തിന്മേൽ വിശദീകരണം ആരാഞ്ഞു. ലാട്രിനുകൾ സ്ഥാപിക്കുന്നതിനു വേണ്ടിയായിരുന്നു ശുചിത്വ മിഷന് ഫണ്ട് അനുവദിച്ചിരുന്നതെന്നും ടി ഫണ്ട് ഉപയോഗിച്ചില്ലെങ്കിലും സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായി ലാട്രിനുകൾ പണിതിരുന്നു എന്നും, അതിൽ കുറേയെണ്ണം പ്രളയത്തിൽ നശിച്ചു പോയതായും നാശനഷ്ടം സംഭവിച്ചവ പുനർനിർമ്മിക്കുന്നതിനായി ശുചിത്വ മിഷനിൽ നിന്നും ഫണ്ട് നൽകിയിട്ടുണ്ടെന്നും, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

54. പ്രത്യേകമായി ആവിഷ്കരിച്ച പദ്ധതികൾ റീ-ഇംബേഴ്സ്മെന്റ് രീതിയിൽ നടപ്പാക്കുമ്പോൾ നികുതി വരുമാനം കുറവുള്ള പഞ്ചായത്തുകൾക്ക് ആയത് നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ചൂണ്ടിക്കാട്ടി. സ്പെഷ്യൽ പ്രോജക്ടുകളിൽ റീ-ഇംപേഴ്സ്മെന്റ് രീതിയ്ക്ക് പകരം, മുൻകൂറായി തുക നൽകുന്ന സംവിധാനം ഉണ്ടായിരുന്നെങ്കിൽ പദ്ധതികൾ നടപ്പാക്കുന്ന ഏജൻസിക്ക് പ്രവൃത്തികൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് സൗകര്യമായിരുന്നുവെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. ജലസേചനം, കൃഷി തുടങ്ങിയ പല വകുപ്പുകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്തു കഴിഞ്ഞ് ബിൽ ട്രഷറിയിൽ കൊടുത്താൽ യഥാസമയം മാറിക്കിട്ടാത്ത അവസ്ഥയാണ് സംസ്ഥാനത്തുള്ളതെന്നും, ഫണ്ട് റിലീസ് ചെയ്താൽ മാത്രമേ സെൻട്രൽ ഗവൺമെന്റിൽ നിന്നും ക്ലിയറൻസ് ലഭിക്കുകയുള്ളൂവെന്നും ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ ചെയ്തു തീർക്കേണ്ട പദ്ധതികളാണ് ഇത്തരം വകുപ്പുകളിലുള്ളതെന്നും ആയതിനാൽ ഇത്തരം പദ്ധതികളെ ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് സമിതിയെ അറിയിച്ചു.

55. ആലപ്പുഴ ജില്ലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളെ പ്രത്യേകമായി സഹായിക്കണമെന്ന് 14,15 ധനകാര്യകമ്മീഷനുകളോട് ആവശ്യപ്പെട്ടിരുന്നതാണെന്നും സഹായമൊന്നും ലഭിച്ചിട്ടില്ലെന്നും, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് സമിതിയെ അറിയിച്ചു. കേന്ദ്ര സർക്കാർ അവരുടെ നിലവിലുള്ള സ്കീമുകളിൽ നിന്നും മാത്രമേ ഗ്രാന്റ് നൽകുകയുള്ളൂവെന്നും 2016-17 വരെ കേന്ദ്രസർക്കാരിൽ നിന്നും ഗ്രാന്റ് കൃത്യമായി ലഭിച്ചിരുന്നെങ്കിലും, 2017-18, 2018-19 വർഷങ്ങളിലെ പെർഫോമൻസ് ഗ്രാന്റ് ഇപ്പോഴും കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടില്ലെന്നും, ജനറൽ ഗ്രാന്റ് പോലും മാർച്ച് മാസത്തിന്റെ അവസാനമാണ് ലഭിച്ചതെന്നും, 250 കോടി രൂപ വീതം ഓരോ വർഷവും ലഭിക്കേണ്ടതായിരുന്നുവെന്നും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റെല്ലാം മാർച്ച് 31ന് മുമ്പ് കൊടുത്തിട്ടുള്ളതാണെന്നും, 15-ാംധനകാര്യകമ്മിഷൻ പെർഫോമൻസ് ഗ്രാന്റ് എന്ന ആശയം എടുത്തുകളയുകയാണെന്നും, അഡീഷണൽ ചീഫ് സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ് വിശദമാക്കി. തദ്ദേശസ്വയംഭരണ വകുപ്പിന് 9.54 കോടി രൂപ അനുവദിച്ചിട്ടും വളരെകുറച്ച് തുക മാത്രം ഉപയോഗപ്പെടുത്തിയതിനുള്ള കാരണം, ഏതൊക്കെ പ്രവൃത്തികൾ ആണ് ഏറ്റെടുത്തത്, എന്തുമാത്രം പ്രവൃത്തികൾ പൂർത്തീകരിച്ചു; അറ്റകുറ്റപ്പണികൾക്കായി ഫണ്ട് ലഭ്യമാക്കുമോ; ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

സമിതി ആവശ്യപ്പെട്ട അധികവിവരങ്ങൾ അടങ്ങിയ സർക്കാർ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

നിഗമനങ്ങൾ/ശിപാർശകൾ

56. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം കരിയാറിന് കുറുകെ 33 ഓരുമുട്ടുകൾ നിർമ്മിക്കുവാൻ സാങ്കേതിക പഠനം നടത്തി ഡിപിആർ തയ്യാറാക്കുകയും ആറെണ്ണം നിർമ്മിക്കുകയും ചെയ്ത ശേഷം ചെറിയ തോടുകളായതിനാൽ ശേഷിക്കുന്ന 27 ഓരുമുട്ടുകൾ ആവശ്യമില്ലെന്ന് നിശ്ചയിച്ച വകുപ്പിന്റെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഡിപിആർ തയ്യാറാക്കിയശേഷം ഇത്തരം പ്രവൃത്തികൾ ഉപേക്ഷിക്കുന്നത് യുക്തിയല്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ഇപ്രകാരമുള്ള വ്യതിയാനങ്ങൾ കഴിവതും ഒഴിവാക്കണമെന്നും 33 ഓരുമുട്ടുകളിൽ ആറെണ്ണം ഒഴികെയുള്ളവ വേണ്ടെന്ന് വയ്ക്കുവാനുണ്ടായ സാഹചര്യം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

57. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കൃഷി, സ്റ്റേറ്റ് ഹോർട്ടി കൾച്ചർ മിഷൻ, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, മൃഗസംരക്ഷണം, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്, വിനോദ സഞ്ചാരം, ആരോഗ്യം, മണ്ണ് സംരക്ഷണം എന്നിവയ്ക്ക് അനുവദിച്ച ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

58. തദ്ദേശസ്വയംഭരണ വകുപ്പിന് 9.54 കോടി രൂപ അനുവദിച്ചുവെങ്കിലും പ്രസ്തുത തുകയുടെ വിനിയോഗം പരിമിതപ്പെടുത്തിയതിനുള്ള കാരണങ്ങൾ, ഏറ്റെടുത്ത പ്രവൃത്തികൾ ഏതൊക്കെയാണ്, ഇവയിൽ എത്രമാത്രം പ്രവൃത്തികൾ പൂർത്തീകരിച്ചു അറ്റകുറ്റപ്പണികൾക്കായി ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2013 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ഇക്കണോമിക് സെക്ടർ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.2.8.1.)

2.2.8 പരിപാലനത്തിലെ പോരായ്മ

2.2.8.1 സാമ്പത്തിക പോരായ്മ.

i) അക്കൗണ്ടിന്റെ പരിപാലനം

ജിഒഐയിൽ നിന്നും ജിഒകെയിൽ നിന്നും പദ്ധതി നടപ്പിലാക്കുന്ന വകുപ്പുകൾക്ക് തുക ലഭിക്കുന്നു. ജലസേചന വകുപ്പിനും ഫിഷറീസ് വകുപ്പിനും ചെലവ് കണക്കിൽപ്പെടുത്താൻ നടന്നുകൊണ്ടിരിക്കുന്ന കേന്ദ്ര പദ്ധതികളുടെ സബ് ഹെഡ്ഡുകൾ ഉണ്ടെങ്കിലും മറ്റ് എട്ട് വകുപ്പുകൾക്കും അത്തരത്തിലുള്ള ബജറ്റ് ഹെഡ്ഡുകൾ ഇല്ല. തൽഫലമായി കെഡിപിയ്ക്കായി ചെലവാക്കിയ തുക കണ്ടെത്തുകയും അത് സംസ്ഥാനത്തിന്റെ അക്കൗണ്ടിൽ കാണിച്ച തുകയുമായി താരതമ്യപ്പെടുത്തുന്നതും എളുപ്പമായിരുന്നില്ല.

പ്രധാനമായും ജലസേചന വകുപ്പിലാണ് കുറഞ്ഞ തുക വിട്ടുകൊടുത്തത് എന്ന് കാണപ്പെട്ടു. ഡിപിആറുകൾ തയ്യാറാക്കുന്നതിലും സമർപ്പിക്കുന്നതിലുമുള്ള കാലതാമസവും തുകയുടെ മുമ്പ് നൽകിയ തവണകളുടെ കുറഞ്ഞ ഉപയോഗം കാരണം തുക വിട്ടുകൊടുക്കുന്നതിൽ കാലതാമസം വന്നതായി ഓഡിറ്റ് നിരീക്ഷിച്ചു.

ii) ജലസേചന വകുപ്പ് അനുവദിച്ച തുക ഉപയോഗിക്കാതിരിക്കൽ

ജലസേചന വകുപ്പിനെ ഏൽപ്പിച്ച കെഡിപിക്കു കീഴിലുള്ള പദ്ധതിക്കു വേണ്ട തുക വെള്ളപ്പൊക്ക പരിപാലന പരിപാടികളിൽ (എഫ്എംപി) നിന്നും 13-ാമത് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും വിട്ടുകൊടുത്തു. ജില്ലാ ട്രഷറി ആലപ്പുഴയിൽ സിഇ(കെപി) രണ്ടു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് (ടിഎസ്ബി) അക്കൗണ്ട്സ്[13] നിലനിർത്തി.

ബജറ്റിൽ മൊത്തമായി വകകൊള്ളിച്ച എഫ്എംപി പദ്ധതികൾക്കായിട്ടുള്ള ചെലവിന്റെയും അനുവദിച്ച തുക വിനിയോഗിക്കാതെയും ഇരുന്ന എഫ്എംപി പദ്ധതികളുടെ ചെലവ് വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

(₹ കോടിയിൽ)

വർഷം	ബജറ്റിലുള്ള മൊത്തം ഗ്രാന്റ് (യഥാർത്ഥവും അനുബന്ധമായതും)	ചെലവ്	തിരിച്ചടച്ചത്
2010-11	84.63	36.48	48.14
2011-12	350.00	2.79	347.21
2012-13	200.00	100.95	98.81
ആകെ	**634.63**	**140.22**	**494.16**

ഉറവിടം : ജലസേചന വകുപ്പ് നൽകിയ വിശദാംശങ്ങളിൽ നിന്നും ഓഡിറ്റ് സമാഹരിച്ചത്.

മുകളിലത്തെ പട്ടികയിൽ കാണുന്നത് ₹634.63 കോടി അനുവദിച്ചതിൽ ₹494.16 കോടി പദ്ധതി നടത്തിപ്പിലെ കാലതാമസം കാരണം തിരിച്ചടച്ചു. ₹140.22 കോടി ചെലവായി കാണിച്ചിരിക്കുന്നതിൽ ₹51.61കോടി ടിഎസ്ബി അക്കൗണ്ടിൽ തന്നെ ഉണ്ടായിരുന്നു എന്നും കൂടി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു (മാർച്ച് 2013).

അതോടൊപ്പം ചില പദ്ധതികൾ എഫ്എംപിയുടെ മാർഗ്ഗ നിർദ്ദേശക രേഖകളുമായി ചേരാത്തതിനാൽ ജലസേചന വകുപ്പിന് ഗ്രാന്റിൽ നിന്ന് ₹24.72 കോടി[14] ലഭിച്ചു. അതിൽ ₹8.40 കോടി മാത്രം ചെലവഴിക്കുകയും ബാക്കി ₹16.31 കോടി ഉപയോഗപ്പെടുത്താതെ ടിഎസ്ബി അക്കൗണ്ടിൽ ഉണ്ടായിരുന്നു (മാർച്ച് 2013). അതിനാൽ തുക ₹67.92 കോടി രണ്ട് ടിഎസ്ബി അക്കൗണ്ടുകളിലായി ബാക്കി ഉണ്ടായി.

പദ്ധതിയുടെ നടത്തിപ്പ് മന്ദഗതിയിലായതിനാൽ തടയണയുടെ പണി പൂർത്തിയാവാത്തതിനാൽ ലവണത്വത്തിന്റെ അതിക്രമം ഉണ്ടാവുകയും പുറത്തുള്ള ബണ്ട് ശക്തിപ്പെടുത്താത്തതു കാരണം പുറത്തുള്ള ബണ്ടിൽ വിള്ളലുണ്ടാവുകയും ചെയ്തത്

13 അക്കൗണ്ട് നമ്പർ 4821 എഫ്എംപിക്കും 4868 ടിഎൻഎഫ്സി

14 ₹11.68 കോടി 2011-12 ലും, ₹13.04 കോടി 2012-13.

കുട്ടനാടിന്റെ കൃഷിയെ പ്രതികൂലമായി ബാധിച്ചു.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

24.07.2019-ലെ യോഗത്തിൽ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

59. ജലസേചന വകുപ്പിലാണ് ഡി.പി.ആറുകൾ തയ്യാറാക്കുന്നതിലും സമർപ്പിക്കുന്നതിലും കാലതാമസമുണ്ടായതെന്നും, തുക നൽകുന്നതിനുള്ള തവണകളുടെ എണ്ണം കുറവായതു കാരണം തുക വിട്ടുകൊടുക്കുന്നതിന് കാലതാമസം വന്നതുമായി ബന്ധപ്പെട്ട ആഡിറ്റ് നിരീക്ഷണം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. ജലസേചന വകുപ്പിനെ ഏൽപ്പിച്ച കെഡിപിക്കു കീഴിലുള്ള പദ്ധതിക്കു വേണ്ട തുക വെള്ളപ്പൊക്ക പരിപാലന പരിപാടികളിൽ നിന്നും 13-ാമത് ധനകാര്യകമ്മിഷൻ ഗ്രാന്റിൽ നിന്നും വിട്ടുകൊടുത്തതാണെന്നും 2011-12 ലാണ് ഏറ്റവും കുറവ് ചെലവ് വന്നതെന്നും, ജലവിഭവ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

60. കേന്ദ്രവിഹിതവും സംസ്ഥാനവിഹിതവും ബഡ്ജറ്റിൽ കാണിച്ചെങ്കിൽ മാത്രമേ എഫ്.എം.പി പദ്ധതികൾക്കായി കേന്ദ്രഫണ്ട് ലഭിക്കുകയുള്ളൂ എന്ന് ചീഫ് എഞ്ചിനീയർ കുട്ടനാട് പാക്കേജ് സമിതി മുൻപാകെ ബോധിപ്പിച്ചു. ഡി.പി.ആർ തയ്യാറാക്കുന്നതിലും, സമർപ്പിക്കുന്നതിലും, ജലസേചന വകുപ്പിന്റെ ഭാഗത്ത് നിന്ന് കാലതാമസമുണ്ടായതായി സീനിയർ ഓഡിറ്റ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു. കുട്ടനാട് വികസനപാക്കേജിന് എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് സമിതി ആരാഞ്ഞതിന് പ്രോജക്ട് ഓഫീസറുടെ ചുമതല ലാൻഡ് റവന്യൂ കമ്മീഷണർക്കായിരുന്നുവെന്നും, ഓഫീസിന്റെ നടപടികൾ അവസാനിപ്പിച്ചതിനാൽ രേഖകളെല്ലാം കൃഷിവകുപ്പ് ഡയറക്ടറേറ്റിലെ റെക്കോർഡ്സ് റൂമിൽ സൂക്ഷിച്ചിട്ടുണ്ടെന്നും, റാണി, ചിത്തിര കായലിന്റെ 2.46 കോടി രൂപയുടെ സിവിൽ വർക്കിന്റെ പണി മാത്രമേ ബാക്കിയുള്ളു എന്നും, ജലസേചന വകുപ്പിന്റെ വെള്ളപ്പൊക്ക പരിപാലന പരിപാടി ഇപ്പോഴും തുടരുന്നതായും, അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതി പൂർത്തിയാക്കാൻ രണ്ട് മാസം കൂടി സമയം വേണമെന്നും, 2015 വരെ 75 ശതമാനമായിരുന്ന കേന്ദ്രവിഹിതം അതിനുശേഷം 50 ശതമാനം ആക്കിയതായും, കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭിച്ച പ്രോജക്ടുകൾ അതാത് വകുപ്പുകൾ കൈകാര്യം ചെയ്യുകയാണെന്നും ചീഫ് എഞ്ചിനീയർ കുട്ടനാട് പാക്കേജ് മറുപടി നൽകി.

നിഗമനങ്ങൾ/ശിപാർശകൾ

61. റാണി ചിത്തിര കായലിന്റെ സിവിൽ വർക്ക് പ്രവൃത്തികൾ, വെള്ളപ്പൊക്ക പരിപാലന പരിപാടി പ്രകാരം അംഗീകാരം ലഭിച്ച പദ്ധതികൾ തുടങ്ങിയവയുടെ പൂർത്തീകരണം സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2013 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ഇക്കണോമിക് സെക്ടർ സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.2.8.2)

2.2.8.2 സംഘടനാപരമായ പോരായ്മകൾ

ഒക്ടോബർ 2008-ൽ പദ്ധതിക്കു ജിഒകെയുടെ അംഗീകാരം ലഭിച്ചപ്പോൾ, പദ്ധതി നടപ്പാക്കുന്ന വിവിധ വകുപ്പുകളും/ഏജൻസികളും ഏകോപിപ്പിക്കുകയും വിവിധ ജോലികൾ/ പ്രവർത്തികൾക്കു ആവശ്യമായ തുക ലഭിക്കുന്നതിനു കേന്ദ്ര/സംസ്ഥാന സർക്കാരുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിന് ഒരു ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ് ഓഫീസറെ കുട്ടനാട് പാക്കേജിന്റെ ആദ്യ പ്രോജക്ട് ഓഫീസറായി നിയമിച്ചു[15] (ഡിസംബർ 2008). 23 മെയ് 2013 മുതൽ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസർ പ്രോജക്റ്റ് ഓഫീസറുടെ അധിക ചുമതല വഹിക്കുന്നു.

മൂന്ന് ജില്ലകളിലായി 10 വകുപ്പുകളും 11 ബന്ധപ്പെട്ട ഏജൻസികളും വഴി കെഡിപി നടപ്പിലാക്കേണ്ടതാണ്. വിവിധ നിരയിലുള്ള ഡിപ്പാർട്ട്മെന്റുകളേയും പദ്ധതി നടപ്പിലാക്കുന്ന ഏജൻസികളെയും ഏകോപിപ്പിക്കുന്നതും പാക്കേജിൽ ഉദ്ദേശിച്ച ജോലികൾക്ക് സർക്കാരിൽ നിന്നും തുക ലഭിക്കുന്നതിനായി നിലവിലുള്ള പദ്ധതികൾക്കു കീഴിൽ ഡിപിആറുകൾ തയ്യാറാക്കുവാനും സമർപ്പിക്കുവാനും പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ നിരയിലുള്ള ഡിപ്പാർട്ട്മെന്റുകളെ സഹായിക്കുന്നതും പ്രോജക്ട് ഓഫീസറാണ്. എംഎസ്എസ്ആർഎഫ് റിപ്പോർട്ടിൽ ശിപാർശചെയ്ത പോലെ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിളിനായി പ്രോജക്ട് ഓഫീസർ നൽകിയ അഭ്യർത്ഥന അംഗീകരിക്കുന്നതിനു പകരം ഏകോപന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു പബ്ലിക് റിലേഷൻസ് ഓഫീസർ ഉൾപ്പെടെ അധികം ഉദ്യോഗസ്ഥരെ നൽകിക്കൊണ്ട് പദ്ധതി കാര്യാലയം ശക്തിപ്പെടുത്താൻ ഏകോപന സമിതി

15 സർക്കാർ ഉത്തരവ് (ആർ റ്റി) നമ്പർ 9555/08/ജിഎഡി 9 തീയതി 12.12.2008

തീരുമാനിച്ചു (ഒക്ടോബർ 2010). പക്ഷെ അത് ഇനിയും ചെയ്തിട്ടില്ല. ഈ വകുപ്പുകൾ തമ്മിലും പ്രോജക്ട് ഓഫീസുമായും ഏകോപനം ഉണ്ടായില്ല എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിവിധ വകുപ്പുകൾ പല തലങ്ങളിൽ എടുത്ത തീരുമാനങ്ങൾ മറ്റ വകുപ്പുകളോ പ്രോജക്ട് ഓഫീസറോ അറിഞ്ഞിരുന്നില്ല. കൂടാതെ തുക ലൈൻ ഡിപ്പാർട്ടുമെന്റുകൾക്ക് നേരിട്ടാണ് വിട്ടുകൊടുത്തത്. ഈ വകുപ്പുകൾക്കുമേൽ പ്രോജക്ട് ഓഫീസർമാർക്ക് സാമ്പത്തിക നിരീക്ഷണം ഉണ്ടായിരുന്നില്ല. അതിനാൽ ശരിയായ നടത്തിപ്പിന് പ്രധാനമായ ഏജൻസികളുടെയും ലൈൻ ഡിപ്പാർട്ട്മെന്റിന്റെയും വിവിധ പരിപാടികൾ സമന്വയിപ്പിക്കുവാൻ പ്രോജക്ട് ഓഫീസറിനു സാധിച്ചില്ല. കിട്ടുന്ന മുറയ്ക്ക് പ്രോഗ്രസ് റിപ്പോർട്ടുകൾ സമാഹരിക്കുകയും അംഗീകാരത്തിനായി ഡിപിആറുകൾ അയച്ചുകൊടുക്കുകയും മാത്രമായി അദ്ദേഹത്തിന്റെ ജോലി ചുരുങ്ങി. കൃഷി, മൃഗസംരക്ഷണം, മണ്ണ് സംരക്ഷണം, എസ്എച്ച്എം എന്നീ വകുപ്പുകൾക്ക് അവരുടെ പുരോഗതി ചോദിക്കുമ്പോൾ മാത്രമേ സമർപ്പിക്കാറുള്ളു എന്ന് പദ്ധതി കാര്യാലയം ഓഡിറ്റിനെ അറിയിച്ചു (നവംബർ 2013).

ജിഐഐ സംസ്ഥാന സർക്കാരിന്റെ സമ്മതത്തോടെ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന കേന്ദ്ര പദ്ധതികൾക്കു കീഴിൽ കെഡിപിയ്ക്ക് തുക നൽകാൻ തീരുമാനിച്ചു. പല ജോലികളുടെയും ആവശ്യങ്ങൾ ഈ പദ്ധതികളുടെ മാർഗ്ഗനിർദ്ദേശ രേഖകൾക്കുള്ളിൽ ഉൾക്കൊള്ളിക്കാൻ കഴിയാത്തതിനാൽ എംഎസ്എസ്ആർഎഫിന്റെ ശിപാർശകളിൽ നിന്നും അത് വ്യതിചലിച്ചു. പാക്കേജിന് ആവശ്യത്തിന് അയവുണ്ടെന്നും പദ്ധതിക്കായി ഫണ്ടിംഗ് ഉറവിടങ്ങൾ തീരുമാനിക്കാനുള്ള വിവേചനാധികാരം സംസ്ഥാന സർക്കാരിന് ഉണ്ടെന്നും സെക്രട്ടറി ജിഐഐ (കൃഷിയും സഹകരണവും) ഒരു അവലോകന കൂടിക്കാഴ്ചയിൽ പ്രസ്താവിച്ചു (ഫെബ്രുവരി 2009). അതിനാൽ ശിപാർശകൾ ലംഘിക്കാതെ ഫണ്ടിങ്ങിനായി മറ്റ് ഉറവിടങ്ങൾ സംസ്ഥാന സർക്കാരിന് തേടാമായിരുന്നു.

മൂന്ന് പ്രധാനപ്പെട്ട സമിതികൾ അവയുടെ ഉത്ഭവം മുതൽ മാർച്ച് 2013 വരെ നടത്തിയ കൂടിക്കാഴ്ചകളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

സമിതിയുടെ പേര്	അദ്ധ്യക്ഷത വഹിക്കുന്നത്	സമിതി രൂപീകരിച്ചത്	ഓരോ സാമ്പത്തിക വർഷവും നടത്തിയ കൂടിക്കാഴ്ചകളുടെ എണ്ണം.
കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ	മുഖ്യമന്ത്രി	15 ഒക്ടോബർ 2008	2008-09 :1 2009-10 :2 2010-11 :1 2011-12 :3 2012-13 :1
ഏകോപന സമിതി	ചീഫ് സെക്രട്ടറി	15 ഒക്ടോബർ 2008	2008-09 :1 2009-10 :7 2010-11 :5 2011-12 :3 2012-13 :1
ജോലി നടത്തുന്ന സമിതി	അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ	15 ഒക്ടോബർ 2008	2008-09 :1 2009-10 :5 2010-11 :4 2011-12 :2 2012-13 :1

2012-13 ൽ മൂന്ന് സമിതികളും ഒരു മീറ്റിംഗ് മാത്രമാണ് നടത്തിയത് എന്ന് ഓഡിറ്റിൽ കാണപ്പെട്ടു. ഇത് കെഡിപിയുടെ നടത്തിപ്പിൽ മോശമായ നിരീക്ഷണത്തെയാണ് സൂചിപ്പിക്കുന്നത്.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

24.07.2019-ലെ യോഗത്തിൽ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

62. കുട്ടനാട് വികസന പാക്കേജ് നടപ്പാക്കുന്ന വിവിധ വകുപ്പുകളും/ഏജൻസികളും, പ്രോജക്ട് ഓഫീസും തമ്മിൽ ഏകോപനം ഉണ്ടായില്ല എന്ന ആഡിറ്റ് നിരീക്ഷണം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. വകുപ്പുകളുടെ മേൽ പ്രോജക്ട് ഓഫീസർക്ക് സാമ്പത്തിക നിരീക്ഷണം ഉണ്ടായിരുന്നില്ലെന്നും, പ്രോഗ്രസ് റിപ്പോർട്ടുകളും, ഡി.പി.ആറുകളും മാത്രമേ അറിയിക്കേണ്ടതുണ്ടായിരുന്നുള്ളു എന്നും ചീഫ് എഞ്ചിനീയർ കുട്ടനാട് പാക്കേജ് സമിതിയെ അറിയിച്ചു. സെക്രട്ടറിതലത്തിൽ നടന്ന മീറ്റിംഗുകളെകുറിച്ച് വ്യക്തത ഇല്ലെന്ന് ജലവിഭവ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ആറുമാസത്തിലൊരിക്കൽ സെക്രട്ടറിയും മാസത്തിലൊരിക്കൽ ചീഫ് എഞ്ചിനീയറും റിവ്യൂ നടത്തിയിരുന്നതായും, ഇന്റേണൽ റിവ്യൂ പ്രോപ്പറായി നടത്തിയിട്ടുണ്ടെന്നും ചീഫ് എഞ്ചിനിയർ, കുട്ടനാട് പാക്കേജ് സമിതിയെ അറിയിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

63. 2012-13 കാലയളവിൽ കുട്ടനാട് പ്രോസ്പിറിറ്റി കൗൺസിൽ, പദ്ധതി നടത്തുന്ന സമിതി, ഏകോപന സമിതി ഇവയെല്ലാം ഒരു മീറ്റിംഗ് മാത്രമേ നടത്തിയിട്ടുള്ളൂവെന്നും ഇത്, കുട്ടനാട് വികസന പാക്കേജിന്റെ നടത്തിപ്പിലുള്ള നിരീക്ഷണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നതെന്നും സമിതി മനസിലാക്കുന്നു. കുട്ടനാട് പ്രോജക്റ്റ് ജലവിഭവ വകുപ്പിന് ലഭിച്ച ബൃഹത്തായ പദ്ധതിയായിരുന്നുവെന്നും പ്രസ്തുത പദ്ധതി ശരിയായ രീതിയിൽ നിരീക്ഷിക്കുകയും അവലോകനം ചെയ്യുകയും ചെയ്തിരുന്നുവെങ്കിൽ പദ്ധതി നടപ്പിലാക്കുന്നതിൽ ഇത്രയധികം കാലതാമസം ഉണ്ടാകുമായിരുന്നില്ലായെന്നും സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ നടത്തി കുട്ടനാട് പാക്കേജിന്റെ തുടർന്നുള്ള ജോലികൾ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2013 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ഇക്കണോമിക് സെക്ടർ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.2.9.1).

2.2.9 ജലസേചന വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

മൊത്തം പദ്ധതി തുകയായ ₹1,840.75 കോടിയിൽ ₹1,518.50 കോടി (82 ശതമാനം) വകയിരുപ്പ് വരുന്ന പദ്ധതി നടപ്പിലാക്കേണ്ടത് ജലസേചന വകുപ്പ് ആയതിനാൽ കെഡിപിയുടെ നടത്തിപ്പിൽ പ്രധാന പങ്ക് വകുപ്പിന് ഉണ്ടായിരുന്നു. എങ്കിലും ഈ വകുപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിന് ചെയ്തു തീർക്കേണ്ട പണികൾ നിർണ്ണയിക്കുകയോ സമയക്ലിപ്തത നിശ്ചയിക്കുകയോ ചെയ്യുന്ന സമഗ്രമായ രൂപരേഖ തയ്യാറാക്കിയിരുന്നില്ല. അതിനെ കുറിച്ച് താഴെ പറയുന്ന ഖണ്ഡികകളിൽ ചർച്ച ചെയ്യുന്നു.

2.2.9.1 ഡിപിആറുകൾ തയ്യാറാക്കുന്നതിലും സമർപ്പിക്കുന്നതിലുമുള്ള കാലതാമസം

ജലസേചന വകുപ്പ് തയ്യാറാക്കിയ ഡിപിആറുകൾക്കായി പദ്ധതി തുക ₹3,804.65 കോടിയാണ് (ജൂലൈ 2013) (അനുബന്ധം III) നിർണ്ണയിച്ച പദ്ധതിക്കു വേണ്ടി വകയിരുത്തിയിട്ടുള്ള ₹1518.50 കോടിയുടെ 151 ശതമാനം വർദ്ധനവാണ് കാണിച്ചിരിക്കുന്നത്. 2006 ഷെഡ്യൂൾ ഓഫ് റേറ്റ്സ് അനുസരിച്ചാണ് തുക നിർണ്ണയിച്ചിരിക്കുന്നത്. കൂടാതെ എല്ലാ വർഷവും പുതുക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെ

ഡിപിആറുകൾ സമർപ്പിക്കുന്നതിനും, ജിഒഐയിൽ നിന്ന് അംഗീകാരം ലഭിക്കുന്നതിലും ടെന്റർ വിളിക്കുന്നതിലും വന്ന കാലതാമസം പദ്ധതിയുടെ തുകയിൽ വലിയ വർദ്ധനവ് ഉണ്ടാകാൻ കാരണമായി. ആസൂത്രണത്തിന്റെ വിവിധ ഘട്ടങ്ങളിൽ വന്ന കാലതാമസം താഴെ വിശദീകരിച്ചിരിക്കുന്നു.

- കൃഷി വകുപ്പ് തയ്യാറാക്കിയ ഡിപിആറുകൾ വെള്ളപ്പൊക്ക പരിപാലന പരിപാടികളുടെ മാർഗ്ഗ നിർദ്ദേശക രേഖകളുമായി ചേർന്നു പോകുന്നവയല്ലാത്തതിനാൽ 2008 ഡിസംബറിൽ ജിഒഐ തള്ളിക്കളഞ്ഞു. തൽഫലമായി ജലസേചന വകുപ്പിൽ ഡിപിആറുകൾ പുതുക്കി തയ്യാറാക്കുന്നതിന് ഒരു നിയുക്ത സംഘത്തെ രൂപീകരിക്കുകയും (ഫെബ്രുവരി 2009) അവർ ആദ്യ ഡിപിആർ അയയ്ക്കുവാൻ ഒമ്പത് മാസം എടുക്കുകയും ചെയ്തു (നവംബർ 2009). ഫണ്ടിങ്ങ് പദ്ധതിയുമായി ബന്ധപ്പെട്ട അവ്യക്തതയും സംഘടനാപരമായ അംഗീകാരം ലഭിക്കാനുള്ളതിന്റെ കാലതാമസവുമാണ് മറ്റ് ശ്രദ്ധേയമായ കാരണങ്ങൾ.
- സെപ്തംബർ/നവംബർ 2010 ൽ ₹631.90[16] കോടി എസ്റ്റിമേറ്റ് തുക വരുന്ന രണ്ട്[17] ഡിപിആറുകൾ ജലസേചന വകുപ്പ് സമർപ്പിച്ചതിന്റെ നടത്തിപ്പ് കാലാവധി പതിനൊന്നാമത് പദ്ധതി കാലാവധിക്കപ്പുറമായിരുന്നു (2007-12). ആയതിനാൽ 11-ാം പദ്ധതി കാലാവധിയിൽ ₹176.13 കോടിയുടെ ഡിപിആറുകൾ ജിഒഐ ഭാഗികമായി അംഗീകരിച്ചു (മെയ്/നവംബർ 2011). ₹451.31 കോടി തുക വരുന്ന ഡിപിആറുകളുടെ അംഗീകരിക്കാത്ത ഭാഗം ജിഒകെ വഹിക്കേണ്ടി വരുന്നതിൽ പദ്ധതി തുകയുടെ ജിഒഐ പങ്കായ ₹338.48 കോടി (75 ശതമാനം) ഉൾപ്പെടുന്നു.

  വെള്ളപ്പൊക്ക പരിപാലന പരിപാടിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ വ്യക്തമായി 11-ാമത് പദ്ധതിയിൽ മാത്രമേ പ്രായോഗികമാക്കാൻ കഴിയൂ എന്ന് പ്രസ്താവിച്ചിട്ടുള്ളതിനാൽ പാക്കേജിന് ജിഒഐയുടെ അംഗീകാരം (ജൂലൈ 2008) ലഭിക്കുവാൻ അതിവേഗം ഡിപിആറുകൾ തയ്യാറാക്കേണ്ടതായിരുന്നു.

---

16 ഡിപിആറുകളുടെ മതിപ്പ് ചെലവായ ₹631.90 കോടിക്ക് എതിരായി ആസൂത്രണ കമ്മീഷനിൽ നിന്നും നേടിയ നിക്ഷേപ അനുമതി ₹627.44 കോടി ആയിരുന്നു.

17 കുട്ടനാട് പ്രദേശം ഘട്ടം I-231 പാടശേഖരത്തിൽ വെള്ളപ്പൊക്കം ലഘൂകരിക്കുക (₹379.15 കോടി), ഓണാട്ടുകര പ്രദേശത്തെ വെള്ളപ്പൊക്കം ലഘൂകരിക്കുക (₹252.75 കോടി).

- എഫ്എംപി പ്രകാരമുള്ള സഹായം ലഭിക്കുന്നതിന് ₹2,978.05 കോടിയുടെ അഞ്ച് ഡിപിആറുകൾ തയ്യാറാക്കിയത് അംഗീകാരം ലഭിക്കാതെ ബാക്കിയാവുകയും ചെയ്തു (ജൂലൈ 2013). അതിൽ പാരിസ്ഥിതികമായി പ്രാധാന്യമുള്ള ടിഎംബിയുടെയും ടിഎസ്ഡബ്ല്യുവിന്റെയും ആധുനീകരണം പോലെയുള്ള ഡിപിആറുകളും ഉൾപ്പെടുന്നു. പാക്കേജ് കാലാവധി കഴിഞ്ഞിരുന്നു എന്നും പക്ഷെ അനുവദിച്ച പദ്ധതികളുടെ നടത്തിപ്പ് തുടരാം എന്നും ജിഒഐ സംസ്ഥാന സർക്കാരിനെ അറിയിച്ചു (ഏപ്രിൽ 2013). തൽഫലമായി ഡിപിആറുകൾ തയ്യാറാക്കുന്നതിലെ കാലതാമസം കാരണം ശിപാർശ ചെയ്ത പദ്ധതികൾ പരിപൂർണമാക്കാൻ ജിഒകെ ₹2,233.54 കോടി (₹2,978.05 കോടിയുടെ 75 ശതമാനം) അധികഭാരം ഏൽക്കേണ്ടി വന്നു.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

24.07.2020-ലെ യോഗത്തിൽ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

64. ജലസേചന വകുപ്പ് തയ്യാറാക്കിയ ഡി.പി.ആറുകൾക്കായി നിർണ്ണയിച്ചിരിക്കുന്ന പദ്ധതി തുക ₹3804.65 കോടിയാണ്. പദ്ധതിക്കുവേണ്ടി വകയിരുത്തിയിട്ടുള്ള ₹1518.50 കോടിയിൽ നിന്ന് 151 ശതമാനം വർദ്ധനവാണ് ഇത് കാണിച്ചിരിക്കുന്നതെന്നും, 2006 ഷെഡ്യൂൾ ഓഫ് റേറ്റ്സ് അനുസരിച്ചാണ് തുക നിർണ്ണയിച്ചിരിക്കുന്നതെന്നും, കൂടാതെ എല്ലാവർഷവും പുതുക്കുകയും ചെയ്യുന്നുണ്ടെന്നും, അങ്ങനെ ഡിപിആറുകൾ സമർപ്പിക്കുന്നതിലും, ജി.ഒ.ഐയിൽ നിന്നും അംഗീകാരം ലഭിക്കുന്നതിലും ടെണ്ടർ വിളിക്കുന്നതിലും വന്ന കാലതാമസം പദ്ധതിയുടെ തുകയിൽ വലിയ വർദ്ധനവ് ഉണ്ടാകാൻ കാരണമായതായും ഉള്ള ആഡിറ്റ് നിരീക്ഷണം സംബന്ധിച്ച് സമിതി ചർച്ച ചെയ്തു. കൃഷിവകുപ്പ് തയ്യാറാക്കിയ ഡി.പി.ആറുകൾ വെള്ളപ്പൊക്ക പരിപാലന പരിപാടികളുടെ മാർഗ്ഗനിർദ്ദേശക രേഖകളുമായി ചേർന്നു പോകുന്നവയല്ലാത്തതിനാൽ 2008 ഡിസംബറിൽ ജി.ഒ.ഐ തള്ളിക്കളഞ്ഞതിനാൽ ജലസേചന വകുപ്പിൽ ഡി.പി.ആറുകൾ പുതുക്കി തയ്യാറാക്കുന്നതിന് ഒരു നിയുക്ത സംഘത്തെ രൂപീകരിക്കുകയും ആദ്യ ഡി.പി.ആർ അയയ്ക്കുവാൻ ഒമ്പത് മാസം എടുക്കുകയും ചെയ്തുതായി ആഡിറ്റ് നിരീക്ഷണം ഉണ്ടെന്നും ഡി.പി.ആർ തയ്യാറാക്കുന്ന സമയത്തും പ്രോജക്ടിന്റെ

അന്തിമരൂപം തയ്യാറാക്കുന്ന സമയത്തുമൊക്കെ വ്യക്തതയില്ലായിരുന്നു എന്നാണിതിൽ നിന്നും മനസ്സിലാക്കുന്നതെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു. 2013-ൽ ആദ്യത്തെ ഡി.പി.ആർ തയ്യാറാക്കുന്നതിന് 7 വർഷത്തെ കാലതാമസം വന്നെന്നും ഇത്രയും നീണ്ടകാലയളവിൽ ഒരു പദ്ധതിയും നടപ്പിലാക്കാൻ സാധിക്കുകയില്ലെന്നും സമിതി നിരീക്ഷിച്ചു.

65. പതിനൊന്നാം പദ്ധതി കാലാവധിയിൽ ₹176.13 കോടിയുടെ ഡി.പി.ആറുകൾ ജി.ഒ.ഐ. വഴി ഭാഗികമായി അംഗീകരിച്ചെന്നും ₹451.31 കോടി വരുന്ന ഡി.പി.ആറുകളുടെ അംഗീകരിക്കാത്ത ഭാഗം ജി.ഒ.കെ വഹിക്കേണ്ടിവരുന്നതിനാൽ പദ്ധതി തുകയുടെ ജി.ഒ.ഐ പങ്കായ ₹338.48 കോടി ഉൾപ്പെടുന്നതായും ആഡിറ്റ് നിരീക്ഷണം ഉണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടി. XI-ാം പദ്ധതിയിൽ വന്ന പ്രോജക്ടിന് ഡി.പി.ആർ തയ്യാറാകാത്തതിനാൽ ഫണ്ട് ലഭിച്ചില്ലെന്നും അതിവേഗം ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള സാങ്കേതികജ്ഞാനം ജലവിഭവ വകുപ്പിന് ഇല്ലായിരുന്നുവെങ്കിൽ ഐ.ഐ.ടിയെ പോലെ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്താമായിരുന്നില്ലേ എന്നും സമിതി ആരാഞ്ഞു.

66. അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കിട്ടിയ തീയതി നോക്കിയാൽ തന്നെ ഡി.പി.ആർ അംഗീകരിച്ചത് താമസിച്ചാണെന്ന് മനസ്സിലാക്കാമെന്നും, പ്രോജക്ട് അതോറിറ്റി ചുമതലപ്പെടുത്തുന്ന സമയം മുതലാണ് ഡി.പി.ആർ തയ്യാറാക്കി തുടങ്ങുന്നതിന് ഏജൻസികൾ ഉത്തരവാദികളാകുന്നതെന്നും, സങ്കീർണ്ണമായ ഘടന രൂപകല്പന ചെയ്യുന്നതിന് കൂടുതൽ കാലയളവ് വേണ്ടിവരുമെന്നും, തിരുത്തലുകൾക്കുള്ള സമയം കൂടി കാലതാമസത്തിലുൾപ്പെടുത്തണമെന്നും എല്ലാ സംവിധാനങ്ങളുമുള്ള ജി.ഒ.ഐ പോലും ഡി.പി.ആർ. തയ്യാറാക്കുന്നതിന് കുറഞ്ഞത് ആറ് മാസം എടുക്കാറുണ്ടെന്നും സി.ഡബ്ല്യൂ.സി പല ഡി.പി.ആറുകൾക്കും അംഗീകാരം നൽകുന്നതിന് ഒന്നരവർഷം വരെയെടുക്കുമെന്നും, ഡി.ആർ.ഐ.പി-ൽ കൊടുക്കുന്ന ഡി.പി.ആറുകൾ പരിശോധിച്ച് തരാൻ 18 മാസം വേണമെന്നാണ് അവരുടെ നിലപാടെന്നും, ജലവിഭവ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. പദ്ധതികൾ അനന്തമായി നീണ്ടുപോകുന്നതിന് ഒരു പരിഹാരം കണ്ടെത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

നിഗമനങ്ങൾ/ശിപാർശകൾ

67. ജലസേചന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ പ്രധാന കാരണം ഡിപിആർ തയ്യാറാക്കുന്നതിലും സമർപ്പിക്കുന്നതിലും കേന്ദ്രസർക്കാരിൽ നിന്നും അംഗീകാരം ലഭിക്കുന്നതിലും ഉണ്ടാകുന്ന കാലതാമസമാണെന്നും പ്രസ്തുത പിഴവ് പദ്ധതികളുടെ അടങ്കൽ തുകയിൽ വലിയ വർദ്ധനവിന് കാരണമാകുന്നുവെന്നും സമിതി വിലയിരുത്തുന്നു. ഇപ്രകാരം വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ അനന്തമായി നീണ്ടു പോകുന്നത് ഒഴിവാക്കുവാൻ ഒരു ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് വകുപ്പിന്റെ ഭാഗത്തു നിന്നും നടപടി ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2013 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ഇക്കണോമിക് സെക്ടർ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.2.9.2 – 2.2.12).

2.2.9.2 പദ്ധതി പ്രാവർത്തീകരണം

എംഎസ്എസ്ആർഎഫ് റിപ്പോർട്ടിൽ ശിപാർശ ചെയ്ത ജോലി 2 നം 8[18] നം കീഴിലുള്ള ₹1,518.50 കോടി ചെലവ് വരുന്ന പദ്ധതി ജലസേചന വകുപ്പിനെ ഏൽപ്പിച്ചത് പിന്നീട് എട്ട് ഉപജോലികൾ/പരിപാടികൾ/ഇടപെടലുകളായി തിരിച്ചു. കെഇഎൽ ഒന്നിനും രണ്ടിനും[19] കീഴിൽ നടപ്പിലാക്കിയ ജോലികൾ, സിയ്ക്കും ഡിയ്ക്കും അടുത്തുള്ള കായലിലും റാണിയിലും ചിത്തിരയിലും വെള്ളപ്പൊക്ക നിയന്ത്രണം, കരിയാറിനു കുറുകെ ബ്രിഡ്ജ് കം റഗുലേറ്ററിന്റെ നിർമ്മാണം എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കുകയും മൂന്നു പദ്ധതികൾ പൂർത്തിയാക്കാൻ നിശ്ചയിച്ച ദിവസം കഴിഞ്ഞിട്ടും അവ പൂർത്തിയാക്കിയിട്ടില്ല എന്ന് കണ്ടെത്തുകയും ചെയ്തു. കൂടാതെ യഥാർത്ഥ നടപ്പാക്കൽ എംഎസ്എസ്ആർഎഫിന്റെ ശിപാർശയിൽ നിന്ന് വഴിതെറ്റി പോയതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ പറഞ്ഞ ഘടകങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ ചർച്ച ചെയ്യുന്നു.

18 ടാസ്ക് 2- വെള്ളപ്പൊക്കത്തിന്റെയും ലവണത്വത്തിന്റെയും കാര്യക്ഷമമായ പരിപാലനവും വെള്ളത്തിന്റെ സ്വച്ഛന്ദമായ ഒഴുക്കും. ടാസ്ക് 8-നെൽകൃഷി വർദ്ധിപ്പിക്കുവാൻ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.

19 കെ.ഇ.എൽ. I നം II നം ജലവിഭവ മന്ത്രാലയം, ജിഒഐ അംഗീകരിച്ച പദ്ധതികൾക്ക് നൽകിയ കോഡുകളാണ്.

i) പുറമെയുള്ള ബണ്ടിന്റെ ഉയരം തെറ്റായ നിർണ്ണയം

കുട്ടനാടിലെ കൂട്ടമായി നിൽക്കുന്ന പാടശേഖരം എന്നു വിളിക്കുന്ന നെൽവയലുകളെ അതിന് ചുറ്റുമുള്ള ജലാശയങ്ങളിൽ നിന്നും രക്ഷിക്കുന്നതിന് പുറം ബണ്ട് പണിതിട്ടുണ്ട്. എല്ലാ വിളവെടുപ്പ് കാലങ്ങളിലും തുടർച്ചയായ വെള്ളപ്പൊക്കത്തിൽ നിന്നും ലവണജലത്തിന്റെ കടന്നു കയറ്റത്തിൽ നിന്നും രക്ഷിക്കുന്നതിന് പുറമേയുള്ള ബണ്ട് ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. പുറമെയുള്ള ബണ്ട് ശക്തിപ്പെടുത്തുക, അതുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യം ചെയ്യുക എന്നീ ജോലികൾക്കുള്ള ഫണ്ട് എഫ്എംപിയിൽ നിന്നുമാണ് ലഭിക്കുന്നത്. കഴിഞ്ഞ റിപ്പോർട്ടിൽ ശിപാർശ ചെയ്തതനുസരിച്ച് 10 വർഷത്തെ വെള്ളപ്പൊക്ക അളവിന്റെ ശരാശരി കണക്കിലെടുത്താണ് ബണ്ടിന്റെ ഉയരം നിശ്ചയിക്കുന്നത്. ഇതിനു പകരം ബണ്ടിന്റെ ഉയരം 25 വർഷത്തെ (എഫ്എംപി മാർഗ്ഗനിർദ്ദേശ രേഖകൾ) വെള്ളപ്പൊക്കത്തിന്റെ ആവർത്തനം കണക്കിലെടുത്താണ് നിർണ്ണയിച്ചതിനാൽ ബണ്ടിന്റെ വിഭാഗങ്ങളും ചെലവും കൂടി. എംഎസ്എസ്ആർഎഫ് ശിപാർശ ചെയ്ത ബണ്ടിന്റെ ഉയരം ഫ്ലഡ് പ്ലെയ്ൻ കുറയുന്നതുകൊണ്ടുള്ള പ്രതികൂല പാരിസ്ഥിതിക ആഘാതത്തിന്റെ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് ആയിരുന്നു. നെൽപ്പാടങ്ങൾ[20] ഉൾപ്പെടുന്ന കുട്ടനാടിന്റെ ചുറ്റ് പ്രദേശങ്ങൾ വെള്ളപ്പൊക്കം കുറയ്ക്കുക എന്ന പ്രധാനപ്പെട്ട സേവനം നിർവ്വഹിക്കുന്നതിനാൽ ശിപാർശ ചെയ്തതിനേക്കാൾ ഉയരത്തിൽ നെൽപ്പാടങ്ങളുടെ പുറം ബണ്ട് നിർമ്മിക്കുന്നത് ആവാസ പ്രദേശങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാക്കും. കാരണം ഈ ബണ്ടുകൾ മുങ്ങാത്തതിനാൽ വെള്ളപ്പൊക്കം നെൽപ്പാടങ്ങളിലേക്ക് കവിഞ്ഞൊഴുകാൻ അനുവദിക്കില്ല.

അതിനാൽ എംഎസ്എസ്ആർഎഫിന്റെ ശിപാർശകളിൽ നിന്നും വ്യതിചലിക്കുവാൻ ജലസേചന വകുപ്പിന്റെ തീരുമാനം കാരണം കുട്ടനാട് പ്രദേശത്തെ പാടശേഖരങ്ങൾ ഫ്ലഡ് പ്ലെയിനുകളായി ഉപയോഗിക്കുന്നതിനുള്ള ലക്ഷ്യം പരാജയപ്പെട്ടു.

ii) പുറം ബണ്ടിന് ജൈവ ബണ്ടിംഗിന് പകരം തൂണുകളും സ്ലാബുകളും ഉപയോഗിച്ചത് പരിസ്ഥിതിയെ പ്രതികൂലമായി ബാധിച്ചതും ജലപരപ്പിലുണ്ടായ കുറവും.

പുറംബണ്ടിന്റെ ജലം അഭിമുഖീകരിക്കുന്ന ഭാഗങ്ങൾ സംരക്ഷിക്കുന്നതിനായി ജൈവ ബണ്ടിങ്ങിനോടൊപ്പം കട്ടിയായ കളിമണ്ണ് ഉപയോഗിക്കുവാനും ഉറപ്പ്

---
20 നെൽപാടങ്ങളുടെ കൂട്ടം

നിർണ്ണായകമായ ഭാഗങ്ങളിൽ ചെത്താത്ത കല്ല് കൊണ്ട് കല്ലണി ചെയ്യാനുമാണ് റിപ്പോർട്ട് ശിപാർശ[21] ചെയ്തത്. ഇതിനു പകരം ജലസേചന വകുപ്പ് വിലകൂടിയ റീ ഇൻഫോഴ്സ്ഡ് സിമന്റ്, കോൺക്രീറ്റ് ഉപയോഗിച്ച് തൂണും സ്ലാബും കൊണ്ടുള്ള സംരക്ഷണഭിത്തിയാണ് നിർമ്മിച്ചത്.

കട്ടിയായ കളിമണ്ണ് കൊണ്ട് ഉണ്ടാക്കിയ പ്രകൃതിദത്തമായ ബണ്ട് തടാകത്തിലെ സസ്യജന്തുജാലങ്ങൾക്ക് ഏറ്റവും ചേർന്നതാണെന്ന് റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ കുമരകത്തിന്റെ അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് അഭിപ്രായപ്പെട്ടു. പ്രകൃതിദത്തമായ പരുക്കൻ വസ്തുക്കളിലും ആഴമില്ലാത്ത ജലത്തിലെ ചെറിയ ചെടികളിലുമാണ് കൂടുതൽ മത്സ്യബന്ധനം നടത്തുന്ന കരിമീൻ[22] ഉൾപ്പെടെയുള്ള മീനുകൾ മുട്ട നിക്ഷേപിക്കുന്നതും ഭക്ഷണം കഴിക്കുന്നതും എന്നും കൂടി ഇതിൽ പ്രസ്താവിച്ചു. അതിനാൽ ഇത്തരം ബണ്ടുകൾ മാറ്റി ലംബമായി നിർമ്മിച്ച മിനുസമായ തൂണിന്റെയും സ്ലാബിന്റെയും ആകൃതി മീനുകളുടെ ഭക്ഷണത്തിനും പ്രത്യുല്പാദനത്തിനും തീർച്ചയായും തടസ്സമാണ്.

അങ്ങനെ, തൂണുകളും സ്ലാബുകളും നിർമ്മിച്ച് ബണ്ട് സംരക്ഷിക്കുവാനുള്ള തീരുമാനം പദ്ധതി നടത്തിപ്പിന്റെ മുഖ്യ ആവശ്യം തന്നെ പരാജയപ്പെട്ടു

പുറമേയുള്ള ബണ്ടുകൾ ശക്തിപ്പെടുത്തുന്ന ജോലി, കനാലിന്റെ വീതിയെ കുറയ്ക്കുവാൻ പാടില്ല എന്ന് എംഎസ്എസ്ആർഎഫിന്റെ പ്രത്യേക ശിപാർശ ഉണ്ടായിരുന്നെങ്കിലും തൂണുകളും സ്ലാബുകളും കായൽ തീരത്ത് പുറമേയുള്ള ബണ്ടിൽ നിന്നും 0.80 മുതൽ 1.00 മീറ്റർ അകലെയാണ് നിർമ്മിച്ചത്. ജലപരപ്പ് കുറഞ്ഞതിനാൽ ചുറ്റുപ്പ പ്രദേശങ്ങളുടെ ഫ്ലഡ് പ്ലെയിൻ സേവനങ്ങളെ പ്രതികൂലമായി ബാധിക്കുകയും അതുകാരണം വെള്ളപ്പൊക്കത്തിന്റെ ആവർത്തനം കൂടുകയും ചെയ്തു.



21 ഖണ്ഡിക 8.1.2

22 സംസ്ഥാനത്തിന്റെ പ്രഖ്യാപിത മത്സ്യമാണ് കരിമീൻ

ചെത്തിയ കല്ലുകൊണ്ടുള്ള കല്പണിക്കു പകരം തൂണും സ്ലാബും ഉപയോഗിച്ചത് അധിക പ്രയോജനങ്ങൾ ഒന്നും ഇല്ലാതെ ഇരട്ടിപ്പണിയും ചെലവേറിയതും ആണെന്നു ജിഐഎയിലെ ആസൂത്രണ കമ്മിറ്റി മെമ്പർ സെക്രട്ടറി നിരീക്ഷിച്ചു (ജനുവരി 2012). നിലവിലുള്ള ചെത്തിയ കല്ലു കൊണ്ടുള്ള കല്പണി ശക്തിപ്പെടുത്തുകയും അത് ഇല്ലാത്ത പ്രദേശങ്ങളിൽ മാത്രം തൂണും സ്ലാബും ഉപയോഗിച്ചാൽ മതി എന്ന് നിർദ്ദേശിച്ചെങ്കിലും വകുപ്പ് ഈ നിർദ്ദേശം പാലിച്ചില്ല.

iii) ഡിപിആറുകൾ ജിഐഎ അംഗീകരിച്ചതിനു ശേഷം പുറംബണ്ടുകളുടെ വീതിയിൽ വ്യതിയാനം വരുത്തിയത് കാരണം ഉണ്ടായ ₹1.05 കോടിയുടെ അധിക ചെലവ്.

കൃഷി യന്ത്രങ്ങൾ കൊണ്ടുപോകുന്നതിനുള്ള വഴി സൗകര്യത്തിനായി ബണ്ടിന്റെ മുകളിലെ വീതി മൂന്ന് മീറ്ററായിരിക്കണം എന്ന് എംഎസ്എസ്ആർഎഫ് റിപ്പോർട്ട് ശിപാർശ ചെയ്തു. എന്നിരുന്നാലും കെഇഎൽ ഒന്നും രണ്ടും പദ്ധതികൾക്കു കീഴിൽ അംഗീകരിച്ച ഡിപിആറുകളിൽ പുറംബണ്ടുകളുടെ വീതി രണ്ട് മീറ്ററായി നിർദ്ദേശിച്ചിരുന്നു. കുട്ടനാട് ഒരു റിയൽ എസ്റ്റേറ്റ് കേന്ദ്രമായി മാറാതിരിക്കാൻ മുമ്പേ നടത്തിയ കൂടിക്കാഴ്ചകളിൽ എടുത്ത തീരുമാനം അനുസരിച്ചാണ് രണ്ട് മീറ്റർ ബണ്ട് വീതി കാണിക്കുന്ന ഡിപിആറുകൾ തയ്യാറാക്കിയത് എന്ന് ജിഒകെയുടെ ചീഫ് സെക്രട്ടറി നടത്തിയ (ഒക്ടോബർ 2010) ഏകോപന സമിതിയുടെ കൂടിക്കാഴ്ചയിൽ വകുപ്പ് അറിയിച്ചിരുന്നു. പിന്നീട് കായൽ പ്രദേശങ്ങളുടെയും കുട്ടനാടിന്റെ താഴ്ന്ന പ്രദേശങ്ങളിലെയും ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് വീതി മൂന്ന് മീറ്ററാക്കാൻ കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ തീരുമാനിച്ചു (ജനുവരി 2011). അതനുസരിച്ച് എസ്റ്റിമേറ്റുകൾ പുതുക്കുകയും തൽഫലമായി എസ്റ്റിമേറ്റിൽ ₹1.05 കോടിയുടെ വർദ്ധനവും ഉണ്ടായി. അംഗീകരിച്ച തുക മാറ്റാൻ കഴിയാത്തതിനാൽ ₹1.05 കോടിയുടെ അധിക ചെലവ് ജിഒകെ തന്നെ വഹിക്കേണ്ടി വരും.

iv) റാണി, ചിത്തിര എന്നീ പാടശേഖരങ്ങളുടെ പുറമേയുള്ള ബണ്ടുകൾ എഫ് എംപിയ്ക്കു കീഴിൽ ആവശ്യമില്ലാതെ ശക്തിപ്പെടുത്തിയത് കാരണം ₹17.31 കോടിയുടെ ഒഴിവാക്കുന്ന ചെലവ് വഹിക്കേണ്ടി വന്നു.

ഡ്രെഡ്ജിങ്ങിലൂടെ ദുർവിനിയോഗം ചെയ്തതിനാൽ വർഷങ്ങളായി ഉപേക്ഷിക്കപ്പെട്ടതും നെൽകൃഷിക്ക് അനുയോജ്യമല്ലാതെയും കിടന്ന 402 ഹെക്ടർ ഉൾക്കൊള്ളുന്ന റാണി (ട്രീ ബ്ലോക്ക്) ചിത്തിര (ക്യൂ ബ്ലോക്ക്) എന്നീ പാടശേഖരങ്ങളെ കൃഷി യോഗ്യമാക്കുന്നതിനായി പുറമേയുള്ള ബണ്ടുകളെ ശക്തിപ്പെടുത്തുവാൻ

എംഎസ്എസ്ആർഎഫ് റിപ്പോർട്ട് ശിപാർശ ചെയ്തു. ഇതു സാദ്ധ്യമാക്കുവാൻ കഴിയാത്ത അവസ്ഥയിൽ ഈ ബ്ലോക്കുകളെ ഒരു മത്സ്യസംരക്ഷണ കേന്ദ്രമായി മാറ്റാനും അഭിപ്രായപ്പെട്ടു. ജലസേചന വകുപ്പ് ഈ പാടശേഖരങ്ങളുടെ പുറമേയുള്ള ബണ്ട് ശക്തിപ്പെടുത്തുന്ന ജോലി നടപ്പിലാക്കി. സി.ഇ. (കെ.പി.) സമാഹരിച്ച പ്രോഗ്രസ് റിപ്പോർട്ട് അനുസരിച്ച് ഈ ജോലി പൂർത്തിയായിട്ടില്ല. അതിനാൽ ₹17.31 കോടി ചെലവാക്കിയിട്ടും ശിപാർശ ചെയ്ത ഉദ്ദേശ്യങ്ങൾ ഒന്നും തന്നെ നേടാനായില്ല. ഭൂമി ഏറെ നാളുകളായി ഉപേക്ഷിക്കപ്പെട്ടതാണെന്നും അത് നെൽകൃഷിക്ക് അനുയോജ്യമല്ലെന്നുമുള്ള വസ്തുത മനസ്സിലാക്കിയിട്ടും ജലസേചന വകുപ്പ് ഈ ജോലി മുൻഗണന നൽകി ഏറ്റെടുത്തു ചെയ്തു. ഇതുമായി ബന്ധപ്പെട്ട് 2009-10 മുതൽ 2012-13 വരെയുള്ള കാലയളവിൽ ബണ്ട് പൊട്ടി കൃഷിനാശം സംഭവിച്ചതിനാൽ ആലപ്പുഴ ജില്ലയിൽ മാത്രം കർഷകർക്ക് ₹13.34 കോടിയുടെ നഷ്ടപരിഹാരം നൽകേണ്ടി വന്നു എന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇതേ കാലയളവിൽ ആലപ്പുഴ, കോട്ടയം ജില്ലകളിൽ ബണ്ട് പൊട്ടിയത് നേരെയാക്കാൻ ₹1.16 കോടിയുടെ ചെലവു വഹിക്കേണ്ടി വന്നു.

ജോലി നടത്തിപ്പ് സമിതിയുടെ കൂടിക്കാഴ്ചയിൽ ആവശ്യമില്ലാത്ത ഈ ജോലിയെക്കുറിച്ച് ചർച്ച വരുകയും, റാണിയിലും ചിത്തിരയിലും ബണ്ട് നിർമ്മിച്ചത് അനാവശ്യമായിരുന്നു എന്നും അതൊരു അബദ്ധം ആയിരുന്നു എന്നും ജലസേചന വകുപ്പിന്റെ ഉദ്യോഗസ്ഥർ സമ്മതിച്ചു (സെപ്റ്റംബർ 2011). അതിനാൽ ഈ തുക വെള്ളപ്പൊക്കം മൂലം ബണ്ട് തകരാറിലാകുവാൻ സാദ്ധ്യതയുള്ള പാടശേഖരങ്ങളുടെ പുറമേയുള്ള ബണ്ട് ശക്തിപ്പെടുത്താൻ ഉപയോഗിക്കാമായിരുന്നു.

v) പദ്ധതി നടത്തിപ്പിലെ മന്ദഗതിയിലുള്ള പുരോഗതി

കെഇഎൽ- I

ആലപ്പുഴ ജില്ലയിലെ നെടുമുടി പഞ്ചായത്തിൽ 14 പാടശേഖരങ്ങളിൽ (കെഇഎൽ I)[23] വെള്ളപ്പൊക്ക ശമനത്തിനായിട്ടുള്ള ഈ പദ്ധതിക്ക് നിക്ഷേപത്തിനുള്ള അനുമതി മെയ് 2010-ൽ ലഭിച്ചു. 2009 എസ്ഒആർ അനുസരിച്ച് എഫ്എംപിയ്ക്കു കീഴിൽ ₹24.70 കോടി ചെലവിൽ ഈ പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുകയും അത് 2013 മാർച്ച് 31 -ൽ പൂർത്തീകരിക്കേണ്ടതുമായിരുന്നു. അടുത്തുള്ള ജലാശയങ്ങളിൽ നിന്നും കുഴിച്ചെടുത്ത കളിമണ്ണ് ഉപയോഗിച്ച് നിലവിലുള്ള ബണ്ട് ഉയർത്തുകയും ശക്തിപ്പെടുത്തുകയും ചെത്തിയ കല്ലുകൊണ്ടുള്ള കല്പണി കൊണ്ട് സംരക്ഷിക്കുക മുതലായവ ഈ ജോലിയിൽ ഉൾപ്പെടുന്നു. 14 ജോലികൾ 2012 മാർച്ചിൽ പൂർത്തിയാക്കേണ്ടതായിരുന്നു. രണ്ട്

23 പദ്ധതികൾക്ക് അംഗീകാരം നൽകുമ്പോൾ ജിഒകെ നൽകുന്ന നാമങ്ങളാണ് കെഇഎൽ I ഉം II ഉം.

ജോലികൾ 2012 മാർച്ചിൽ പൂർത്തിയാക്കേണ്ടതായിരുന്നു. എങ്കിലും രണ്ട് ജോലികൾ മാത്രമേ പൂർത്തിയാക്കിയുള്ളു എന്ന് ഓഡിറ്റ് കണ്ടെത്തി.

ജോലികൾ മാർച്ച് 2014 ൽ മാത്രമേ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ എന്ന് സിഇ (കെപി) ജിഒകെയോട് റിപ്പോർട്ട് ചെയ്തു (ഏപ്രിൽ 2013). സാങ്കേതിക അനുമതിയിൽ വന്ന കാലതാമസം, ജോലി സ്ഥലത്തേക്ക് വസ്തുക്കൾ കൊണ്ടുവരുന്നതിലുള്ള ബുദ്ധിമുട്ട്, വസ്തുക്കളുടെ കുറവ്, കൃഷിപ്പണി മൂലം ഉണ്ടാവുന്ന തടസങ്ങൾ തുടങ്ങിയവയാണ് പദ്ധതിയുടെ മന്ദഗതിയിലുള്ള പുരോഗതിക്കു കാരണമായി പറഞ്ഞത്. ടിഎസ് നൽകുന്നതിന്റെ ചുമതല അതേ വകുപ്പിനായിരുന്നതിനാലും കൂടാതെ വസ്തുക്കൾ പണിസ്ഥലത്തേക്ക് കൊണ്ടുവന്നാലേ ജോലി നടപ്പാക്കാൻ കഴിയുകയുള്ളൂ എന്ന് വകുപ്പിനും കോൺട്രാക്ടർക്കും അറിയാമായിരുന്നതിനാൽ നൽകിയ മറുപടികൾ സ്വീകാര്യമല്ല. ജോലിയുടെ മന്ദഗതിയിലുള്ള പുരോഗതിയും പൂർത്തിയാക്കാൻ അനുവദിച്ച സമയം തീർന്നതുകൊണ്ടും കേന്ദ്രത്തിൽ നിന്നും ലഭിക്കാനിരുന്ന ബാക്കി പങ്കായ ₹11.10[24] കോടി മാർച്ച് 2013 ലും ലഭിച്ചിരുന്നില്ല.

കെഇഎൽ- II

ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി, നിലവിലുള്ള തടയണകൾ മുറിച്ച് സിയും ഡിയും തമ്മിലും ഒപ്പം റാണിയും ചിത്തിരയും ബ്ലോക്കുകൾക്കിടയിലും കനാലുകൾ നിർമ്മിക്കുകയും, അവയുടെ പുറമേയുള്ള ബണ്ടുകൾ ശക്തിപ്പെടുത്തുകയും ഗ്രൂപ്പ് ഒമ്പതിലെ അഞ്ച് പാടശേഖരങ്ങളിൽ നിലവിലുള്ള പുറംബണ്ടുകൾ ഉയർത്തുക, അവ ശക്തിപ്പെടുത്തുക എന്നിവയാണ് ഈ ജോലിയിൽ ഉൾപ്പെടുന്നത്. എഫ്എംപിയ്ക്കു കീഴിൽ ഈ പദ്ധതിക്കായി (കെഇഎൽ II) അനുവദിച്ച തുക (ജൂലൈ 2010) ₹118.91 കോടി ആയിരുന്നു. 2012 മാർച്ച് 31 ൽ പണി പൂർത്തിയാക്കേണ്ടതായിരുന്നെങ്കിലും മാർച്ച് 2013 ആയിട്ടും ഒരു ജോലിയും പൂർത്തിയായിരുന്നില്ല. കൂടാതെ പുരോഗതിയുടെ നേട്ടം 20 നും 71.50 ശതമാനത്തിനും ഇടയിലായിരുന്നു.

---
24 24.767.425 ന്റെ 75 ശതമാനം.



▯ സി-ഡിയും, റാണി-ചിത്തിര ബ്ലോക്കിലും ഇടയിൽ തുറന്നു കൊട്ടക്കേണ്ട തടയണ.

ഈ ജോലി മാർച്ച് 2014-ൽ മാത്രമേ പൂർത്തിയാക്കുവാൻ കഴിയുകയുള്ളൂ എന്ന് സിഇ (കെപി) ജിഒകെയോട് റിപ്പോർട്ട് ചെയ്തു (ഏപ്രിൽ 2013). ടിഎസ് നൽകുന്നതിലും ടെന്റർ വിളിക്കുന്നതിലുമുള്ള കാലതാമസം, ജോലിസ്ഥലത്തേക്ക് വസ്തുക്കൾ എത്തിക്കുന്നതിനുമുള്ള ബുദ്ധിമുട്ട്, കോടതിയിലെ കേസുകൾ, 9 മാസം മുമ്പേ സമർപ്പിച്ചെങ്കിലും പുതുക്കിയ എസ്റ്റിമേറ്റ് (ആർഇ) അംഗീകരിക്കാത്തത് മുതലവായവയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന് വകുപ്പ് നൽകിയ കാരണങ്ങൾ. സിയും ഡിയും ബ്ലോക്കുകളും റാണിയും ചിത്തിരയും ബ്ലോക്കുകളുടെയും ആർഇകൾ ധനകാര്യ വകുപ്പിന്റെ അംഗീകാരം പ്രതീക്ഷിച്ചിരിക്കുന്നു. കൂടാതെ ഘടനാപരമായ പര്യാപ്തതയുടെയും രൂപകല്പനയുടെയും അംഗീകാരം ഇറിഗേഷൻ ഡിസൈൻ റിസർച്ച് ബോർഡിൽ നിന്ന് പ്രതീക്ഷിച്ചിരിക്കുന്നു. പദ്ധതി നടത്തിപ്പിന് യാതൊരുവിധ ലക്ഷ്യങ്ങളോ സമയപരിധിയോ നിശ്ചയിച്ചിരുന്നില്ലെന്നും നടത്തിപ്പിനുള്ള സമയപരിധിയെ കുറിച്ച് വകുപ്പിന് അറിയില്ലായിരുന്നു എന്നും ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച കാലതാമസത്തെക്കുറിച്ച് സിഇ (കെപി) മറുപടി നല്കി. കൂടാതെ ജോലിയുടെ മന്ദഗതിയിലുള്ള പുരോഗതിയും പൂർത്തിയാക്കാൻ അനുവദിച്ച സമയം തീർന്നതു കൊണ്ടു ബാക്കി ലഭിക്കേണ്ടിയിരുന്ന ₹74.18[25] കോടി കേന്ദ്രത്തിൽ നിന്നും മാർച്ച് 2013 ലും ലഭിച്ചിരുന്നില്ല.

ജിഒകെ ടിഎസ് നൽകുന്നതിൽ രണ്ടു മുതൽ പത്ത് മാസം വരെയുള്ള

25 118.913-15 ന്റെ 75 ശതമാനം

കാലതാമസം വരുത്തിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഡിപിആർ ഒരു വിദഗ്ദ്ധ സംഘമാണ് തയ്യാറാക്കിയത് എന്ന വസ്തുത നിലനിൽക്കേ തൂണുകളുടെയും സ്ലാബുകളുടെയും കൊടുത്തിരിക്കുന്ന നീളവും സംരക്ഷണ മതിലിന്റെ രൂപകല്പനയും അപര്യാപ്തമായതിനാൽ ആർഇഇ ആവശ്യമായി വന്നു.

കൂടാതെ ജോലിയിലെ കാലതാമസം കാരണം കർഷകർക്ക് ഉദ്ദേശിച്ച ഫലങ്ങൾ ലഭിക്കാതിരിക്കുകയും കേന്ദ്രസഹായത്തിന്റെ ബാക്കിയുള്ള ഗഡുക്കൾ വിട്ടുകിട്ടാതിരിക്കുകയും ചെയ്തു. ജിഒഐയുടെ അനുവദിച്ച മതിപ്പ തുകയിൽ മാറ്റമില്ലാത്തതിനാൽ ജിഒഐയുടെ അനുമതിക്കു ശേഷം പ്രമുഖ വ്യതിയാനങ്ങൾ കൊണ്ടുവരുന്നത് സംസ്ഥാനത്തിന്റെ വരുമാനസ്രോതസ്സിൽ അധികഭാരം ചെലുത്തുന്നതായും നിരീക്ഷിച്ചു.

v) ലവണത്വം തടയുന്നതിനുള്ള സംവിധാനം പൂർത്തിയാക്കാത്തതിനാൽ ഉണ്ടായ കൃഷിനാശം

നെൽപ്പാടങ്ങളിലേക്ക് ലവണജലത്തിന്റെ അതിക്രമം തടയുന്നതിനായി 33 ഓരുമുട്ടുകൾ അല്ലെങ്കിൽ ലവണത്വം തടയുന്ന സംവിധാനങ്ങൾ നിർമ്മിക്കാൻ എംഎസ്എസ്ആർഎഫ് ശിപാർശ[26] ചെയ്തു. ഇതിൽ അഞ്ച് എണ്ണത്തിനു മാത്രമേ നിർദ്ദേശങ്ങൾ അംഗീകരിക്കുകയും അതിൽ ഒരു ജോലി മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അങ്ങനെ ലവണത്വം തടയുവാനുള്ള സംവിധാനം പൂർത്തിയാക്കാത്തതിനാൽ 2010-11 മുതൽ 2012-13 വരെ കാലയളവിൽ കുട്ടനാട് പ്രദേശങ്ങളിൽ ലവണത്വത്തിന്റെ അതിക്രമണം കാരണം മൊത്തം ₹16.25 കോടിയുടെ കൃഷിനാശം ഉണ്ടായി.

vii) ജോലിയിൽ വന്നുകൂടുന്ന ചെലവുകൾക്ക് ടെന്റർ മാനദണ്ഡങ്ങൾ തെറ്റിച്ച് കോൺട്രാക്ടർമാർക്ക് ₹73.36 ലക്ഷത്തിന്റെ അർഹമല്ലാത്ത ലാഭം കിട്ടി.

കരിയാറിനു കുറുകെ ബ്രിഡ്ജ് കം റഗുലേറ്ററിന്റെ ജോലി നടപ്പിലാക്കുന്നതിനിടയിൽ റിങ്ങ് ബണ്ടിന്റെ അളവുകൾ കൂട്ടി, പുതുക്കിയ എസ്റ്റിമേറ്റ് (ആർഇ) നിർദ്ദേശിച്ചു. അതിൽ 'താഴെയുള്ള ശരാശരി വീതി 4.25 മീറ്ററും മുകളിലെ ശരാശരി വീതി 3 മീറ്ററും റിങ്ങ് ബണ്ട് ഉയർത്തുക മുതലായവ' എന്ന് ആദ്യം അംഗീകരിച്ച ഇനത്തെ മാറ്റി 'താഴെയുള്ള ശരാശരി വീതി 6.25 മീറ്റർ വീതിയും മുകളിലെ ശരാശരി വീതി 4.00 മീറ്ററും റിങ്ങ് ബണ്ട് ഉയർത്തുക' അധിക ഇനമായി പകരം വച്ചു. വെള്ളത്തിന്റെ യഥാർത്ഥ ആഴം 6.5 മീറ്ററായി കണക്കാക്കുന്നതിനു പകരം 2.5 മീറ്ററായി പരിഗണനയ്ക്കെടുത്തത്, പണി ചെയ്യുന്നതിനുള്ള അടിത്തട്ടിലെ മണ്ണ് ഖനനം ചെയ്യേണ്ട അളവിലെ വർദ്ധനവ്, വെള്ളം മാറ്റിയ ശേഷവും ആറ് പൈലിംഗ് റിംഗുകളിലെ

26 എംഎസ്എസ്ആർഎഫ് റിപ്പോർട്ടിലെ ടാസ്ക് 8 ലെ സബ് ടാസ്ക് 8.1.7.

ശക്തിയായ പ്രകമ്പനം ചെറുക്കുവാൻ റിംഗ് ബണ്ട് സെക്ഷന് സാധിക്കാതിരുന്നതിനാലുമാണ് പുതുക്കിയ മതിപ്പ തുകയും, അധിക ഇനം പണികളും പകരമായി വയ്ക്കേണ്ടി വന്നതെന്ന് ജലസേചന വകുപ്പ് പ്രസ്താവിച്ചു (മേയ് 2012). രൂപകല്പന ചെയ്യുന്നതിന്റെ യഥാർത്ഥ നിരക്കായ ₹5283/മീറ്റർ എന്നതിനെതിരെ മുന്നോട്ടു വച്ച് പുതുക്കിയ മതിപ്പകളിൽ ചെലവേറിയ ₹25,014/മീറ്റർ എന്ന് കണക്കാക്കിയത് പരിശോധിക്കുവാൻ ജലവിഭവ വകുപ്പ് ആവശ്യപ്പെട്ടു (നവംബർ 2012). പക്ഷെ, പുതുക്കിയ നിരക്കുകൾ ജലവിഭവ വകുപ്പ് അംഗീകരിച്ചിരുന്നുവെന്നതിനാലും, പണിയുടെ തൃപ്തികരമായ പൂർത്തീകരണത്തിന് ആവശ്യമായ ഏറ്റവും കുറഞ്ഞ തുകയായിരുന്നു പ്രസ്തുത മതിപ്പകൾ ഉൾപ്പെടുത്തിയിരുന്നത് എന്നതിനാലും ജലവിഭവ വകുപ്പിന്റെ നിർദ്ദേശം സിഇ (കെപി) നിരാകരിച്ചു (ഡിസംബർ 2012).

കരാറിന്റെ പ്രത്യേക നിബന്ധനകളുടെ പ്രത്യേക വകുപ്പ് അഞ്ച് പ്രകാരം ദർഘാസ് കൊള്ളുന്നയാൾ എഴുതി നൽകിയ പണികളുടെ ഇനംതിരിച്ചുള്ള പട്ടികയിൽ എഴുതി നൽകിയ നിരക്കിൽ ജോലിയിൽ വന്നുചേരുന്ന മറ്റു ചെലവുകളും ഓരോ ഇനം ജോലിയും ശരിയായ വിധത്തിൽ ചെയ്തു തീർക്കുന്നതിനുമുള്ള ചെലവുകൾ ഉൾപ്പെടുന്നു.

നിരക്കുകൾ എഴുതി നൽകുന്നതിനു മുൻപു തന്നെ പണിസ്ഥലത്തിന്റെ സ്ഥിതി കരാറുകാരൻ കണക്കാക്കേണ്ടതാണ് എന്നതിനാലും പുതുക്കിയ മതിപ്പകളിൽ സ്ഥലത്തിന്റെയോ അഥവാ അടിസ്ഥാന ജോലിയുടെ രീതിയിലോ മാറ്റമില്ലാത്തതിനാലും ജോലികളിൽ വന്നുചേരുന്ന റിംഗ് ബണ്ടിന്റേതുപോലുള്ള അധികമായി വരുന്ന ചെലവുകളും കോൺക്രീറ്റ് തൂണുകളും അവയുടെ ക്യാപ്പുകളുടെ ചെലവും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.

അങ്ങനെ റിംഗ് ബണ്ടിന്റെ അളവ് കൂട്ടി മതിപ്പകൾ പുതുക്കിയതിലൂടെ ₹73.36 ലക്ഷത്തിന്റെ[27] അധിക ചെലവും കരാറുകാരന് നിയമാനുസൃതമല്ലാത്ത നേട്ടവും ലഭിക്കുന്നതിനിടയായി.

viii) നീതിയുക്തമല്ലാത്ത തീരുമാനത്തിലുണ്ടായ ₹2.34 കോടിയുടെ മൂല്യാധിക്യവും പണി നൽകുന്നതിലുള്ള കാലതാമസവും

ജലസേചന വകുപ്പിൽ രണ്ടു കോടിയിലോ അതിലധികമോ മൂല്യമുള്ള പണികളുടെ ദർഘാസുകൾക്ക് മുൻ യോഗ്യത (പികൃൂ) നടപടികൾ കർക്കശമായി പാലിക്കേണ്ടതും ഉചിതവും വിവേകപൂർവ്വകവുമായ മത്സരസ്വഭാവമുള്ള പികൃൂ നടപടിക്രമങ്ങൾ ഉറപ്പുവരുത്തുന്നതിന് അതിൽ ഏറ്റവും ചുരുങ്ങിയത് മുൻയോഗ്യത നേടിയിട്ടുള്ള നാലു

27 (₹25014-₹5283 x 361m x1.03 (3 ശതമാനം അധിക ദർഘാസ്).

കരാറുകാർ ഉണ്ടായിരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം, പണികൾ പുനർ ദർഘാസ് ചെയ്യേണ്ടതും ഒടുവിൽ ആവശ്യം ഉണ്ടാകുന്ന പക്ഷം തുറന്ന ദർഘാസ് അവലംബിക്കേണ്ടതുമാണ്.

താഴെ പട്ടികയിൽ വിശദീകരിച്ചിരിക്കുന്നതുപോലെ മൂന്ന് പണികളിൽ നിശ്ചിത ഏറ്റവും കുറവ് എണ്ണം പിക്യൂ ദർഘാസുകാരുടെ അഭാവത്തിൽ പണിയുടെ മൂല്യാധിക്യം ഒഴിവാക്കുന്നതിനു വേണ്ടി പിക്യൂ ദർഘാസ് നടപടികളിലെ ഏറ്റവും കുറഞ്ഞ എണ്ണം പങ്കാളികളെ സംബന്ധിച്ച നിബന്ധനയിൽ അയവു വരുത്തണമെന്ന് സിഇഒ ജലവിഭവ വകുപ്പ് ജിഒകെയോട് അപേക്ഷിച്ചു (സെപ്റ്റംബർ 2010). ഇളവ് അനുവദിക്കുന്നതിന് കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സിന്റെ അനുമതിയും ധനകാര്യ വകുപ്പിന്റെ സമ്മതവും ആവശ്യമാണെന്നതും അത് സമയചെലവുള്ളതിനാലും ഡബ്ല്യൂആർഡി ഈ അപേക്ഷ നിരസിക്കുകയും 2010 എസ്സ്ഓആറിന്റെ അടിസ്ഥാനത്തിൽ മതിപ്പുകൾ പരിഷ്കരിക്കുന്നതിനും ജോലികൾ പുനർ ദർഘാസ് ചെയ്യുന്നതിനും സിഇഒ (കെ.പി) ക്ക് നിർദ്ദേശം നൽകി. മേൽ നിർദ്ദേശങ്ങളുടെ അനുവർത്തനം എന്ന നിലയിൽ മൂന്ന് കരാർ പണികളും പുനർ ദർഘാസ് ചെയ്തു. ജോലികളെ സംബന്ധിച്ച വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

(₹ കോടിയിൽ)

ക്രമ നമ്പർ	പ്രവർത്തിയുടെ പേര്	യഥാർത്ഥ ദർഘാസിനു മേലുള്ള മതിപ്പ് പിഎസി (എസ്സ് ഓ ആർ 2009)	പിന്നീട് ജോലി അവാർഡ് ചെയ്തതിന്മേലുള്ള മതിപ്പ് പിഎസി (എസ്സ് ഓ ആർ 2010)	മതിപ്പുകളിലെ മൂല്യാധിക്യം	അംഗീകരിച്ച പിഎസി
1.	കെ.പി-എഫ്.എം.പി. ഗ്രൂപ്പ് ഒന്നിലെ മന്ത്രക്കാൽ ഗണപതിപ്പാടം പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക ലഘൂകരണം.	4.01	5.23	1.22	4.76
2.	കെ.പിഎഫ്.എം.പി. ഗ്രൂപ്പ് ഒന്നിലെ മുട്ടാന വേലിപ്പാടം പാടശേഖരത്തിലെ വെള്ളപ്പൊക്ക ലഘൂകരണം.	3.21	4.16	0.95	4.16
3.	കെ.പി-എഫ്.എം.പി. ഗ്രൂപ്പ് ഒന്നിലെ പുത്തൻ കാര്യപ്പാടം പാടശേഖരം	2.14	2.78	0.64	2.78
ആകെ		**9.36**	**12.17**	**2.81**	**11.70**

സ്രോതസ്സ് : ജലസേചന വകുപ്പ് നൽകിയ വിവരങ്ങളിൽ നിന്ന് ശേഖരിച്ചത്.

മേൽപ്പട്ടികയിൽ കാണുന്നതുപോലെ ജോലികൾ ആദ്യം എസ്ഓആർ 2009 ദർഘാസ് ചെയ്യുകയും പക്ഷെ 2010 ദർഘാസിന്റെ അടിസ്ഥാനത്തിൽ പുനർ ദർഘാസും ചെയ്തു. കെഇഎൽ I ന് കീഴിൽ വരുന്ന മൂന്ന് ജോലികൾക്ക് മതിപ്പുകളിലെ മൊത്തം മൂല്യാധിക്യം ₹2.81 കോടിയും ജോലികൾ മൊത്തം ₹11.70 കോടിക്ക് ഒടുവിൽ അവാർഡ് ചെയ്തു.

സമാന സാഹചര്യങ്ങളിൽ മുൻ യോഗ്യതയുടെ ഇളവിന് സിഇ അപേക്ഷിച്ചിട്ടുള്ളപ്പോൾ (ജനുവരി 2012) ഡബ്ല്യൂആർഡി അതിന്റെ സമ്മതം നൽകിയിരുന്നത് രണ്ടു വകുപ്പുകളായി പിരിയുന്നതിനു മുമ്പ് ജലസേചന വകുപ്പും പൊതുമരാമത്തു വകുപ്പും ഒന്നായിരുന്നെന്നും അവ ഓരോ മാനുവലും എസ്സ് ഓ ആറും പിൻതുടരുന്നു എന്നുമുള്ള കാരണത്താലാണെന്ന് നിരീക്ഷിക്കപ്പെട്ടു. അത്തരത്തിലുള്ള അനുമതി മുൻ അപേക്ഷയിലും നൽകിയിരുന്നെങ്കിൽ ₹2.34[28] കോടിയുടെ മൂല്യാധിക്യം ഒഴിവാക്കാമായിരുന്നു. പദ്ധതികൾക്ക് ജിഓഐ അനുവദിച്ച തുക മാറ്റമില്ലാത്തതാണ് എന്നതിനാൽ മൂല്യാധിക്യം പരിഗണിക്കപ്പെടില്ല എന്നു മാത്രമല്ല സംസ്ഥാനത്തിന് അധികമായുണ്ടായ വർദ്ധനവിന്റെ ചെലവ് വഹിക്കേണ്ടിയും വരുന്നു.

2.2.10 നിരീക്ഷണങ്ങളുടെ സ്വാധീനം

i) പാരിസ്ഥിതിക സ്വാധീനം

ക്രമ നം.	ഖണ്ഡിക നമ്പർ	ഖണ്ഡികയുടെ വിഷയം	പാരിസ്ഥിതിക സ്വാധീനം
1.	2.2.7.1	ജോലി 1 ലും 6 ലും നടപ്പിലാക്കാനുള്ള ഏജൻസിയെ തിരഞ്ഞെടുക്കാതിരുന്നത്.	വെള്ളപ്പൊക്കം കൂടുതലായി ഉൾക്കൊള്ളുന്നതിന് വേണ്ടി ജലപ്പരപ്പ് വീണ്ടെടുക്കുവാൻ സാധിച്ചില്ല.
2.	2.2.7.1	ടിഎംബിയുടെയും ടിഎസ്സ്ഡബ്ല്യുവിന്റെയും ഡിപിആർകളുടെയും അംഗീകാരമില്ലായ്മ.	i. നെൽപ്പാടങ്ങളിലേക്ക് ഉപ്പുവെള്ളം കടന്നു വരുന്നത് തടയുന്നതിനായിരുന്നു ടിഎംബി സ്ഥാപിച്ചത്. ഉപ്പുവെള്ളത്തിന്റെ മെച്ചപ്പെട്ട നിയന്ത്രണത്തിനു വേണ്ടിയും പരിസ്ഥിതി നശീകരണം തടയുന്നതിനും ജലജന്യ കളകൾ കെഡബ്ല്യൂഎസ്സിൽ നിന്നുള്ള മാലിന്യവും പുറന്തള്ളുന്നതിനും മത്സ്യ സമ്പത്ത് കൂട്ടുന്നതിനുമാണ് ടിഎംബിയുടെ നവീകരണം ശിപാർശ ചെയ്തത്. പദ്ധതികൾ നടപ്പിൽ വരുത്താതിരുന്നത് അതിൽ നിന്നുള്ള ഗുണഫലങ്ങൾ നേടുന്നതിൽ പരാജയപ്പെടുന്നതിനിടയാക്കി.

28 ₹11.70 കോടി- ₹9.36 കോടി.

			ii. വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ടിഎസ്ഡബ്ല്യൂവിന്റെ കാര്യക്ഷമത മെച്ച പ്പെടുത്തുന്നതിന് ലക്ഷ്യമിട്ടിരുന്നു. എങ്കിലും പദ്ധതി നടപ്പിലാക്കാത്തതിനാൽ നിശ്ചിത ഉദ്ദേശ്യം കൈവരിക്കാനായില്ല.
3.	2.2.7.1	എസി കനാലിന്റെ പൂർണ്ണമായ നിർമ്മാണ പ്രവർത്തനം ആരംഭിക്കാതിരുന്നത്.	ഈ പണികളുടെ പ്രധാന ഉദ്ദേശ്യം വെള്ളപ്പൊക്ക നിയന്ത്രണമാണ്. ഈ പദ്ധതി ആരംഭിക്കാതിരുന്നത് കൊണ്ട് കുട്ടനാട് വെള്ളപ്പൊക്ക ബാധിത പ്രദേശമായി തുടരുന്നു.
4.	2.2.7.1	ജോലി 3-ന്റെ ഡിപിആർ-മലിനീകരണ നിയന്ത്രണത്തിനുള്ള നടപടികൾ തയ്യാറാക്കപ്പെട്ടിരുന്നില്ല.	ജോലി നടപ്പിലാക്കാതിരുന്നതിനാൽ സസ്യപോഷ ണങ്ങളുടെയും ബാക്ടീരിയൽ കോളിഫോമിന്റെ ഉയർന്ന തീവ്രതയും കാരണം ജലമലിനീകരണം തുടർന്നുകൊണ്ടിരുന്നു.
5.	2.2.7.1	വിളവെടുപ്പ് കലണ്ടർ നടപ്പിൽ വരുത്താതിരുന്നത്.	വിളവെടുപ്പ് കലണ്ടർ നടപ്പിൽ വരുത്താതിരുന്നതിന്റെ ഫലമായി ഒരു നീണ്ട കാലയളവ് വരെ റ്റിഎംബി അടച്ചിടേണ്ടതായും അങ്ങനെ അത് പൊതുവായുള്ള പരിസ്ഥിതിയേയും അതിന്റെ നശീകരണത്തിനും ഇടയാക്കി.
6.	2.2.9.2 (ii)	പുറം ബണ്ടുകൾക്കും ജൈവ ബണ്ടുകൾക്കും പകരം പൈലിന്റെയും സ്ലാബിന്റെയും ഉപയോഗം ജലപ്പരപ്പ് പ്രദേശത്തിന്റെ കുറവിലും പരിസ്ഥിതിയിൽ മോശമായ പരിണിത ഫലത്തിനുമിടയാക്കി.	i. മൃദുവായ ഉപരിതലത്തോടുകൂടിയ തുക്കനെയുള്ള പൈലിന്റെയും സ്ലാബിന്റെയും നിർമ്മാണം മത്സ്യങ്ങളുടെ മേയലിനും പ്രത്യുല്പാദന പ്രക്രിയയ്ക്കും തടസ്സമാകുന്നു. ii. ബണ്ടിന്റെ നിലവിലുള്ള വശങ്ങളിൽ നിന്ന് 0.80 മുതൽ ഒരു മീറ്റർ വരെ ദൂരത്തിൽ കായൽ അടിത്തട്ടിൽ പൈലിന്റെയും സ്ലാബിന്റെയും നിർമ്മാണം കനാലിന്റെ വീതി കുറയ്ക്കുന്നതിനിടയാക്കുകയും തന്മൂലം ജലപ്പരപ്പുള്ള പ്രദേശത്തിൽ കുറവുണ്ടാകാനും ഇടയാകുന്നു. ജലപ്പരപ്പ് പ്രദേശത്തിലുണ്ടാകുന്ന കുറവ് വെള്ളപ്പൊക്ക പ്രതലങ്ങളിലെ നീർത്തടങ്ങളിൽ മോശമായ സ്വാധീനം ഉണ്ടാക്കുകയും അത് വെള്ളപ്പൊക്കത്തിന്റെ നിരന്തരാവർത്തനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ii) സാമ്പത്തിക സ്വാധീനം

ക്രമ നം.	ഖണ്ഡിക നമ്പർ	ഖണ്ഡികയുടെ വിഷയം	സാമ്പത്തിക സ്വാധീനം (₹ കോടിയിൽ)
1.	2.2.7.2 (ii)	സാമ്പത്തിക പുരോഗതി. കുറഞ്ഞ വിനിയോഗം.	251.01
2.	2.2.8.1 (ii)	ജലസേചന വകുപ്പ് അനുവദിച്ച തുക ഉപയോഗ പ്പെടുത്താതിരിക്കൽ 1. എഫ് എം പിയിലുള്ള തുകയും 2. ടി ഹെച്ച് എഫ് സി ഗ്രാന്റ്	494.16 16.32
3.	2.2.9.1	ഡിപിആറുകൾ (ജലസേചനം) തയ്യാറാക്കുന്നതിലും സമർപ്പിക്കുന്നതിലുമുള്ള കാലതാമസം.	338.48 2233.54

		1. രണ്ടു പദ്ധതികൾ ഭാഗികമായി അനുവദിച്ച കാരണത്താൽ ജിഒകെ സാമ്പത്തിക ഭാരം വഹിക്കുവാനുള്ള സാധ്യത. 2. ഡിപിആറിന്റെ അംഗീകാരം ഇല്ലാത്തതിനാൽ ജിഒകെ സാമ്പത്തിക ഭാരം വഹിക്കുവാനുള്ള സാധ്യത.	
4.	2.2.9.2 (iii)	പുറം ബണ്ടുകളുടെ വീതിയ്ക്ക് വ്യതിയാനം വരുത്തിയതു കാരണം ഉണ്ടായ അധികച്ചെലവ്.	1.05
5.	2.2.9.2 (iv)	റാണി-ചിത്തിര എന്നീ പാടശേഖരങ്ങളുടെ പുറമേയുള്ള ബണ്ടുകൾ ആവശ്യമില്ലാതെ ശക്തിപ്പെടുത്തിയത്.	17.31
6.	2.2.9.2 (v)	നെടുമുടി പഞ്ചായത്തിലെ പതിനാല് പാടശേഖരങ്ങളുടെ പുറം ബണ്ടുകൾ ശക്തിപ്പെടുത്തൽ (കെഇഎൽ-I)-കേന്ദ്ര വിഹിതം ലഭിക്കാത്തതിനു കാരണം ജോലിയുടെ മന്ദഗതിയിലുള്ള പുരോഗതിയാണ്.	11.10
7.	2.2.9.2 (v)	ഗ്രൂപ്പ് ഒമ്പതിലെ അഞ്ച് പാടശേഖരങ്ങളുടെ പുറം ബണ്ടുകൾ ശക്തിപ്പെടുത്തലും സി-ഡി ബ്ലോക്കുകളുടേയും റാണി ചിത്തിര ബ്ലോക്കുകളുടെ ഇടയിൽ തടസ്സങ്ങൾ ഇല്ലാതാക്കലും (കെഇഎൽ-II)- കേന്ദ്ര വിഹിതം ലഭിക്കാത്തതിനു കാരണം ജോലിയുടെ മന്ദഗതിയിലുള്ള പുരോഗതിയാണ്.	74.18
8.	2.2.9.2 (vi)	ലവണത്വം തടയുന്നതിനുള്ള സംവിധാനം പൂർത്തിയാക്കാത്തതിനാൽ ഉണ്ടായ കൃഷി നാശം.	16.25
9.	2.2.9.2 (vii)	കരിയാറിനു കുറുകെ ബ്രിഡ്ജ്-കം-റെഗുലേറ്ററിന്റെ നിർമ്മാണത്തിനു ജോലിയിൽ വന്നു കൂടുന്ന ചെലവുകൾ.	0.73
10.	2.2.9.2 (viii)	നീതിയുക്തമല്ലാത്ത തീരുമാനത്തിലുണ്ടായ മൂലാധിക്യവും പണി നൽകുന്നതിനുള്ള കാലതാമസവും.	2.34
ആകെ			**3,456.47**

2.2.11 അനുമാനം

- പാരിസ്ഥിതികമായി പ്രമുഖമായ പദ്ധതികളായ കായലിന്റെ ജലനിരപ്പ് പ്രദേശത്തിന്റെ സംരക്ഷണവും വീണ്ടെടുക്കലും, തോട്ടപ്പള്ളി സ്പിൽവേയുടെയും തണ്ണീർമുക്കം ബണ്ടിന്റെയും നവീകരണവും, കായൽ പ്രദേശങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണം, എസി കനാലിന്റെ പരിപൂർണ്ണ നിർമ്മാണം, കുട്ടനാടിലെ പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിക്കൽ, വിളവെടുപ്പ് കലണ്ടറിന്റെ നിയമ പ്രാബല്യം എന്നിവ ഇതുവരെയും നടപ്പിലാക്കുവാൻ സാധിച്ചില്ല. അങ്ങനെ ഈ പ്രധാനപ്പെട്ട ജോലികൾ നടപ്പിലാക്കുന്നതിന് ഫലപ്രദമായ ചുവടുവെയ്പ്പ് കൈക്കൊള്ളാത്തതിനാൽ മുഖ്യലക്ഷ്യമായ പരിസ്ഥിതിയുടെ സുരക്ഷ ബലപ്പെടുത്തുന്നതിൽ ജിഒകെ പരാജയപ്പെട്ടു.

- പദ്ധതി സമന്വയിപ്പിക്കുന്നയാൾ എന്ന കർത്തവ്യത്തിൽ പ്രോജക്ട് ഓഫീസർ പരാജയപ്പെട്ടു.
- ₹1165.76 കോടി അനുവദിച്ചുവെങ്കിലും ₹336.77 കോടി (29 ശതമാനം) മാത്രമേ ജിഓഐ/ സംസ്ഥാന സർക്കാർ ചെലവു ചെയ്യാനായി നൽകിയുള്ളൂ.
- കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ, കോഡിനേഷൻ കമ്മിറ്റി ടാസ്ക് ഇംപ്ലിമെന്റേഷൻ കമ്മിറ്റി എന്നിവ പതിവായി യോഗം ചേരുന്നതിൽ പരാജയപ്പെട്ടത് പദ്ധതി നടപ്പിലാക്കുന്നതിലെ മോശമായ മേൽ നിരീക്ഷണത്തിലേക്ക് നയിച്ചു.
- അനുവദിച്ച ഫണ്ടിന്റെ കുറവായ വിനിയോഗവും ഡിപിആർ തയ്യാറാക്കി സമർപ്പിക്കുന്നതിലെ കാലതാമസവുമാണ് ഫണ്ടു കുറവായി അനുവദിക്കുന്നതിന് കാരണമായത്. ചെലവു ചെയ്യുന്നതിന് നൽകിയ ഫണ്ടിൽ ₹ 67.92 കോടി (മാർച്ച് 2013) ജലസേചന വകുപ്പ് പരിപാലനം ചെയ്യുന്ന പ്രത്യേക ടിഎസ്സ്ബി അക്കൗണ്ടിൽ വ്യർത്ഥമായി അവശേഷിക്കുന്നു.
- ജലസേചന വകുപ്പ് തയ്യാറാക്കി സമർപ്പിക്കുന്നതിലെ കാലതാമസം ചെലവു ചെയ്യുന്നതിന് ശിപാർശ ചെയ്ത തുകയേക്കാൾ 151 ശതമാനം അധികരിക്കുവാനും, ഭാഗികമായി അനുവദിച്ചതു മൂലം ₹338.48 കോടി ലഭിക്കാതിരിക്കുവാനും അനുവദിക്കാത്ത ഡിപിആർ തുകയുടെ (കേന്ദ്രവിഹിതം) 75 ശതമാനം വരുന്ന ₹2233.54 കോടിയുടെ അധികഭാരം സർക്കാരിന് വഹിക്കുന്നതിനുള്ള സാദ്ധ്യത ഉണ്ടായി.
- പദ്ധതി നടപ്പിലാക്കുന്നതിന് എംഎസ്എസ്ആർഎഫ് ന്റെ ശിപാർശകളിൽ നിന്നും വ്യതിയാനങ്ങളായ ജൈവ ബണ്ടിംഗിനു പകരം പൈലിന്റെയും സ്ലാബിന്റെയും ഉപയോഗം, ബണ്ടിന്റെ ഉയരം നിശ്ചയിക്കുക എന്നിവ മത്സ്യ പ്രജനനവും അവയുടെ പതിവായുള്ള ഭക്ഷണ രീതി എന്നിവയെ ബാധിക്കുന്നതിനു പുറമേ വെള്ളപ്പൊക്ക പ്രതലം കുറയ്ക്കുന്നതിനും ജലപ്പരപ്പുള്ള പ്രദേശം കുറയുന്നതിനും ഇടയാക്കി.
- നെൽകൃഷിക്ക് അനുയോജ്യമല്ലാത്ത റാണി-ചിത്തിര ബ്ലോക്കുകളുടെ പുറം ബണ്ടുകൾ ശക്തിപ്പെടുത്തിയതു കാരണം ₹17.31 കോടിയുടെ നിഷ്ഫലമായ

ചെലവിനിടയാക്കി. ഈ തുകകൾ നടപ്പിലാക്കുവാൻ അനുമതിയുള്ള പദ്ധതികൾക്കോ ആസന്നമായ പ്രകൃതി ദുരന്ത സാദ്ധ്യതയുള്ള കാര്യങ്ങൾക്കോ ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയുമായിരുന്നു.

- റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നതുപോലെ ഉപ്പുവെള്ളം പ്രതിരോധിക്കാനുള്ള ജോലികൾ പൂർത്തീകരിക്കാത്തതിനാൽ 2010-11 മുതൽ 2012-13 വരെ ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം ₹16.25 കോടിയുടെ വിളനാശം ഉണ്ടാക്കി.
- കെഐഎൽ-I കീഴിൽ പുറം ബണ്ട് ബലപ്പെടുത്തുന്നതിനു വേണ്ടിയുള്ള 14 ജോലികളുടെ പൂർത്തീകരണത്തിന് അനുവദിച്ച സമയം 2012 മാർച്ചിൽ അവസാനിച്ചുവെങ്കിലും 2013 മാർച്ച് ആയിട്ടും രണ്ടു പണികൾ മാത്രമേ പൂർത്തീകരിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. അതുപോലെ കെഐഎൽ-II പദ്ധതിയിൻ കീഴിലെ മൂന്ന് പണികളും നിർദ്ദിഷ്ട പൂർത്തീകരണ ദിവസമായ 2013 മാർച്ച് 31 കഴിഞ്ഞ് ഒരു വർഷം കടന്നുപോയിട്ടും പൂർത്തിയാകാതെ അവശേഷിക്കുന്നു. ജലസേചന വകുപ്പിന്റെ ഭാഗത്തുള്ള അശ്രദ്ധയാലാണ് ജോലികൾ നിശ്ചയിച്ച പ്രകാരം പൂർത്തീകരിക്കുവാൻ സാധിക്കാത്തതും അത് പിന്നീടുവരുന്ന കേന്ദ്ര വിഹിത തവണകൾ അനുവദിക്കാതിരിക്കുന്നതിനും തന്മൂലം കർഷകർക്ക് ഉദ്ദേശിച്ച ഗുണഫലങ്ങൾ നിഷേധിക്കപ്പെടുന്നതിനിടയാക്കി.

2.2.12 ശിപാർശകൾ

- പാരിസ്ഥിതികമായി പ്രാധാന്യ പദ്ധതികൾ നടപ്പിലാക്കുന്നതിന് ജിഒകെ ഫലപ്രദമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.
- പദ്ധതി നടപ്പിലാക്കേണ്ട വകുപ്പുകൾ/ഏജൻസികൾ കൈവരിച്ച പുരോഗതി അവലോകനം ചെയ്യുന്നതിന്/ മേൽ നിരീക്ഷിക്കുന്നതിന് വിവിധ കമ്മിറ്റികൾ പതിവായി യോഗം ചേരേണ്ടതാണ്.
- ജിഐെ അനുവദിച്ച പദ്ധതികളിൽ ചെലവ് ചെയ്യുന്നതിന് അനുവദിക്കാത്ത ബാക്കി ഫണ്ട് ലഭിക്കുന്നതിന് ഫലപ്രദമായ നടപടികൾ കൈക്കൊള്ളേണ്ടതും പദ്ധതിയുടെ നടത്തിപ്പ് ത്വരിതഗതിയിലാക്കേണ്ടതും അങ്ങനെയാകിൽ പ്രത്യേക ടിഎസ്സ്ബി അക്കൗണ്ടിൽ ഫണ്ട് വ്യർത്ഥമായി അവശേഷിക്കാതെയുമാകും.
- അനുമതി ലഭിക്കാത്ത പദ്ധതികളിൽ ജിഐെയിൽ നിന്ന് സത്വര അനുമതി

ലഭിക്കുന്നതിന് ശ്രമങ്ങൾ തുടങ്ങേണ്ടതാണ്.

- ശിപാർശകളിൽ നിന്നുള്ള വ്യതിയാനങ്ങൾ പ്രത്യേകിച്ച് കുട്ടനാടിന്റെ പരിസ്ഥിതിയെ സംബന്ധിക്കുന്നവ ഒഴിവാക്കേണ്ടതാണ്.
- ബണ്ടുകളിൽ വിള്ളലുണ്ടാക്കുന്നതിന് സാദ്ധ്യതയുള്ള പാടശേഖരങ്ങൾക്ക് മുൻഗണന നൽകേണ്ടതും എംഎസ്എസ്ആർഎഫ് ശിപാർശ ചെയ്ത ബാക്കിനിൽക്കുന്ന 28 ഉപ്പുവെള്ളം പ്രതിരോധിക്കുന്നതിനുള്ള സംവിധാനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ കൈക്കൊള്ളേണ്ടതാണ്.
- കെഐഎൽ-I ലെയും II ലെയും പദ്ധതികൾ ഫാസ്റ്റ് ട്രാക്കിൽപ്പെടുത്തി കാലതാമസം കൂടാതെ ജോലി പൂർത്തിയാക്കേണ്ടതുമാണ്.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

24.07.2019-ലെ യോഗത്തിൽ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

68. 10 വർഷത്തെ വെള്ളപ്പൊക്ക അളവിന്റെ ശരാശരി കണക്കിലെടുത്ത് ബണ്ടിന്റെ ഉയരം നിശ്ചയിക്കുന്നതിന് പകരം ബണ്ടിന്റെ ഉയരം 25 വർഷത്തെ വെള്ളപ്പൊക്കത്തിന്റെ ശരാശരി കണക്കിലെടുത്ത് നിർണ്ണയിച്ചതിനാൽ ബണ്ടിന്റെ വിഭാഗങ്ങളും ചെലവ് കൂടി എന്ന ആഡിറ്റ് നിരീക്ഷണം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. സി.ഡബ്ല്യൂ.സിയുടെ മാർഗനിർദ്ദേശം അനുസരിച്ചാണ് 25 വർഷത്തെ ശരാശരി എടുത്തതെന്നും, ശരാശരി 30 സെ.മി. അധികമായി വന്നതുകൊണ്ടാണ് ഉയരം സംബന്ധിച്ച വ്യത്യാസം വന്നതെന്നും ചീഫ് എഞ്ചിനിയർ, കുട്ടനാട് പാക്കേജ് സമിതിയെ അറിയിച്ചു. പ്രൊപ്പോസൽ സി.ഡബ്ല്യൂ.സിയിലേയ്ക്ക് അയച്ചപ്പോൾ നിർദ്ദേശിച്ച പ്രകാരമാണ് ബണ്ടിന്റെ ഉയരം കൂട്ടിയതെന്നും. സി.ഡബ്ല്യൂ.സിയുടെ നിർദ്ദേശാനുസരണം പ്രോജക്ട് നടപ്പിലാക്കിയാൽ മാത്രമേ ഫണ്ട് റീ-ഇംപേഴ്സ് ചെയ്ത് ലഭിക്കുകയുള്ളൂ എന്നും ജലവിഭവ വകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു.

69. പുറം ബണ്ടുകൾ ളുണ്ടം, സ്ലാബും കൊണ്ട് നിർമ്മിച്ചത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. കായലിനെ അഭിമുഖീകരിക്കുന്ന ഏറ്റവും വടക്കേ അറ്റത്തുള്ള പാടശേഖരങ്ങളിൽ കൽക്കെട്ട് ഉപയോഗിച്ച് പുറംബണ്ട് കെട്ടുന്നത് പ്രായോഗികം

ആയിരുന്നില്ലെന്നും മുൻപുണ്ടായിരുന്ന ബണ്ടുകൾ പൊളിഞ്ഞുപോയിരുന്നുയെന്നും അതിനാൽ ഏറ്റവും അനുയോജ്യം റീഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ചുള്ള നിർമ്മാണരീതിയാണെന്നും, ചീഫ് എഞ്ചിനിയർ സമിതിയെ അറിയിച്ചു. സ്വാമിനാഥൻ കമ്മിറ്റിയുടെ ശുപാർശയിൽ പൈൽ ആൻഡ് സ്ലാബ് പാടില്ലെന്ന് പറഞ്ഞതിന്റെ കാരണം സമിതി ആരാഞ്ഞതിന്, ഡോ.എം.എസ്.സ്വാമിനാഥൻ പങ്കെടുത്ത പ്രൊസ്പിരിറ്റി കൗൺസിലിന്റെ ഒരു മീറ്റിംഗിൽ വളരെ അത്യാവശ്യം വേണ്ടുന്ന സ്ഥലങ്ങളിൽ ഡിസൈൻ അനുസരിച്ച് പൈൽ ആന്റ് സ്ലാബ് ചെയ്യുന്നതിനുള്ള തീരുമാനമെടുത്തിരുന്നുവെന്നും, ആകെ 1200 കി.മി. ഔട്ടർ ബണ്ടുകൾ നിർമ്മിക്കാനുള്ളതിൽ 5% (60KM) ഭാഗത്തുമാത്രമാണ് പൈൽ ആന്റ് സ്ലാബ് രീതിയിൽ പുറം ബണ്ട് നിർമ്മിച്ചതെന്നും, ബാക്കി ഭാഗങ്ങളിൽ കല്ലുകൾ ഉപയോഗിച്ച് തന്നെയാണ് ബണ്ട് നിർമ്മിച്ചിരിക്കുന്നതെന്നും ചീഫ് എഞ്ചിനിയർ കൂട്ടിച്ചേർത്തു.

70. റാണി, ചിത്തിര പാടശേഖരങ്ങളുടെ പുറമെയുള്ള ബണ്ട് നിർമ്മിച്ചത് അനാവശ്യമായിരുന്നു എന്നും അതൊരു അബദ്ധം ആയിരുന്നു എന്നും ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ സമ്മതിച്ചത് സംബന്ധിച്ച് എന്താണ് വകുപ്പിന്റെ അഭിപ്രായം എന്ന് സമിതി ആരാഞ്ഞു. പ്രോജക്ട് അതോറിറ്റിയുമായി കൺസൾട്ട് ചെയ്യാതെയാണ് ഏതോ ഓഫീസർ അഭിപ്രായം പറഞ്ഞതെന്നും, മീറ്റിംഗിലെ തീരുമാനങ്ങൾക്കേ പ്രാധാന്യമുള്ളു എന്നും, സെക്രട്ടറി അറിയിച്ചു. ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥർ ഏജിയുടെ മീറ്റിംഗിൽ പറഞ്ഞത് ആധികാരികരേഖയാണെന്ന് അഭിപ്രായപ്പെട്ട സമിതി ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ മറുപടിയിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തി. 2015-16 മുതൽ റാണി, ചിത്തിര പാടശേഖരങ്ങളിൽ കൃഷി ചെയ്യുന്നുണ്ടെന്ന് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

71. സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്താതെയാണോ പ്രോജക്ട് ആരംഭിച്ചതെന്നും, ഡി.പി.ആർ തയ്യാറാക്കുന്നതിന് മുമ്പ് സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടതല്ലേ എന്നും സമിതി ആരാഞ്ഞതിന് ഡി പി ആർ തയ്യാറാക്കുന്നതിന് മുമ്പ് മണ്ണ് പരിശോധന നടത്തിയിരുന്നതായും, അഡ്മിനിസ്ട്രേറ്റീവ് സാംങ്ഷൻ ലഭിക്കുന്നതിനു വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് ശേഷമാണ് ടി.എസിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്നും, ആ സമയത്താണ് സോയിൽ ഇൻവെസ്റ്റിഗേഷനും മറ്റ് കാര്യങ്ങളും ചെയ്യുന്നതെന്നും ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. കുട്ടനാട് പോലെ വളരെ

ലോലമായ പ്രദേശങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ നടത്തുന്ന സമയത്ത് ആദ്യം മണ്ണ് പരിശോധന നടത്തുകയായിരുന്നു വേണ്ടതെന്നും, ടി.എസ് കൊടുക്കുന്ന സമയത്തുപോലും മണ്ണ് പരിശോധന നടത്താതെ പ്രവൃത്തി നടപ്പാക്കുന്ന സമയത്താണ് ടെസ്റ്റ് നടത്തിയിരിക്കുന്നതെന്നും സമിതി നിരീക്ഷിച്ചു. സാമ്പിൾ ടെസ്റ്റിംഗ് നടത്തിയതായാണ് മനസ്സിലാക്കിയതെന്ന ചീഫ് എഞ്ചിനിയറുടെ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി ഒരു വകുപ്പിനെ പ്രതിനിധീകരിച്ച് യോഗത്തിൽ പങ്കെടുക്കുമ്പോൾ കാര്യങ്ങൾ കൃത്യമായി പഠിച്ച് മറുപടി നൽകണമെന്ന് സമിതി കർശന നിർദ്ദേശം നൽകി. ജലവിഭവ വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തിയ സമിതി കെ.ഇ.ൽ II പദ്ധതിയുടെ നടത്തിപ്പിനായി ഡിപിആർ തയ്യാറാക്കുന്നതിന് മുമ്പായി സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്താതിരുന്നതിന്റെ കാരണവും ടി.എസ്. ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപായി സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയിരുന്നോയെന്നതും സാംപിൾ ടെസ്റ്റിംഗ് ആയിരുന്നോ പൂർണ്ണതോതിലുള്ള ടെസ്റ്റിംഗ് ആണോ എന്നതും സംബന്ധിച്ചും സോയിൽ ടെസ്റ്റ് നടത്തിയ/ പൂർത്തീകരിച്ച തീയതി ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു.

72. തോട്ടപ്പള്ളി സ്പിൽവേയും തണ്ണീർമുക്കം ബണ്ടും നിർമ്മിച്ചതിനാൽ ഷട്ടർ ഇടുമ്പോൾ ലീക്കേജ് പൂർണ്ണമായും തടയാൻ കഴിയുന്നുണ്ടെന്നും, താല്ക്കാലിക ബണ്ടിന്റെ നിർമ്മാണം ഒഴിവാക്കിയതായും തോട്ടപ്പള്ളി സ്പിൽവേയുടെ സ്റ്റെയിൻലസ് സ്റ്റീൽ ഷട്ടർ മാറ്റിയതായും തണ്ണീർമുക്കം ബണ്ടിന് പ്രളയത്തിൽ സംഭവിച്ച തകരാറുകൾ പരിഹരിക്കുന്നതിനായി ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും, ചീഫ് എഞ്ചിനിയർ സമിതിയെ അറിയിച്ചു. പ്രസ്തുത ആഡിറ്റ് പരാമർശം (2.2.9.2.(vii)) സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

സമിതി ആരാഞ്ഞ അധികവിവരത്തിന്മേൽ ലഭ്യമാക്കിയ സർക്കാർ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

73. എ.ജി. യുടെ യോഗത്തിൽ റാണി, ചിത്തിര പാടശേഖരങ്ങളുടെ പുറം ബണ്ടുകളുടെ നിർമ്മാണം അനാവശ്യമായിരുന്നുവെന്ന് ഒരു ജലസേചന വകുപ്പ് ഉദ്യോഗസ്ഥന്റെ കമന്റിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ പ്രോജക്ട് അതോറിറ്റിയുമായി കൺസൾട്ട്

ചെയ്യാതെയാണ് ഏതോ ഒരു ഓഫീസർ അഭിപ്രായം പറഞ്ഞതെന്ന് സെക്രട്ടറി മറുപടി നൽകുകയുണ്ടായി. എന്നാൽ ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഏ.ജി.യുടെ മീറ്റിംഗിലെ വെളിപ്പെടുത്തൽ ആധികാരിക രേഖയാണെന്ന് അഭിപ്രായപ്പെട്ട സമിതി ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തുന്നു.

74. കുട്ടനാട്ടിലെ പോലെ പരിസ്ഥിതി ലോല പ്രദേശങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ നടത്തുമ്പോൾ പ്രാഥമികമായി മണ്ണ് പരിശോധന നടത്തുകയായിരുന്നു വേണ്ടതെന്നും എന്നാൽ പ്രസ്തുത പരിശോധന കൂടാതെ ടി.എസ്. നൽകിയതായും പ്രവൃത്തി നിർവ്വഹണ വേളയിൽ മാത്രമാണ് മണ്ണു പരിശോധന നടത്തിയിട്ടുള്ളതെന്നും സമിതി നിരീക്ഷിക്കുന്നു. കെഇഎൽ II പദ്ധതിയുടെ നടത്തിപ്പിനായി ചില പ്രദേശങ്ങളിൽ സാമ്പിൾ മണ്ണ് പരിശോധന നടത്തിയിരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ പ്രദേശത്തും മണ്ണ് പരിശോധന നടത്താതിരുന്നതിനാൽ ചില പ്രദേശങ്ങളിലെ മണ്ണിന്റെ ഘടനാ വ്യത്യാസത്തെ തുടർന്ന് അധിക പ്രവൃത്തികൾ ഏറ്റെടുക്കേണ്ടിവന്നുവെന്ന് സമിതി കരുതുന്നു. ആയതിനാൽ ഇപ്രകാരമുള്ള പ്രവൃത്തികളുടെ നിർവ്വഹണത്തിന് മുമ്പ് പ്രാഥമിക ഘട്ടത്തിൽ ശരിയായ മണ്ണ് പരിശോധന നടത്തണമെന്നും അതിനുശേഷം മാത്രമേ സാങ്കേതിക അനുമതി നൽകുവാൻ പാടുള്ളൂവെന്നും സമിതി കർശനമായി നിർദ്ദേശിക്കുന്നു.

75. കരിയാർ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിയുടെ കരാറിൽ ഉൾപ്പെട്ടിട്ടുള്ള റിംഗ് ബണ്ട് നിർമ്മാണം എന്ന പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയത് ആയതിന്റെ അളവുകളിൽ വ്യക്തമായ ധാരണയില്ലാതെയാണെന്ന് സമിതി നിരീക്ഷിക്കുന്നു. നിർമ്മാണ പ്രവൃത്തിയിലെ പ്രധാന ഐറ്റമായ റിംഗ് ബണ്ടിന്റെ നിർമ്മാണത്തിന്റെ ഡിസൈനിൽ മാറ്റം വരുത്തേണ്ടി വരുകയും ഇതുമൂലം 73.36 ലക്ഷത്തിന്റെ അധിക ചെലവുണ്ടായതായും സമിതി മനസ്സിലാക്കുന്നു. ഇത്തരം നിർമ്മാണ പ്രവർത്തനങ്ങളിൽ മേൽ സൂചിപ്പിച്ച പ്രകാരമുള്ള അലംഭാവം ഉണ്ടാകാതെയിരിക്കുവാൻ വകുപ്പ് ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

76. കുട്ടനാട് വികസന പാക്കേജ് എന്ന വികസനോന്മുഖമായ ഒരു പദ്ധതിയിലൂടെ കേന്ദ്ര സഹായം സംസ്ഥാനത്തിന് ലഭ്യമായിട്ടും ആയത് ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ വകുപ്പുകളുടെ അശ്രദ്ധ കാരണം സാധിച്ചില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത പദ്ധതി ശരിയായ രീതിയിൽ പ്രാവർത്തികമാക്കിയിരുന്നുവെങ്കിൽ

കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്ക ദുരിതങ്ങൾ കഴിവതും ഒഴിവാക്കാമായിരുന്നുവെന്ന് സമിതി കരുതുന്നു. ആയതിനാൽ കുട്ടനാട് പാക്കേജിന്റെ തുടർന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വകുപ്പുകൾ ജാഗ്രതയോടെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കൃഷി വകുപ്പ്

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2016 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ഇക്കണോമിക്സ് സെക്ടർ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.1)

4.1 ഇന്റർനെറ്റ് ടച്ച് സ്ക്രീൻ കിയോസ്കുകൾ സ്ഥാപിച്ചതിൽ ₹88.92 ലക്ഷത്തിന്റെ പാഴ്ച്ചെലവ്

കർഷകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനു വേണ്ടി കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ ഓഫീസുകളിലും, കൃഷിഭവനുകളിലുമായി ₹88.92 ലക്ഷം ചെലവിൽ സ്ഥാപിച്ച 76 ഇന്റർനെറ്റ് ടച്ച് സ്ക്രീൻ കിയോസ്കുകൾ, ആവശ്യമായ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യാത്തതുകൊണ്ടും മിക്ക കർഷകർക്കും ഈ കിയോസ്കുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയാത്തതിനാലും നിഷ്ഫലമായി.

ഭാരത സർക്കാരിന്റെ കാർഷിക മന്ത്രാലയം (കൃഷി-സഹകരണ വകുപ്പ്) ദേശീയ ഇ-ഭരണ പദ്ധതി-കൃഷിയുടെ ഒന്നാംഘട്ടം ₹227.79 കോടി പദ്ധതിച്ചെലവിൽ കേന്ദ്രത്തിലും കേരളം ഉൾപ്പെടെ ഏഴ് സംസ്ഥാനങ്ങളിലും നടപ്പാക്കുന്നത് അംഗീകരിച്ചിരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 90:10 എന്ന അനുപാതത്തിൽ പദ്ധതി ചെലവുകൾ പങ്കിടണം. സർക്കാർ ഓഫീസുകൾ, ഇന്റർനെറ്റ് ടച്ച് സ്ക്രീൻ കിയോസ്കുകൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കിസാൻ കോൾ സെന്ററുകൾ, കാർഷിക-ക്ലിനിക്കുകൾ, പൊതു സർവ്വീസ് സെന്ററുകൾ, മൊബൈൽ ഫോണുകൾ തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ ബന്ധപ്പെട്ട കക്ഷികൾക്ക് സേവനങ്ങൾ നൽകാൻ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. പദ്ധതിയുടെ വ്യത്യസ്ത ഘടകങ്ങൾ ആയ നിർദ്ദിഷ്ട സ്ഥലം ഒരുക്കൽ, പരിശീലന കേന്ദ്രങ്ങൾ, കമ്പ്യൂട്ടർ വാങ്ങലും കണക്ടിവിറ്റിയും, മാനവശേഷി മുതലായവയുടെ ചെലവിലേക്കായി 2010-11 മുതൽ 2012-13 വരെ കാർഷിക മന്ത്രാലയം ₹3.57 കോടിയും, കേരള സർക്കാർ ₹30.88 ലക്ഷവും കേരള സംസ്ഥാന

ഏജൻസിയായ സമേതിയ്ക്ക്[29] നൽകി.

പദ്ധതിയുടെ ഘടകങ്ങളിലൊന്നായ ഇന്റർനെറ്റ് ടച്ച് സ്ക്രീൻ കിയോസ്കുകൾ സ്ഥാപിച്ച് ജില്ലകളിലെ പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർമാരുടെ നിർദ്ദേശങ്ങളനുസരിച്ച് അവ ഇന്റർനെറ്റ് വഴി 'ഫാർമേഴ്സ് പോർട്ടലുമായി' ബന്ധിപ്പിക്കുന്നത് വഴി കൃഷി, മാർക്കറ്റിംഗ്, കാലാവസ്ഥാ പ്രവചനം, വരൾച്ചാ ദുരിതാശ്വാസവും അതിന്റെ നിർവ്വഹണവും, പരിശീലനം, കാർഷിക ഉത്പന്നങ്ങളുടെ ഇറക്കുമതിയും കയറ്റുമതിയും, പദ്ധതികളുടെ മേൽനോട്ടം മുതലായ കർഷകർക്കാവശ്യമായ വിവിധതരം കാലികപ്രാധാന്യമുള്ള വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള ഒരു ഉപകരണമായി അവ വർത്തിയ്ക്കുന്നു. അതിൻപ്രകാരം, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ കാര്യാലയം, കൃഷിഭവനുകൾ എന്നിവിടങ്ങളിലായി 76 കിയോസ്കുകൾ സ്ഥാപിച്ചു. കിയോസ്കുകൾ വിതരണം ചെയ്യാനും അവ സ്ഥാപിക്കാനും മെ.ഹ്യൂലറ്റ് പക്കാർഡിനെയും (എച്ച്.പി.) കിയോസ്കുകളിൽ ആവശ്യമായ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനും ഇൻസ്റ്റാൾ ചെയ്യുന്നതിനും നാഷണൽ ഇൻഫോമാറ്റിക്സ് സെന്ററിനെയും (എൻഐസി) കാർഷിക മന്ത്രാലയം ചുമതലപ്പെടുത്തി. വിത്തുകൾ, കീടനാശിനികൾ, വളം, കാർഷിക യന്ത്രങ്ങൾ, പരിശീലനം, കാലാവസ്ഥ, വില, മാർക്കറ്റിംഗ്, വരൾച്ചാ ദുരിതാശ്വാസവും അതിന്റെ നിർവ്വഹണവും, ഇറക്കുമതിക്കും കയറ്റുമതിക്കും വേണ്ടിയുള്ള ഇലക്ട്രോണിക് സാക്ഷ്യപ്പെടുത്തൽ തുടങ്ങി, 12 ക്ലസ്റ്ററുകളിലുള്ള സേവനങ്ങളെ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനാവശ്യമായ സൊല്യൂഷൻ ഡിസൈൻ ആന്റ് സിസ്റ്റം റിക്വയർമെന്റ് സ്പെസിഫിക്കേഷൻ വികസിപ്പിക്കുക, അവ നടപ്പിലാക്കുക, സോഫ്റ്റ്‌വെയറിന് സപ്പോർട്ട് നൽകുക തുടങ്ങിയവ എൻഐസി ചെയ്യണമായിരുന്നു. എച്ച്.പി, 2013 ജൂൺ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ഒരു കിയോസ്കിനു ₹1.17 ലക്ഷം വച്ച് 76 കിയോസ്കുകൾ സ്ഥാപിച്ചു. എന്നാൽ ഈ കിയോസ്കുകൾ സ്ഥാപിക്കുന്ന സമയത്ത് സോഫ്റ്റ്‌വെയർ തയ്യാറാക്കാൻ എൻഐസിയ്ക്ക് കഴിഞ്ഞില്ല. ആവശ്യമായ സോഫ്റ്റ്‌വെയർ എൻഐസി സ്ഥാപിക്കാത്തതിനാൽ കേരള കാർഷിക സർവ്വകലാശാല (കെഎയു) വികസിപ്പിച്ച ഒരു സ്റ്റാന്റ് എലോൺ സോഫ്റ്റ്‌വെയർ ₹25 ലക്ഷം ചെലവിൽ കൃഷി വകുപ്പ് ഇൻസ്റ്റാൾ ചെയ്തു. എന്നാൽ കെഎയു നൽകിയ സോഫ്റ്റ്‌വെയർ, പ്രധാനപ്പെട്ട 12

29 സ്റ്റേറ്റ് അഗ്രികൾച്ചർ മാനേജ്മെന്റ് & എക്സ്റ്റൻഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്.

ധാന്യവിളകളെപ്പറ്റിയും അവയിലെ വിവിധ ഇനങ്ങൾ, കൃഷി രീതികൾ, ഇവയെ ബാധിയ്ക്കുന്ന കീടങ്ങളും രോഗങ്ങളും, കൃഷി സംരക്ഷണം തുടങ്ങിയ മുൻകൂട്ടി തയ്യാറാക്കിയ വിവരങ്ങൾ മാത്രമാണ് നൽകിയിരുന്നത്.

വകുപ്പുതല ഉദ്യോഗസ്ഥരോടൊപ്പം സംയുക്ത പരിശോധനയ്ക്ക് വിധേയമാക്കിയ 18 കിയോസ്കുകൾ ഉൾപ്പെടെ 41 കിയോസ്കുകളുടെ ബന്ധപ്പെട്ട രേഖകളുടെ ഓഡിറ്റ് പരിശോധനയിൽ യുപിഎസ് പ്രവർത്തിനരഹിതമായതിനാലും സോഫ്റ്റ്‌വെയർ ശരിയായ വിധം ഇൻസ്റ്റാൾ ചെയ്യാത്തതിനാലും 21 കിയോസ്കുകൾ പ്രവർത്തിക്കുന്നില്ല എന്ന് കണ്ടെത്തി.

കൃഷി സംബന്ധമായ ആവശ്യങ്ങൾക്കായി കൃഷിഭവനുകളാണ് കർഷകർ കൂടുതലും സന്ദർശിയ്ക്കുന്നതെങ്കിലും, ബ്ലോക്ക് തലത്തിൽ കർഷകർക്ക് പരിമിതമായ പ്രാപ്യത (ഞായറും അവധി ദിവസങ്ങളും ഒഴികെ സാധാരണ ഓഫീസ് പ്രവർത്തനസമയത്തു മാത്രം) മാത്രമുള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ കാര്യാലയങ്ങളിൽ[30] ആണ് കിയോസ്കുകൾ പ്രധാനമായും സ്ഥാപിച്ചിട്ടുള്ളത്. വകുപ്പുതല ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പത്തുസ്ഥലങ്ങളിലായി ഓഡിറ്റ് നടത്തിയ സർവേയിൽ (2016 നവംബർ മുതൽ 2017 ജനുവരി വരെ) പകുതിയിലധികം കർഷകരും കിയോസ്കുകൾ സ്ഥാപിച്ചതിനെക്കുറിച്ചോ അവയുടെ ഉദ്ദേശ്യത്തെക്കുറിച്ചോ ബോധവാന്മാരല്ലെന്ന് കണ്ടെത്തി.

കർഷക സമൂഹത്തിന്റെ കാർഷികപരമായ അവബോധം വർദ്ധിപ്പിക്കുന്നതിന് കാർഷിക രംഗത്ത് ഉണ്ടാകുന്ന ഏറ്റവും പുതിയ വിവരങ്ങളും വികാസപരിണാമങ്ങളും നൽകി കർഷകരെ മുൻപന്തിയിലെത്തിക്കുന്നതിന് ദേശീയ ഇ-ഭരണ പദ്ധതി (കൃഷി)യുടെ കീഴിൽ ₹88.92 ലക്ഷം[31] ചെലവിട്ട് സ്ഥാപിച്ച 76 കിയോസ്കുകൾ അവയുടെ ഉദ്ദേശ്യലക്ഷ്യം കൈവരിച്ചില്ല. മാത്രമല്ല, അധികം കർഷകർക്കും കിയോസ്കുകൾ സ്ഥാപിച്ചതിനെക്കുറിച്ചും അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചും അറിവുണ്ടായിരുന്നില്ല.

ഓഡിറ്റിന്റെ കണ്ടെത്തലുകൾ സർക്കാരിനെ അറിയിക്കുകയും (2016 ഡിസംബർ) അവർ അത് അംഗീകരിക്കുകയും, കർഷകർക്ക് കൂടുതൽ

30 76 കിയോസ്കുകളിൽ 60 എണ്ണവും കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ കാര്യാലയങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത്, 16 എണ്ണം കൃഷി ഭവനുകളിലും.

31 ₹1.17 ലക്ഷം x 76 (കിയോസ്കുകൾ)

ഉപയോഗപ്രദമായ രീതിയിൽ കിയോസ്കുകൾ മാറ്റി സ്ഥാപിക്കാൻ ഭാരതസർക്കാരുമായി ഇക്കാര്യം ഏറ്റെടുക്കുമെന്നും സോഫ്റ്റ്‌വെയറിന്റെ മലയാളം പതിപ്പ് ലഭ്യമാക്കുവാൻ എൻഐസിയുമായി ബന്ധപ്പെടുന്നതാണെന്നും അറിയിച്ചു.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

15.05.2019-ലെ യോഗത്തിൽ ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

77. കർഷകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനുവേണ്ടി കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ ഓഫീസുകളിലും, കൃഷി ഭവനുകളിലുമായി 88.92 ലക്ഷം രൂപ ചെലവിൽ സ്ഥാപിച്ച 76 ഇന്റർനെറ്റ് ടച്ച് സ്ക്രീൻ കിയോസ്കുകൾ, ആവശ്യമായ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യാത്തതുകൊണ്ടും മിക്കകർഷകർക്കും ഈ കിയോസ്കുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയാത്തതിനാലും നിഷ്ഫലമായി എന്നുള്ള ആഡിറ്റ് ഖണ്ഡികയിലെ പരാമർശം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സമിതി വിശദീകരണം ആരാഞ്ഞു.

78. കേരളം ഉൾപ്പെടെയുള്ള ഏഴ് സംസ്ഥാനങ്ങളിൽ പൈലറ്റ് പ്രോജക്ടായി 2013 ൽ ഗവൺമെന്റ് ഓഫ് ഇന്ത്യ നാഷണൽ ഇ-ഗവേണൻസ് പദ്ധതി തുടങ്ങുകയും, കേരളത്തിന് രണ്ട് ബ്ലോക്കുകൾക്ക് ഒരു കിയോസ്ക് എന്ന രീതിയിൽ 732 കമ്പ്യൂട്ടറുകളോടൊപ്പം 76 കിയോസ്കുകൾ കൂടി അനുവദിക്കുകയും ചെയ്തിരുന്നു. ഗവൺമെന്റ് ഓഫീസുകൾ, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, അഗ്രിക്ലിനിക്, കിസാൻ കോൾസെന്ററുകൾ, മൊബൈൽ ഫോൺ തുടങ്ങിയ മാധ്യമങ്ങൾ വഴി കാർഷിക മേഖലയെ സംബന്ധിക്കുന്ന സമഗ്ര വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്നും യോഗത്തിൽ ഹാജരായ കൃഷി ഡയറക്ടറേറ്റ് ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ഐ.ടി.) താഴെകാണും പ്രകാരം വിശദീകരണം നൽകി.

79. കിയോസ്കുകൾ എല്ലാം പ്രവർത്തിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞു. ആകെ 76 കിയോസ്കുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്നും 5 വർഷത്തെ വാറന്റി ഉണ്ടെന്നും, ഇലക്ട്രോണിക് സാധനം ആയതിനാലും സാധാരണ സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്നതുകൊണ്ടും ഈർപ്പമുള്ള മേഖലയായതുകൊണ്ടും ഇടയ്ക്കിടെ

കേട്ടപാടുകൾ സംഭവിക്കുന്നുണ്ടെന്നും, പദ്ധതി പരിഹാരത്തിനായി ഹെൽപ് ഡെസ്ക് ഏർപ്പെടുത്തിയിട്ടുണ്ടെന്നും പരാതി രജിസ്റ്റർ ചെയ്യുന്നതിനനുസരിച്ച് കേന്ദ്ര സർക്കാരിന്റെ സർവ്വീസ് ടീം സർവ്വീസ് ചെയ്തു നൽകുന്നുണ്ടെന്നും, 7 കിയോസ്കുകളുമായി ബന്ധപ്പെട്ട പരാതികളാണ് ലഭിച്ചിട്ടുള്ളതെന്നും, 43 കിയോസ്കുകൾ പ്രവർത്തിക്കുന്നതിന്റെ ഫോട്ടോ സഹിതമുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നോംസ് പ്രകാരം ബ്ലോക്ക് തലത്തിൽ മാത്രമേ കിയോസ്കുകൾ സ്ഥാപിക്കാൻ പാടുള്ളു എന്നും അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ സമിതിയെ അറിയിച്ചു.

80. കിയോസ്കുകളിൽ എൻ.ഐ.സി. വികസിപ്പിച്ച സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യാതിരുന്നത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. എൻ.ഐ.സി. തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ 'എൻവിസാൻ' എന്ന പോർട്ടലുമായാണ് കണക്ട് ചെയ്തിട്ടുള്ളതെന്നും, പ്രസ്തുത പോർട്ടലിൽ പോയാൽ കേരളത്തിൽ നിരോധിച്ചിട്ടുള്ള കീടനാശിനികളെക്കുറിച്ചും അനുയോജ്യമല്ലാത്ത കൃഷിരീതികളെ സംബന്ധിച്ചുമുള്ള വിവരങ്ങളായിരിക്കും കർഷകർക്ക് ലഭിക്കുന്നതെന്നും അതുകൊണ്ടാണ് കാർഷിക സർവ്വകലാശാലയുടെ മേൽനോട്ടത്തിൽ ജൈവകൃഷി രീതിക്ക് മുൻഗണന നൽകി മലയാളത്തിലും ഇംഗ്ലീഷിലും പ്രസന്റേഷൻ തയ്യാറാക്കി ഇൻസ്റ്റാൾ ചെയ്തതെന്നും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സമിതിയെ അറിയിച്ചു. കേരളം സ്വന്തമായി പ്രസന്റേഷൻ തയ്യാറാക്കി ഇൻസ്റ്റാൾ ചെയ്തപ്പോൾ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഭാഗത്ത് നിന്ന് എതിർപ്പൊന്നും ഉണ്ടായില്ലെന്നും, അഡ്മിനിസ്റ്റേറ്റീവ് ഓഫീസർ കൂട്ടിചേർത്തു.

81. കൃഷി സംബന്ധമായ ആവശ്യങ്ങൾക്കായി കർഷകർ കൃഷി ഭവനാണ് കൂടുതൽ സന്ദർശിക്കുന്നത് എന്നതിനാൽ കിയോസ്കുകൾ കൃഷി ഭവനിൽ സ്ഥാപിക്കുന്നതായിരിക്കും ഏറെ ഉചിതം എന്ന് ഓഡിറ്റ് നിർദ്ദേശിച്ചതനുസരിച്ച് ഇപ്പോൾ 31 കിയോസ്കുകൾ കൃഷിഭവനുകളിലേയ്ക്ക് മാറ്റിയിട്ടുണ്ടന്നും, എന്നാൽ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പോളിസി പ്രകാരം കിയോസ്കുകൾ ബ്ലോക്ക് തലം വരെ നൽകാനേ വ്യവസ്ഥയുള്ളു എന്നും അഡ്മിനിസ്റ്റേറ്റീവ് ഓഫീസർ സമിതിയിൽ അറിയിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ചുള്ള വകുപ്പിന്റെ മറുപടി അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

82. കർഷകർക്ക് ആവശ്യമായ വിവിധതരം കാലിക പ്രാധാന്യമുള്ള വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനായി കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ ഓഫീസുകളിലും, കൃഷി ഭവനുകളിലുമായി 88.92 ലക്ഷം രൂപ ചെലവിൽ 76 ഇന്റർനെറ്റ് ടച്ച് സ്ക്രീൻ കിയോസ്കുകൾ സ്ഥാപിച്ചുവെങ്കിലും ആയതിനെ കുറിച്ചോ അവയുടെ ഉദ്ദേശ്യ ലക്ഷ്യത്തെ കുറിച്ചോ കർഷകർ ബോധവാന്മാരല്ലെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ കർഷക സമൂഹത്തിന് കാർഷികപരമായ അവബോധം വർദ്ധിപ്പിക്കുന്നതിനും കാർഷിക രംഗത്ത് ഉണ്ടാകുന്ന ഏറ്റവും പുതിയ വിവരങ്ങളും വികാസ പരിണാമങ്ങളും മനസിലാക്കുന്നതിനുമായി കിയോസ്കുകളെക്കുറിച്ചും അവയുടെ ഉപയുക്തത സംബന്ധിച്ചുമുള്ള ക്ലാസുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ച് കർഷകർക്ക് ഇതു സംബന്ധിച്ച വിവരം നൽകുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

83. കൃഷി സംബന്ധമായ ആവശ്യങ്ങൾക്കായി കർഷകർ കൃഷി ഭവനെയാണ് കൂടുതൽ ആശ്രയിക്കുന്നത് എന്നതിനാൽ കിയോസ്കുകൾ കൃഷി ഭവനിൽ സ്ഥാപിക്കുന്നതായിരിക്കും ഉചിതം എന്ന ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 31 കിയോസ്കുകൾ കൃഷിഭവനിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നും എന്നാൽ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പോളിസി പ്രകാരം കിയോസ്കുകൾ ബ്ലോക്ക്തലം വരെ നൽകാനേ വ്യവസ്ഥയുള്ളൂ എന്നും സമിതി മനസിലാക്കുന്നു. ആയതിനാൽ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഇത് സംബന്ധിച്ച പോളിസികൾ പരിശോധിച്ച് കർഷകർക്ക് ഏറ്റവും ഉപകാരപ്രദമായ രീതിയിൽ 80% കിയോസ്കുകളെങ്കിലും കൃഷി ഭവനുകളിൽ തന്നെ സ്ഥാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പ്രവർത്തനരഹിതമായ കിയോസ്കുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2016 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ഇക്കണോമിക് സെക്ടർ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.2.)

4.2 പൊക്കാളി നെല്ല് കൊയ്ത്തുയന്ത്രത്തിന്മേൽ വന്ന നിഷ്ക്രിയ ചെലവ്.

പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനത്തിൽ കണ്ടെത്തിയ വൈകല്യങ്ങൾ പരിഹരിയ്ക്കാതെ കേരള കാർഷിക സർവ്വകലാശാല പൊക്കാളി നെല്ല് കൊയ്ത്തുയന്ത്രം വാങ്ങാൻ തീരുമാനിച്ചത് ₹51.48 ലക്ഷം ചെലവഴിച്ച് വാങ്ങിയ കൊയ്ത്തുയന്ത്രം നിഷ്ക്രിയമാകാൻ ഇടയാക്കി.

കേരള കാർഷിക സർവ്വകലാശാല (കെഎയു) സമർപ്പിച്ച ഒരു പദ്ധതിയെ അടിസ്ഥാനപ്പെടുത്തി മൂന്ന് കോടി രൂപ ചെലവിൽ 'നൂതന കൃഷിഭൂമി യന്ത്രവൽക്കരണ വികസനം' എന്ന പദ്ധതി (ഡിഐഎഫ്എം) നടപ്പിലാക്കാൻ കേരള സർക്കാർ (കൃഷി വകുപ്പ്) ഭരണാനുമതി നൽകി (2009 ഫെബ്രുവരി).

'പൊക്കാളി'[32] നെല്ല് കൊയ്ത്തുയന്ത്രത്തിന്റെ വികസനവും, പരീക്ഷണവും, കമ്മീഷൻ ചെയ്യുന്നതും, ഈ പദ്ധതിയുടെ ഒരു ഘടകം ആയിരുന്നു. വെള്ളം കെട്ടിക്കിടക്കുന്ന കൃഷിഭൂമിയിൽ നിന്നും നെല്ല് കൊയ്യുന്നതിന് വെള്ളത്തിലും കരയിലും ഒരു പോലെ ഉപയോഗിക്കാവുന്ന കൊയ്ത്തു യന്ത്രമായാണ് പൊക്കാളി കൊയ്ത്തുയന്ത്രം വിഭാവനം ചെയ്തിരിക്കുന്നത്. നെൽകൃഷിയിൽ വൻതോതിലുള്ള കുറവ് കണ്ടുവരുന്ന പൊക്കാളി പ്രദേശങ്ങളിലെ ചതുപ്പ് നെൽവയലുകളിൽ കൃഷിക്ക് വേണ്ടിവരുന്ന ഉയർന്ന മുതൽമുടക്കും തൊഴിലാളി ക്ഷാമവും മറികടക്കുക എന്നതായിരുന്നു കൊയ്ത്തുയന്ത്രം വികസിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം. കേരള കാർഷിക സർവ്വകലാശാല തുറന്ന ദർഘാസ് ക്ഷണിയ്ക്കുകയും (2011 സെപ്റ്റംബർ) ഈ യന്ത്രത്തിന്റെ വികസനവും പരീക്ഷണവും കമ്മീഷൻ ചെയ്യുന്നതുമായ പ്രവൃത്തികൾ ഏറ്റവും കുറഞ്ഞ തുക വിളിച്ച ലേലക്കാരന്[33] (വിതരണക്കാരൻ) ₹51.48 ലക്ഷത്തിന് നൽകി. വിതരണക്കാരൻ കൊയ്ത്തുയന്ത്രം കമ്മീഷൻ ചെയ്യുകയും (2013 നവംബർ) കേരള കാർഷിക സർവ്വകലാശാല അന്തിമ ബിൽ ഒടുക്കുകയും ചെയ്തു (2013 ഡിസംബർ).

പദ്ധതി നിർവ്വഹണത്തിൽ സഹായിക്കുന്നതിനായി രൂപീകരിച്ച സാങ്കേതിക ഉപദേശക സമിതി, പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനത്തിൽ കൊയ്ത്തുയന്ത്രത്തിന്റെ കട്ടിംഗ് യൂണിറ്റിൽ ചില സാങ്കേതിക തകരാറുകൾ ചൂണ്ടിക്കാണിക്കുകയും (2013 ആഗസ്റ്റ്) വിതരണക്കാരൻ പരിഹാര നടപടികൾ എടുത്തു

32 നെല്ലും ,ചെമ്മീനും ഇടവിട്ട് കൃഷി ചെയ്യുന്ന ഉപ്പുകലർന്ന വെള്ളം നിറഞ്ഞ നിലങ്ങൾ.
33 മെ. കേളചന്ദ്ര പ്രിസിഷൻ എഞ്ചിനീയേഴ്സ്, കോട്ടയം

എന്ന് ഉറപ്പുവരുത്താൻ കേരള കാർഷിക സർവ്വകലാശാലയോട് നിർദ്ദേശിക്കുകയും ചെയ്തതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നാൽ ഈ തകരാറുകൾ പരിഹരിക്കാതെ തന്നെ വിതരണക്കാരൻ കൊയ്ത്തുയന്ത്രം കമ്മീഷൻ ചെയ്യുകയും (2013 നവംബർ) കേരള കാർഷിക സർവ്വകലാശാല അന്തിമ ബിൽ ഒടുക്കുകയും ചെയ്തു. (2013 ഡിസംബർ). പദ്ധതി നടത്തിപ്പിന് വേണ്ടി രൂപം കൊണ്ട പദ്ധതി ഉപദേശക സമിതിയുടെ ചെയർമാൻ കൊയ്ത്തുയന്ത്രത്തിന്റെ അധിക വലിപ്പത്തിലും പൊക്കാളി പ്രദേശങ്ങളിൽ പ്രവർത്തിക്കുമ്പോൾ ഇവ നിയന്ത്രിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളിലും തന്റെ ആശങ്ക പ്രകടിപ്പിച്ചിരുന്നു (2014 ജനുവരി).

കരാർ വ്യവസ്ഥയിലെ ഖണ്ഡിക 7(ബി) പ്രകാരം കരാർ ലംഘനം വഴി സർവ്വകലാശാലയ്ക്ക് കരാറുകാരൻ മുഖേന എന്തെങ്കിലും വിധത്തിലുള്ള കഷ്ടനഷ്ടങ്ങൾ ഉണ്ടായാൽ നഷ്ടപരിഹാരം എത്രയെന്ന് തീരുമാനിക്കുന്നതിനും അത് ഈടാക്കുന്നതിനും സർവ്വകലാശാലയ്ക്ക് പൂർണ്ണ അധികാരം ഉണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ കേരള കാർഷിക സർവ്വകലാശാല ഈ അധികാരം വിനിയോഗിക്കാതെ മുഴുവൻ തുകയും ഒടുക്കി.

₹51.48 ലക്ഷം ചെലവഴിച്ച് വാങ്ങിയ പൊക്കാളി നെല്ലുകൊയ്ത്തുയന്ത്രം അതിന്റെ വിഭാവനം ചെയ്ത ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ പരാജയപ്പെടുകയും കഴിഞ്ഞ മൂന്നു വർഷമായി നിഷ്ക്രിയമായി കിടക്കുകയുമാണ് (2017 മാർച്ച്). കൊയ്ത്തുയന്ത്രം വികസിപ്പിച്ചത് വിവിധ വശങ്ങൾ പരിഗണിച്ച് ഒരു ആശയപരമായ രൂപകൽപ്പന അടിസ്ഥാനമാക്കിയാണെന്നും എന്നാൽ, യന്ത്രത്തിന്റെ വലിപ്പക്കൂടുതൽ കാരണം പ്രവർത്തനസമയത്ത് പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടെന്നും സർക്കാർ മറുപടി നൽകി (2017 മാർച്ച്). യന്ത്രത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി കേരള കാർഷിക സർവ്വകലാശാല ഒരു ബിരുദാനന്തര പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും സർക്കാർ കൂട്ടിച്ചേർത്തു.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

08.05.2019-ലെ യോഗത്തിൽ ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

84. കേരളകാർഷിക സർവ്വകലാശാലയുടെ വിഭാവനയിലും സാങ്കേതിക ഉപദേശ പ്രകാരവും പൊക്കാളികൃഷിയുടെ വിളവെടുപ്പിനായി നിർമ്മിച്ചെടുത്ത കൊയ്ത്ത് യന്ത്രം ഉപയോഗശൂന്യമാണെന്നും ആയതിനാൽ ഇതിനായി ചെലവാക്കിയ തുക നിഷ്ഫലമാണെന്നുമാണ് ആഡിറ്റ് ഖണ്ഡികയിലെ പരാമർശം. ഇപ്രകാരമൊരു ആഡിറ്റ് പരാമർശം വന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞു.

85. പൊക്കാളി നെൽകൃഷി വിളവെടുപ്പിനുവേണ്ടി കാർഷിക സർവ്വകലാശാലയുടെ ഉപദേശപ്രകാരം നിർമ്മിച്ചതാണ് പൊക്കാളി നെല്ല് കൊയ്ത്തുയന്ത്രമെന്നും, എന്നാൽ യന്ത്രം നിർമ്മിച്ചപ്പോൾ അതിന്റെ വലിപ്പം കൂടിപ്പോയതുകൊണ്ട് ഉപയോഗ യോഗ്യമാക്കുവാൻ കഴിഞ്ഞില്ലെന്നും ഇപ്പോൾ ടി യന്ത്രം പഠനാവശ്യത്തിനായി ഉപയോഗിക്കുന്നുണ്ടെന്നും കാർഷിക സർവ്വകലാശാല ഡീൻ സമിതിയെ അറിയിച്ചു. പൊക്കാളി നെല്ല് കൊയ്ത്തുയന്ത്രം നിർമ്മിച്ചത് വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാനല്ലെന്നും, പൊക്കാളി കൃഷിയിലെ നെല്ല് കൊയ്യുന്നതിനു വേണ്ടിയാണെന്നും സമിതി ചൂണ്ടിക്കാട്ടി. പൊക്കാളി നെല്ല് കൊയ്ത്തുയന്ത്രത്തിന്റെ ഡിസൈനും ഫാബ്രിക്കേഷനും ആരാണ് ചെയ്തതെന്ന സമിതിയുടെ ചോദ്യത്തിന് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഒരു റിസർച്ച് പ്രോജക്ടിന്റെ ഭാഗമായുണ്ടാക്കിയ ഡിസൈൻ, ഫാബ്രിക്കേറ്റ് ചെയ്തത് കേളചന്ദ്രപ്രസിഷൻ എഞ്ചിനീയേഴ്സ് എന്ന സ്വകാര്യ കമ്പനിയാണെന്നും, സർവകലാശാലയ്ക്ക് യന്ത്ര നിർമ്മാണത്തിനുള്ള സൗകര്യമില്ലെന്നും, ആദ്യ ശ്രമമായതിനാൽ സൈസിലും കട്ടിംഗ് മെക്കാനിസത്തിലും കുറച്ച് പോരായ്മകളുണ്ടായെന്നും, ഇതെല്ലാം തിരുത്തിക്കൊണ്ടുള്ള പുതിയ ഡിസൈൻ പോസ്റ്റ് ഗ്രാജ്വേറ്റ് റിസർച്ചിന്റെ ഭാഗമായി ചെയ്തിട്ടുണ്ടെന്നും, പുതിയ ഡിസൈനിലുള്ള യന്ത്ര നിർമ്മാണത്തിനായി കുറച്ച് ഫണ്ട് ആവശ്യമുണ്ടെന്നും, ഏതെങ്കിലും നല്ല നിർമ്മാണ യൂണിറ്റിനെക്കൊണ്ട് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ എന്നും സർവ്വകലാശാല ഡീൻ സമിതിയ്ക്ക് മറുപടി നൽകി. സർവ്വകലാശാലയുടെ ഡിസൈൻ അനുസരിച്ചാണ് നിർമ്മാണം നടത്തിയിരിക്കുന്നതെന്നും ഡിസൈനിലാണ് അപാകത സംഭവിച്ചതെന്നും ഡീൻ സമിതിയെ അറിയിച്ചു.

86. പൊക്കാളി കൊയ്ത്ത് യന്ത്രത്തിന്റെ ഡിസൈനിലുണ്ടായ പിഴവിന് നിർമ്മാതാക്കളെ കുറ്റപ്പെടുത്താൻ സാധിക്കുകയില്ലെന്നും, 51.48 ലക്ഷം രൂപയാണ് ഇതിനായി ചെലവാക്കിയിരിക്കുന്നതെന്നും, കാർഷിക ആവശ്യത്തിനായി രൂപകൽപന ചെയ്ത്

നിർമ്മിച്ച യന്ത്രം പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ ഇപ്പോൾ ഗവേഷണ വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനായി ഉപയോഗിക്കുന്നതു കൊണ്ട് നഷ്ടമില്ല എന്ന വാദഗതിയോട് യോജിക്കാൻ കഴിയുകയില്ലെന്നും സമിതി വ്യക്തമാക്കി.

87. യന്ത്രം ഡിസൈൻ ചെയ്യുമ്പോൾ പൊക്കാളി പാടശേഖരം കണ്ട്, അതിന്റെ സവിശേഷതകൾ വിലയിരുത്തിയിരുന്നോ എന്ന് സമിതി ആരാഞ്ഞതിന്, പൊക്കാളി പാടശേഖരത്തിന്റെ പ്രത്യേകതകളൊക്കെ മനസ്സിലാക്കിയിരുന്നെന്നും, ആദ്യത്തെ ശ്രമമായതിനാലാണ് വീഴ്ച വന്നതെന്നും, വലിയ വലിപ്പമുള്ള യന്ത്രം ആയതുകൊണ്ട് ഒരു പാടത്ത് നിന്ന് മറ്റൊന്നിലേയ്ക്ക് എത്തിക്കാനുള്ള ബുദ്ധിമുട്ടാണ് പ്രധാന പ്രശ്നമെന്നും, പാടത്തിറക്കി കൊയ്യാൻ സാധിക്കുന്നുണ്ടെന്നും, കുറച്ചുകൂടി ചെറിയ ഒരു മെഷിനാണ് വേണ്ടിയിരുന്നതെന്നും ആയതിന്റെ ഡിസൈൻ തയ്യാറാക്കിയതായും കാർഷിക സർവ്വകലാശാല ഡീൻ മറുപടി നൽകി.

88. പൊക്കാളി പാടം സാധാരണ പാടം പോലെ കൊയ്യാൻ സാധിക്കില്ലെന്നും വെള്ളത്തിലിറങ്ങി കൊയ്യേണ്ട മെഷിനാണ് ഡിസൈൻ ചെയ്യേണ്ടിയിരുന്നതെന്നും, നിർമ്മിച്ച മെഷീന് വലിപ്പം കൂടിപ്പോയതുകൊണ്ട് പാടത്ത് ഇറക്കാൻ പറ്റാത്ത സ്ഥിതിയാണുള്ളതെന്നും സമിതി വിലയിരുത്തി. തുടർന്ന് ഈ വിഷയത്തിൽ കൃഷി വകുപ്പിന്റെ അഭിപ്രായം സമിതി ആരാഞ്ഞു. പൊക്കാളി കൊയ്ത്ത് യന്ത്ര നിർമ്മാണം ഒരു റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് പ്രോജക്ടാണെന്നും, ഇപ്പോഴുള്ള ഡിസൈനിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഐ.സി.എ.ആർ-ന്റെ സാങ്കേതിക ഉപദേശം തേടാമെന്നും കൃഷി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. എന്നാൽ ഐ.സി.എ.ആർ-നെ സമീപിച്ചെങ്കിലും അവർ താല്പര്യം കാണിച്ചില്ലെന്നും യന്ത്രത്തിന്റെ വലിപ്പം 50 ശതമാനം കുറയ്ക്കുന്ന രീതിയിൽ റീഡിസൈൻ ചെയ്തതായും കാർഷിക സർവ്വകലാശാലാ ഡീൻ സമിതിയെ അറിയിച്ചു. പൊക്കാളി കൃഷി ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലൊന്നുമില്ല എന്നും വെള്ളത്തിലും കരയിലും ഒരുപോലെ ഉപയോഗിക്കാവുന്ന ആംഫിബിയൻ മാതൃകയിലുള്ള യന്ത്രമാണ് വേണ്ടതെന്നും, ഐ.സി.എ.ആർ.പോലുള്ള സ്ഥാപനങ്ങളുടെ സഹായം തേടുന്നത് നല്ലതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. കളപറിക്കുന്ന തിനായി ഒരു പുതിയ യന്ത്രം വികസിപ്പിച്ചെടുത്തെന്നും അത് ഇപ്പോഴുള്ള യന്ത്രത്തിന്റെ

ഡിസൈനുമായി സാമ്യമുണ്ടെന്നും, പ്രവർത്തനമെല്ലാം ഒരുപോലെയാണെന്നതിനാൽ അത് പ്രായോഗികമാക്കാവുന്നതാണെന്നും കാർഷിക സർവ്വകലാശാല ഡീൻ സമിതിയെ അറിയിച്ചു.

89. വെള്ളത്തിൽ ചലനാത്മകമായതും ഭാരം കുറഞ്ഞതുമായ യന്ത്രങ്ങളാണ് വേണ്ടതെന്നും പൊക്കാളിപ്പാടങ്ങളിൽ ഉപ്പുവെള്ളമായതിനാൽ സാന്ദ്രത കൂടുതലാണെന്നും, അതിന് പറ്റിയ മാതൃക ഗവേഷണത്തിലൂടെ കണ്ടെത്തേണ്ടതാണെന്നും, അതിനായി ഇന്ത്യയ്ക്കകത്തു നിന്നോ ജപ്പാൻ, കൊറിയ പോലുള്ള വിദേശരാജ്യങ്ങളിൽ നിന്നോ കൃത്യവും ശാസ്ത്രീയവുമായ സഹായം സ്വീകരിക്കാവുന്നതുമാണെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടു.

90. നിലവിലുള്ള യന്ത്രത്തിന് വലിപ്പത്തിന്റെ പോരായ്മ മാത്രമേയുള്ളൂ എന്നും മെഷീൻ ലോറിയിൽ കൊണ്ടുപോയി ആവശ്യമായ സ്ഥലത്ത് ഇറക്കി കൊയ്യാൻ സാധിക്കുമെന്നും സമിതി വിലയിരുത്തി. പുറമെ നിന്നുള്ള സഹായം ഇല്ലാതെ പൊക്കാളി കൊയ്ത്ത് യന്ത്രം നിർമ്മിക്കാൻ കഴിയുമോ എന്നുള്ളത് ആലോചിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

91. ഇന്ത്യയിൽ തന്നെ ആദ്യമായി ആംഫിബിയൻ ഹാർവെസ്റ്റർ നിർമ്മിക്കാനുള്ള കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ഉദ്യമം ആർ & ഡി യുടെ ഭാഗമായി അക്കാദമിക താത്പര്യത്തോടെ ചെയ്തതാണെന്ന് സമിതി നിരീക്ഷിക്കുകയും ഡിസൈനിലുള്ള പിഴവുമൂലമാണ് അപാകത ഉണ്ടായതെന്ന് കണ്ടെത്തിയ സമിതി ഇക്കാര്യത്തിൽ ഉണ്ടായ ചെലവ് ദുരുപയോഗം ചെയ്തതാണെന്ന് പറയാൻ കഴിയില്ലെന്നും വ്യക്തമാക്കി.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

92. ഇന്ത്യയിൽ തന്നെ ആദ്യമായി ആംഫിബിയൻ ഹാർവെസ്റ്റർ നിർമ്മിക്കാനുള്ള കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ഉദ്യമം റിസർച്ച് ആന്റ് ഡവലപ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി അക്കാദമിക താത്പര്യത്തോടെ നിർവ്വഹിച്ചതാണെന്നും ഡിസൈനിലുള്ള പിഴവുമൂലമാണ് അപാകത ഉണ്ടായതെന്നും ഇക്കാര്യത്തിൽ ഉണ്ടായ ചെലവ് ദുരുപയോഗം ചെയ്തതാണെന്ന് പറയാൻ കഴിയില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.

